### അധ്യായം എട്ട്

# ആധുനികകവിത രണ്ടാം ഘട്ടം: നാടോടിത്താളങ്ങളും താളഘടകങ്ങളും

ആധുനികകവിതയുടെ രണ്ടാം ഘട്ടത്തിൽ പൊതുവെ കാണുന്ന രൂപപരമായ പരീക്ഷണങ്ങൾക്ക് പ്രധാനമായ പ്രേരകശക്തി നാടോടിപ്പാട്ടുകളായിരുന്നുവെന്ന് 'ഛന്ദോമുക്തകാവ്യരൂപശില്പം' എന്ന ലേഖനത്തിൽ അയ്യപ്പപ്പണിക്കർ വ്യക്തമാക്കിയിട്ടുണ്ട്.[1] എങ്കിലും എല്ലാ രൂപപരീക്ഷണങ്ങളിലും നാടോടിത്താളങ്ങളുടെ സാന്നിധ്യം പ്രകടമാകണമെന്നില്ല. വരി മുറിച്ചും മുറിക്കാതെയുമുള്ള ഗദ്യത്തിലെഴുതിയ കവിതകൾ ഉദാഹരണം. അത്തരം കവിതകളിൽ വൈയക്തികമായ താളബോധത്തിനാണ് കൂടുതൽ പ്രാധാന്യം. എന്നാൽ മുക്തച്ഛന്ദസ്സിന്റെ വിവിധമാതൃകകളിൽ കവിയുടെ വൈയക്തികമായ താളബോധം പ്രവർത്തിക്കുമ്പോൾത്തന്നെ ചില താളഘടകങ്ങളുടെ സാന്നിധ്യത്തിലൂടെ സാമാന്യവത്ക്കരിക്കപ്പെട്ട ഒരു തലവും കാവ്യരൂപത്തിനു ലഭിക്കുന്നു. ആധുനികതയുടെ രണ്ടാം ഘട്ടത്തിൽ പ്രബലമായ താളമാതൃകയെന്ന നിലയിൽ മുക്തച്ഛന്ദസ്സിനു പ്രാധാന്യമുണ്ട്. പല വിധത്തിലുള്ള മുക്തച്ഛന്ദസ്സുകളിൽ രചിക്കപ്പെട്ട കവിതകളും നാടോടിത്താളഘടകങ്ങളുടെ സാന്നിധ്യമുള്ള കവിതകളുമാണ് ഈ അധ്യായത്തിൽ വിശദമാക്കുന്നത്. മുക്തച്ഛന്ദസ്സിലുള്ള കവിതകൾക്കിടയിലാണ് പല നാടോടിത്താളങ്ങളുടെയും സാന്നിധ്യമുള്ളത് എന്നതും ശ്രദ്ധേയമാണ്.

**8. 1. മുക്തച്ഛന്ദസ്സ്**

**8. 1. 1. താളഗണങ്ങളുടെ അടിസ്ഥാനത്തിൽ ഗതിക്രമത്തെ അടിസ്ഥാനമാക്കിയത്.**

**8. 1. 1. 1. ത്ര്യശ്രഗതി (മൂന്നു മാത്ര)**

ലഘു, ഗുരു എന്ന ക്രമത്തിലുള്ള പഞ്ചചാമരത്തിന്റെയും ഗുരു, ലഘു എന്ന ക്രമം പിന്തുടരുന്ന പര്യസ്തചാമരത്തിന്റെയും ഗണങ്ങൾ ഇടകലർത്തുകയും ഒപ്പം ഒരു ഗണത്തിൽ

മൂന്നു ലഘുവക്ഷരം വിന്യസിക്കുകയും ഓരോ വരിയിലെയും ഗണസംഖ്യയെക്കുറിച്ചുള്ള വൃത്തനിയമത്തിൽ പലപ്പോഴും അശ്രദ്ധമാവുകയും ചെയ്യുന്ന ഒരു താളമാതൃക ആധുനികകവിതയിൽ പ്രചാരം നേടിയിട്ടുണ്ട്.

അയ്യപ്പപ്പണിക്കരുടെ പ്രിയതമേ, പ്രഭാതമേ! ഈ ഗതിക്രമത്തിലാണ്:

പ്രിയത/മേ, പ്ര/ഭാത/മേ!

വി/രിഞ്ഞു/നിന്നെ/ നോക്ക/ിടുന്ന/ പൂവു/കൾക്കു/ദാര/ശോഭ/

ചൊരിയു/വാനെ/ാരുങ്ങി/വരും/ വൈഭ/വപ്ര/ഭാവ/മേ! [2]

ഒന്നാം വരിയിലെ അന്ത്യാക്ഷരവും രണ്ടാം വരിയിലെ ആദ്യക്ഷരവും ചേർന്ന് ചൊൽവടിവിൽ ഒരു ഗണമാകുന്നത് ശ്രദ്ധേയം.

എൻ. എൻ കക്കാടിന്റെ നിശാമുഖം എന്ന കവിതയിൽനിന്ന് ഉദാഹരണം:

കരിപു/രണ്ടു/ നിൽക്കു/മീ ക/നത്തു/റഞ്ഞ/ സന്ധ്യ/യിൽ

വിറയെ/ഴുന്ന/ വിളറി/ടുന്ന/ ദീപ/സഞ്ച/യം

തെരുവി/ലശ്രു/ബിന്ദു/പോലെ/യറ്റു/വീഴു/മോ? [3]

സച്ചിദാനന്ദന്റെ തപസ്സ് എന്ന കവിതയിൽനിന്ന് ഒരു ഭാഗം:

പിറകിൽ/നിന്നു/മുയരു/മേതു/ ഭ്രാന്ത/രോദ/നം?

പി/നാകി/യോട/നംഗ/വിധവ/തൻ നി/വേദ/നം:

എവിടെ/ നാഥ,/ ഞാൻ നി/നക്കു/ ചെയ്ത/തില്ല/ വിപ്രി/യം

പരിഭ/വിച്ചു/ രതിയെ/വിട്ടു/ നീ മ/റഞ്ഞി/തോ? [4]

ഭാഷാവൃത്തമായ അന്നനടയ്ക്ക് മൂന്നു മാത്രയുള്ള ത്ര്യശ്രഗതിയുടെ സ്വഭാവമാണ്. അതിന്റെ വരികളുടെ ഘടനയിൽ സ്വാതന്ത്ര്യമുപയോഗിക്കുന്നതിന് ആറ്റൂരിന്റെ സംക്രമണത്തിൽനിന്ന് ഉദാഹരണം:

ഒരു/ കുറ്റി/ച്ചൂല്-/

ഒരു/ നാറ/ത്തേപ്പ്-/ഞെണു/ങ്ങിയ/ വക്കാർ-/

ന്നൊരു/ കഞ്ഞി/പ്പാത്രം-/

ഒര/ട്ടിമ/ണ്ണിവൾ/ [5]

കടമ്മനിട്ടയുടെ വരകൾ വർണങ്ങൾ എന്ന കവിത മറ്റൊരുദാഹരണം:

വര/കൾ, വർ/ണങ്ങൾ/

വെളു/ത്ത നാ/ദങ്ങൾ/

ഇമ/കളിൽ/ മുട്ടി/

വിട/രുവാൻ/ മടി/

വിടർ/ത്തുവാൻ/ കൊതി/ [6]

സച്ചിദാനന്ദന്റെ ഒരു ജീവിതത്തിന്റെ അവശിഷ്ടങ്ങൾ എന്ന കവിതയിൽനിന്ന് ഉദാഹരണം:

ഇതു/ നിന/ക്കു ഞാ/നയ/യ്ക്കുന്നു,/

മഹാ/മര/ണവാ/പിക്കു/ മടി/യിൽനി/ന്നു ഞാൻ/

പെറു/ക്കിക്കൂ/ട്ടിയ/ വിഫ/ലജീ/വിത/ശക/ലങ്ങൾ./ [7]

വിനയചന്ദ്രന്റെ വഴികൾ എന്ന കവിതയ്ക്കും ഇതേ ഘടനയാണ്:

കറ/ക്കം നിർ/ത്തുമ്പോ/ളൊടു/ക്കം പ/മ്പരം/

നിന/ക്കു നീ/ മാത്രം,/

എനി/ക്കു ഞാൻ/ മാത്രം./

ഒരു/ മുഴു/വൻ നീ/

ഒരു/ പകു/തി ഞാൻ/

-ഇവി/ടെ ഈ/ വഴി/ [8]

കുഞ്ഞുണ്ണിയുടെ ഒരു കവിത:

അക/ത്തു കാ/ണ്മോരും/ പുറ/ത്തു കാ/ണ്മോരും/

പെരു/ത്തു മാ/ണ്മോരെ/ന്നിരി/ക്കുകി/

ലൊരേ/ തര/ക്കാരാ/ണല്ലോ/ [9]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയിൽനിന്ന്ഉദാഹരണം:

തരു/വതെ/ന്തു ഞാൻ/ നിന/ക്ക്?

ഉ/ള്ളിലെ/പ്പുക/ക്കറ/ വീണ/ കര/ച്ചിലോ?/

ചിറ/കൊടി/ഞ്ഞ പ്രാ/വിന്റെ/ മര/ണമോ?/

ചിത/ലെടു/ത്തൊരി/ പ്രേത/ലിപി/കളോ?/ [10]

**8. 1. 1. 2. ത്ര്യശ്രഗതി 6 മാത്ര**

അയ്യപ്പപ്പണിക്കരുടെ മുറിവ് എന്ന കവിതയിലെ ചില വരികൾ:

പകലെത്ര വെ/ളുത്താലും/

രാവെത്ര ക/റുത്താലും/

പകലോടു/ പകലൊരു/

വട്ടം തി/കഞ്ഞാലെൻ/

പടിവാതിൽ/ കണ്ണീരി/ലാണ്ടുനിൽ/ക്കും [11]

എൻ. എൻ. കക്കാടിന്റെ ഊർണ്ണനാഭി മറ്റൊരുദാഹരണം:

പുണ്യമാം/ മാസപ്പി/റവിത/ന്നൂറ്റത്തി-/

ലങ്ങാടി/ച്ചീടിനെ/ വെല്ലുമ്പോ/ഴും

നാനാവ/മാനക്ക/ടന്നൽ കു/ത്താ-

തോരോ ദി/നവുമ/റുത്തെടു/ക്കുമ്പൊഴും/ [12]

കാവാലം നാരായണപ്പണിക്കരുടെ ഉണർത്തു പാട്ട് ഈ വിഭാഗത്തിൽപ്പെടുന്നു:

ആന വ/രും മുമ്പേ/ മണിയോശ/ വേണെങ്കി-/

ലാനക്ക/ഴുത്തുമ്മേൽ/ മണികെട്ടി/നയ്യാ/

മണികിണി/കേട്ടാലും/ തുയിലുണ/രാത്തോരേ/

അമ്പല/മോന്തായം/ കത്തുന്ന/തുണ്ടേ [13]

കടമ്മനിട്ടയുടെയുടെ 'കുട്ടികൾക്കൊരു കഥ'യിലും ഈ ഗതിക്രമം കാണാം:

കുട്ടികളെ,/ നിങ്ങൾക്ക്/

പൂക്കളി/റുക്കണോ?/ കായ പ/റിക്കണോ?/

തേൻകനി/യുണ്ണണോ?/ എങ്കിൽ

മീളുവിൻ/ മണ്ണിൽനി/ന്നാക്കx/ണ്ണ്

ഭ്രാന്തന്റി/ടംകണ്ണു/ തിരികെക്കൊ/ടുക്കിൻ./ [14]

സച്ചിദാനന്ദന്റെ 'തകരട്ടെ' മറ്റൊരുദാഹരണം:

തകരട്ടേ/ തിരുഹൃദയം/

പതിനാറായ്/ പതിനായിര/മായ്

ഒഴുകട്ടേ/ തിരുരക്തം/

നടുമുറ്റ,/ത്തുലകാകെ./ [15]

വിനയചന്ദ്രന്റെ നിഴലുതിന്നുന്ന നായ എന്ന കവിത:

നാലു ക/ണ്ണുള്ളൊരു/ നായ,x/ വെള്ളത്തിൻ/

മോളിൽ ന/ടക്കുന്ന നായ/

പൂട്ടിയ/ വാതിലും/ കൂട്ടിയ/ തീയതും/

കൂട്ടാക്കാ/തുള്ളൊരു/ നായ

എങ്ങും ക/യറിയി/റങ്ങും

എണ്ണുന്ന/തിൻമുമ്പു/ വാങ്ങും [16]

ഉപസർപ്പിണി എന്ന വൃത്തം ഈ ഗതിക്രമത്തിലുള്ളതാണ്. അതിൽ സ്വാതന്ത്ര്യമെടുക്കുന്ന വരികൾക്ക് വിനയചന്ദ്രന്റെ സമയമാനസത്തിൽനിന്ന് ഉദാഹരണം:

ഒരു ന/ദി, കിളിക്കൂട്ടം

മുടിയഴി/ച്ചൊരു പ്ര/വാസി/

ഘനമേഘ/ഹൃദയങ്ങൾ/

പഴയ/ വാച്ചുകൾ/ കാട്ടുതീ/

പന്തയ/ക്കുതിര/ കോമാളി/

ഭ്രാന്താശു/പത്രികൾ/ [17]

ഈ രീതിക്ക് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയിൽനിന്ന് ഉദാഹരണം:

അതിഥി/കൾ പൊയ്ക്ക/ഴിഞ്ഞു.

കാ/ലൊച്ചകൾ/ തെരുവിൽ/ വേച്ചൊടു/ങ്ങുന്നു.

മ/നസ്സിന്റെ/ തറ നി/റയെസ്സി/ഗരറ്റു/കുറ്റികൾ/

ഫലിത/ഭാഷണോ/ച്ഛിഷ്ടങ്ങൾ./

മേശമേൽ,/

പകുതി/ മോന്തിയ/ പാനപാ/ത്രങ്ങളിൽ/

മറവി/തൻ ജലം/ [18]

**8. 1. 1. 3. ചതുരശ്രഗതി**

ഒരു ഗണത്തിൽ നാലു മാത്ര വീതമുള്ള ഈ ഗതിക്രമമാണ് അയ്യപ്പപ്പണിക്കരുടെ ഒരു നാൾ എന്ന കവിതയ്ക്കുള്ളത്:

ചങ്ങ/മ്പുഴയൊരു/ കൈക്കു/ഞ്ഞാ-

യെൻ തോ/ളിലമർ/ന്നുകിട/ന്നു

തള്ളവി/രൽചു/റ്റീമ്പി/ കണ്ണീ/

രുള്ളതു/ മുഴുവനൊ/ഴുക്കി/ [19]

എം. ഗോവിന്ദന്റെ കിളിപ്പാട്ട് എന്ന കവിത ചതുരശ്രഗതിയിലുള്ള മുക്തഛന്ദസ്സാണ്:

ഒരു കിളി/ കൂര/മ്പിൽ;

ഒരു കിളി/ തിരുമു/മ്പിൽ.

മുനിയെഴു/നേറ്റു ന/ടക്കു/ന്നു

മുനയും/ മുള്ളുമെ/ടുക്കു/ന്നു

കിളിയുടെ/ മിഴിമുന/ കൂമ്പ/ുന്നു

ഒളിപോ/യഴിയും/ പൂപോ/ലെ [20]

എൻ. എൻ. കക്കാടിന്റെ ദുഃഖം എന്ന കവിത മറ്റൊരുദാഹരണം:

രാവിൽ/ പാറ്റിയ/ മഴയേ-/

റ്റാവിയു/റന്നൊരു/ തെരുവിൽ/

കാലുക/ളെൻ നീൾ/നിഴലിൽ/ത്തന്നെ ച/വിട്ടി-/

പ്പുലരി/ക്കതിരേ/റ്റു നട/ന്നേൻ [21]

കാവാലം നാരായണപ്പണിക്കരുടെ 'ചൂട്ടുപടേണി'ക്ക് ഈ ഗതിക്രമമാണ്:

പണ്ടു ക/ളിച്ചു/

മണ്ണിൽ മ/റന്നു കി/ടക്കും/

ചൂട്ടു പ/ടേണി/ക്കാടു/ന്നുണ്ടേ/-

യാളു/ന്നുണ്ടേ/ സൂര്യ/ന്മാർ! [22]

ആറ്റൂർ രവിവർമ്മയുടെ 'പിതൃഗമനം' ചതുരശ്രഗതിയിലുള്ള മുക്തച്ഛന്ദസ്സാണ്:

പണ്ടൊരു/ വൈശാ/ഖത്തിൽ/

ഗയയിലെ/ വടവൃ/ക്ഷത്തിൻ-/

കൊമ്പിൽ/ പൊന്തിയ/ പൗർണ്ണമി/പോലെ/

നിൻ മു/ക്തിപദം/ തെളിയാ/വൂ [23]

കടമ്മനിട്ടയുടെ പല കവിതകളും ഈ രീതിയിലാണ്. ഉദാഹരണം:

മോഹശ/തങ്ങൾ ദ/ഹിക്കും/ ചിതയിൽ/

ചാരിയി/രിക്കു/ന്നേൻ

xഒരു/ ബീഡി കൊ/ളുത്തി വ/ലിക്കു/ന്നേൻ

കറകൾ ചു/വയ്ക്കും/ പുകയുടെ/ ചുരുളുകൾ/

ഊതി ര/സിക്കു/ന്നേൻ [24]

സച്ചിദാനന്ദന്റെ കവിതയിൽനിന്ന് ഉദാഹരണം:

എൻ ചോ/രയിലു/ണ്ടൊരു സൂ/ര്യൻ

കുങ്കുമ/ഗന്ധം/ വിതറി-/

ച്ചെങ്കനൽ/ ചുറ്റും/ ചിതറി-/

ക്കത്തും/ തരുണാ/ഞ്ചലച/ഞ്ചലസൂ/ര്യൻ [25]

കുഞ്ഞുണ്ണിക്കവിതയിൽനിന്ന് ഉദാഹരണം:

ഇഞ്ഞാ/നിങ്ങനെ/യല്ലാ/തായാ/

ലിബ്ബ്ര/ഫാണ്ഡവു/മിങ്ങനെ/യല്ലാ/തായി/ടും

അമ്പട/ ഞാനേ!/ [26]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ആൾമാറാട്ടം എന്ന കവിത മറ്റൊരുദാഹരണം:

കടലിൽ/ മുങ്ങി മ/രിച്ചൊരു/ മുക്കുവ-/

നമ്പല/വെളിയിൽ/പ്പണ്ടു പി/ശാചു

കു/ഴിച്ച കി/ണറ്റിൽ/പ്പൊന്തി./ [27]

**8. 1. 1. 4. ഖണ്ഡഗതി**

അഞ്ചു മാത്ര വീതമുള്ള ഗണങ്ങളടങ്ങിയ കാകളിവൃത്തത്തിൽ സ്വാതന്ത്ര്യമെടുക്കുന്നത് ആധുനികകവിതയിൽ സാധാരണമാണ്. അയ്യപ്പപ്പണിക്കരുടെ ഇണ്ടൻ എന്ന കവിത ഉദാഹരണം.

ഇണ്ടന/മ്മാവനി/ടംകാലി/ലെച്ചെളി/

സ്വന്തം വ/ലംകാലു/കൊണ്ടു തു/ടച്ചതും/

പിന്നെയി/ടംകാലു/കൊണ്ടു വ/ലംകാൽ തു/ടച്ചതും/

പിന്നെ വ/ലംകാലു/കൊണ്ടിട്ടി/ടംകാൽ തു/ടച്ചതും/ [28]

ഇതിലെ ആദ്യരണ്ടു വരികൾ കാകളിയാണെങ്കിലും മൂന്നും നാലും വരികളിൽ അഞ്ചു മാത്ര വീതമുള്ള അഞ്ചു ഗണങ്ങളുണ്ട്. ഖണ്ഡഗതിയുടെ ഛായ നിലനിർത്തിക്കൊണ്ടുതന്നെ വൃത്തത്തിന്റെ ഒഴുക്കു തടയുന്ന തരത്തിൽ യതികളിൽ കേന്ദ്രീകരിക്കുന്നതാണ് മറ്റൊരു രീതി. ഉദാഹരണം:

xമന്ദ/ഗാമിനി/

ഹേമന്ത/യാമിനി

ഘ/നശ്യാമ/രൂപിണി

വ/രൂ നീ [29]

ഒരു ഗണത്തിൽ അഞ്ചു മാത്ര വീതമുള്ള ഖണ്ഡഗതിയിലുള്ള ഭുജംഗപ്രയാതമെന്ന താളാത്മകമായ സംസ്കൃതവൃത്തത്തിൽ സ്വാതന്ത്ര്യമുപയോഗിക്കുന്ന കവിതകൾ അയ്യപ്പപ്പണിക്കർ എഴുതിയിട്ടുണ്ട്. ഉദാഹരണം:

കുരുക്കു/ത്തിമുല്ല/യ്ക്കു രണ്ടാ/ണു ജന്മം-/ അ-

തൊ/രിക്കൽ ചി/രിക്കാൻ മ/ടിക്കും ജ/നങ്ങൾ [30]

കക്കാടിന്റെ ഇര എന്ന കവിതയിൽനിന്ന് ഉദാഹരണം:

ചക്രവാ/ളത്തിന്റെ/ തൊണ്ടുട-/

ച്ചാരാലു/യിർക്കുമി/രുട്ടിന്നൊ/ടുങ്ങാപ്പ/ശിയും

തി/ളങ്ങും ജി/ഘാംസതൻ/ ക്രൂരമാം/ വേർപ്പിൻ ക/ണങ്ങളും/

വിടരുന്നു,/ വിരിയും ചി/റകിൻ നി/ഴൽകളിൽ/

-ഇനിയെത്ര/ നിമിഷങ്ങൾ?/ [31]

കാവാലം നാരായണപ്പണിക്കരുടെ 'ചിന്തിക്കച്ചോടം' ഈ ഗതിയിലാണ്:

അടിതുടരെ/ മാടിതിനു/

കൂടിവ/ന്നാൽച്ചെറിയ/

കൊതുകുകടി,-/

യിതു വേണ/മടിമുടി തെ/ളിഞ്ഞവനു/

വിരളി കൂ/ടാൻ, പിന്നെ/

മടി വീടി/യുടനോടി-/

യന്തിക്കു/ മുമ്പങ്ങു/ ചന്തയിൽ/ക്കൊണ്ടെ-

ച്ച/രക്കിറ/ക്കേണം [32]

ആറ്റൂരിന്റെ കൂട്ട് എന്ന കവിതയിൽനിന്ന് ചില വരികൾ:

നമ്മൾക്കൊ/രേവൃത്തി;/ വർഗ്ഗവു/മൊന്ന്;

നാ/മെന്നുമൊ/രേ ബിന്ദു/വിൽ

വന്നി/റങ്ങുന്നു;/

ക്ഷേമം ന/മുക്കൊന്നു;/ നമ്മുടെ/

വാച്ചിലെ/ കാലവു/മൊന്നാണ-/

തെത്രയ/ത്യത്ഭുതം!/ [33]

കടമ്മനിട്ടയുടെ സ്വർണനാഗങ്ങൾ ഖണ്ഡഗതിയിലാണ്. ഉദാഹരണം:

പുസ്തക/ത്താളിൽ പു/ലരുന്ന/ വൈദ്യുത/വീചിയിൽ/

പുത്തൻ കി/നാക്കൾക്കു/ ശബ്ദം കൊ/ടുക്കാൻ

കു/തിക്കുന്ന/ ലോലപ്ര/തീക്ഷകൾ/ [34]

സച്ചിദാനന്ദന്റെ ശ്യാമഗീതം ഖണ്ഡഗതിയിലാണ്:

കവിതയിലൊ/തുങ്ങില്ല/

കഥയിലുമൊ/തുങ്ങില്ല/

സൂക്ഷ്മപ/രീക്ഷണ/ക്കുഴലിലുമൊ/തുങ്ങില്ല/ ഞാൻ:

xനീറു/മീ യുഗം/ കണികണ്ട/ മർത്ത്യൻ. [35]

വിനയചന്ദ്രന്റെ ധാരാളം കവിതകൾ ഈ രീതിയിലുണ്ട്. ഉദാഹരണം:

അമ്മേ! പെ/രുംകാള/ി നിന്നല/റും

തുലാ/വർഷം ക/ലിതുള്ളി/വന്നൊഴു/കും

എന്റെ/ കല്ലട/യാറിൽ വ്ര/ണങ്ങൾ ക/ഴുകി

തെ/ളിഞ്ഞ, ചു/ളിഞ്ഞ പ/ഴയ മു/ഖ, ത്തെന്റെ-/

മുത്തശ്ശി/യമ്മതൻ/ പൊന്നുമൂ/ക്കുത്തി:

ഭ/ഗവതി/പ്പാട്ടുമ/തും. [36]

കുഞ്ഞുണ്ണിയുടെ ഒരു കവിത:

പിന്നെ ഞാൻ/ സന്ധ്യയായ്/

പിന്നെയോ/ രാത്രിയായ്/

പിന്നെപ്പ/കലാകു/വാൻ

കഴി/യുന്നതി/ല്ലെന്തുചെ/യ്തിട്ടുമേ/ [37]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ മാപ്പുസാക്ഷി മറ്റൊരുദാഹരണം:

ജോസഫ്,

പൊ/റുക്കുക,/

നാം തമ്മി/ലിത്രമാ/ത്രം

കുരി/ശേറുന്ന/ മർത്ത്യന്റെ/

കത്തിപ്പ/ടരുന്ന/ രക്തമാ/കുന്നു നീ./ [38]

ഭുജംഗപ്രയാതമെന്ന സംസ്കൃതവൃത്തം ഖണ്ഡഗതിയിലുള്ള താളാത്മകമായ വൃത്തമാണ്. അതിൽ സ്വാതന്ത്ര്യമെടുക്കുന്ന ചില കവിതകളുണ്ട്. കടമ്മനിട്ടയുടെ കവിതയിൽനിന്ന്

ഉദാഹരണം:

വെളുത്തി/ല്ല നേരം/ വെളുക്കു/ന്നു വീണ്ടും

ഭ്രമിക്കു/ന്നു; പായിൽ/ ചുരുണ്ടും/ ഞെരിഞ്ഞും/

കരച്ചിൽ/ പുതപ്പി/ന്റെയുള്ളിൽ/ ചുമയ്ക്കു/ന്ന രൂപം./ [39]

സച്ചിദാനന്ദന്റെ ഉദിക്കുന്നതാര്? എന്ന കവിതയും ഈ രീതിയിലാണ്:

ഉദിക്കു/ന്നതാര്?/

പവൻ, രൂ/പ, ഡോളർ./

ചിരിക്കു/ന്നതാര്?/

പവൻ, രൂ/പ, ഡോളർ.

തുടർന്ന് ഇതിൽ ലഘുവക്ഷരങ്ങളുടെ പ്രയോഗത്തിലൂടെ താളം ചടുലമാക്കുന്നു:

തരുണി കി/നാക്കളിൽ/ പുണരുന്ന/താരെ?

തരുണൻ സ/ദസ്സിൽ വ/രിക്കുന്ന/താരെ? [40]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'മനുഷ്യന്റെ കൈകൾ' മറ്റൊരുദാഹരണം:

കരിങ്ക/ല്ലിനെ ദൈ/വമാക്കു/ന്ന കൈകൾ,/

അതിൻ മു/ന്നിൽ ദൈന്യം/ നിവേദി/ച്ച കൈകൾ./

ദുരിതങ്ങൾ/ നിലവിളിക/ളുയരുമൾ/ത്താരയിൽ/

മെഴുതിരിക/ളായ് വിരൽക/ളെരിയുന്ന/ കൈകൾ [41]

**8. 1. 1. 5. മിശ്രഗതി**

അയ്യപ്പപ്പണിക്കരുടെ കുച്ചിപ്പുടി (രാഗതാളമാലിക) എന്ന കവിതയിലെ ഒരു ഭാഗം ഉദാഹരണം:

ചടുലതാളമൊ/ടെ പ്രിയസഖി/ നൃത്തമാടു/ന്നൂ മധുമയ-/

മധുരമാദക/മായ് പ്രിയസഖി/ നൃത്തമാടു/ന്നൂ കര....ചരണ-

പരി...ചരണമൊ/ടെ പ്രിയസഖി/ നൃത്തമാടുന്നു [42]

ഇതിൽ നാലു ലഘുവക്ഷരങ്ങൾ ചേർന്നു വരുന്ന ഭാഗങ്ങൾ അതതിടങ്ങൾ ദ്രുതലയത്തിലാണെന്നു വ്യക്തമാക്കുന്നു. കര...പരിചരണ... എന്നിടത്ത് അക്ഷരസംഖ്യ കൂടുന്നതുകൂടാതെ അക്ഷരങ്ങൾ വിട്ടുവിട്ടെഴുതുന്നതിലൂടെ ആ ഭാഗം വിളംബലയമാകുന്നതും കവിതയിൽത്തന്നെ സൂചിപ്പിച്ചിരിക്കുന്നു.

എം. ഗോവിന്ദന്റെ നോക്കുകുത്തിയിൽ പ്രധാനതാളക്രമമായി ഉപയോഗിച്ചിരിക്കുന്നത് ശ്ലഥമായ മിശ്രഗതിയാണ്. ഉദാഹരണം:

വലംപിരിയി/ലിടംപിരിയായ്/

ഇടംപിരിയിൽ/ വലംപിരിയായ്/

തോളുകളിൽ/ത്തോളുകളായ്,/

തൊഴുകയ്യിൻ/ താഴികയായ്,/

തൊണ്ടകളിൽ/ തോറ്റമായീ,/

തൊഴിലിന്റെ /ഊറ്റമായീ,/

മണ്ണിന്റെ/ മക്കളാണ്;/

മണമുള്ള/ പൂക്കളാണ്./ [43]

എൻ. എൻ. കക്കാടിന്റെ വജ്രകുണ്ഡലത്തിലെ ദീക്ഷ എന്ന ഭാഗത്തിലെ ചില വരികൾ ഉദാഹരണം:

ഉണരട്ടേ, ചിറകുമുളച്ചു

ക/രുത്തായ് പിളരട്ടേ.

ഞാ/നതുവരെയീ

കാളാഗ്നിപ്രളയജലോപരി/

ഉരുകാത്തൊരു വജ്രകണത്തിന്/

തുണയായിട്ടുരുകിയിരിക്കാം/ [44]

കാവാലം നാരായണപ്പണിക്കരുടെ 'പറപ്പേടി' മിശ്രഗതിയിലാണ്:

പറന്നല്ലോ/ പറന്നല്ലോ/

പാടത്തിൻ/ വരമ്പത്തെ/

വെളുംകൊറ്റി,/ കാലുറയ്ക്കാ-/

ത്തിളംകൊറ്റി,/ പാതിരാവിൻ/

വഴി താണ്ടി,/ പ്പുലർച്ച തൻ/

പടി തെണ്ടി/ വിളിച്ചല്ലൊ/ [45]

ആറ്റൂരിന്റെ അലത്താളം ശ്ലഥമായ മിശ്രഗതിയാണ്:

ആറേഴു വയസ്സിൽ

കാവിലെ/ വേലയ്ക്കു ചെല്ലുമ്പോൾ/

കാതിലലയ്ക്കുകയായി,/

മേളത്തിന്റെ മുഴക്കം/ [46]

സച്ചിദാനന്ദന്റെ കറുപ്പ് മറ്റൊരുദാഹരണം:

കടലിതിൽ/ പുളയുന്ന/ കറുപ്പൊക്കെ/

വടിക്കുക/ കരിമുകിൽ/ മുടിയൊക്കെ/

തുടച്ചെടു/ക്കുക കുരു/മുളകിടും/ കൊടി-

വളവിന്റെ/ വടിവൊക്കെ/ [47]

കുഞ്ഞുണ്ണിക്കവിതകളിൽനിന്ന് ഉദാഹരണം:

ഇടത്തിന്നും/ വലത്തിന്നും/

വേലിയി/ല്ലതു കാണാ-/

നിടങ്കണ്ണും/ വലങ്കണ്ണു/മിരുകണ്ണാ/യിരിക്കാതെ-/

യൊരുകണ്ണാ/യിരിക്കേണം/ [48]

**8. 1. 2. അക്ഷരക്രമത്തിനു പ്രാധാന്യമുള്ള വൃത്തങ്ങളെ അടിസ്ഥാനമാക്കിയത്.**

അനുഷ്ടുപ്പിൽ സ്വാതന്ത്ര്യമുപയോഗിക്കുന്നവ:

അയ്യപ്പപ്പണിക്കരുടെ ധ്യാനം എന്ന കവിത ഉദാഹരണം:

വിദേശനഗരപ്രാന്തം

വിദൂരസ്മൃതിപേടകം

ആഗതം ഗ്രാമസൗഹൃദം

അഥവാ

മറുനാടൻപട്ടണത്തിൽ

മറയുന്നോർമ്മക്കുടുക്കുകൾ

മക്കൾ നാട്ടിൻപുറത്തുകാർ [49]

ഒരു വരിയിൽ എട്ട് അക്ഷരം വീതമുള്ള സംസ്കൃതവൃത്തമായ അനുഷ്ടുപ്പിലാണ് ഇതിലെ ആദ്യത്തെ രണ്ടു വരി. മൂന്നാം വരിക്ക് അനുഷ്ടുപ്പിന്റെ സമപാദങ്ങളുടെ ഘടനയാണ്. അടുത്ത വരിയിൽ മൂന്നക്ഷരം മാത്രം. തുടർന്നുള്ള മൂന്നു വരികൾക്ക് അനുഷ്ടുപ്പിന്റെ താളക്രമംതന്നെ. എന്നാൽ 'മറയുന്നോർമ്മക്കുടുക്കുകൾ' എന്ന വരിയിൽ ഒമ്പത് അക്ഷരങ്ങളുണ്ട്. അപ്പോഴും വരിയിലെ ആദ്യക്ഷരമായ ഗുരുവിനെ ലഘുവാക്കിയ രീതിയിൽ താളക്രമം നിലനിർത്തിയിരിക്കുന്നു.

കക്കാടിന്റെ ഉഷസ്സൂക്തം എന്ന കവിത മറ്റൊരുദാഹരണം:

ഒരിക്കൽ തൂവെള്ളയായി-
ട്ടപൂർണ്ണാഞ്ജലിയെന്നപോൽ
ദ്യോവിൻ ഗോപുരമെന്നപോൽ
അവ പൊങ്ങും,
അതിൽത്താനെൻ
ഭൂമി വാഴുമനാരതം
എന്നു തോന്നുവതെന്തു മേ? [50]

കടമ്മനിട്ടയുടെ ഞാൻ എന്ന കവിത ഈ രീതിയിലാണ്:

ഒരു നുണുങ്ങു ദുഃഖത്തിന്റെ
വഴിത്തിരിവിൽ വന്നു ഞാൻ
തളർന്നു വീണൊരു നിഴൽ മാത്രം
താങ്ങായി നടന്നു ഞാൻ [51]

വിനയചന്ദ്രന്റെ കവിതയിൽനിന്ന് ഉദാഹരണം:

കാവിലൊരൊറ്റക്കല്ലേറ്
ആയിരം കൂടനാഥമായ്
ആയിരം ദുഃഖഭാഷകൾ
ആകാശത്തിൽ പറക്കയായ്
ആകാശങ്ങളസംഖ്യമായ് [52]

കുഞ്ഞുണ്ണിയുടെ ചില കവിതകളും അനുഷ്ടുപ്പിൽ സ്വാതന്ത്ര്യമെടുക്കുന്നു. ഉദാഹരണം:

എനിക്കു പൊക്കം കുറവാ
ണെന്നെപ്പൊക്കാതിരിക്കുവിൻ
എനിക്കൂക്കു കുറവാ
ണെന്നെത്താങ്ങാതിരിക്കുവിൻ [53]

അയ്യപ്പപ്പണിക്കരുടെ. വെള്ളപ്പൊക്കം എന്ന കവിതയിൽ കേകയുടെ അപൂർണമായ വരികൾ കാണാം:

ഭിത്തിക/ളുട/ഞ്ഞിട്ടും/ കൂരകൾ/

കൂരക/ളൊലി/ച്ചുപോയ്/ നഗ്നഭി/ത്തികൾ/

ഭിത്തിയും/ വീടും/ പോയ/ മനുഷ്യർ-/

എല്ലാം/ കണ്ടുന/ില്ക്കുന്നു/ ഞാനും / [54]

ദുഃഖമോ സഖീ എന്ന കവിതയിൽ കേകയുടെ ഘടനയിൽ കൂടുതൽ അക്ഷരങ്ങൾ സന്നിവേശിപ്പിച്ച ഒരു താളശില്പം നോക്കുക:

ദുഃഖമോ/ സഖീ,/ സുഖ-/

സ്വപ്നമോ/ സഖീ,/ ജന്മ-/

മൃത്യുവോ/ സഖീ/, മർത്ത്യ/ജീവ-

പരിണാ/മമോ/ സഖീ,/ സ്വർഗ/ദീപ്ത-

ഹരിനാ/മമോ/ സഖീ/ [55]

കേകയുടെ പകുതിവീതമുള്ള ഈ ഭാഗത്തെ രണ്ടു വരികളിൽ ഓരോ ദ്വ്യക്ഷരഗണം കൂടുതലാണ്.

എൻ. എൻ. കക്കാടിന്റെ വാഹനം എന്ന കവിത കേകയുടെ ഘടനയിൽ സ്വാതന്ത്ര്യ മെടുക്കുന്നു:

എന്റെ/ കീറ/പ്പായതൻ/ചോട്ടിൽ/

അണിയാൻ/ മറന്നിട്ട/

മൃത്യുത/ന്നിരുൾ/പ്പടം,/

ഹേ, മഹാ്/പഭോ,/

നിയോൺ/ കണ്ണുകൾ/ മിന്നും/ നിന-/

ക്കെങ്ങനെ/ കണ്ണിൽ/പ്പെട്ടു?/ [56]

ആറ്റൂർ രവിവർമ്മയുടെ പല കവിതകളും ഈ രീതിയിലാണ്. ഉദാഹരണം:

തിരയോ/ടൊപ്പം/ കടൽ-/

ക്കാറ്റിനോ/ടൊപ്പം/

നീന്തി/ത്തൊട്ടു ഞാൻ/

മുനമ്പായ/ മുനമ്പൊ/ക്കെയും/

പിന്നെ/ ചാടുവാ/നോങ്ങീ/

നിത്യ/ഹിമവ്യാ/പ്തൈകാ/ന്താന്ധ/

മൂകമീ/ദ്വീപിൻ/വക്കിൽ/നിന്നു [57]

കടമ്മനിട്ട രാമകൃഷ്ണന്റെ ചില കവിതകൾ കേകയിൽ സ്വാതന്ത്ര്യമെടുക്കുന്നു:

ഉണരാൻ/ ഭയ/മാണ്/

ഉദയാ/സ്തമ/യങ്ങൾ/ക്കപ്പുറം/

നില/കാണാ/ നീലവി/ഭ്രമ/ത്തിന്റെ/യിതളിൽ/

ചിദാ/നന്ദ/മൂഢമൂർ/ച്ഛയിൽ

നിരാ/മയനായ്/

നിർവി/കാര/നായ്

നിര/ഹങ്കാ/രനായ്/

വിഷ്ണോ! ഞാ/നുറ/ങ്ങട്ടെ/ [58]

സച്ചിദാനന്ദന്റെ കവിതകളും ഈ രീതിയിലുണ്ട്. ഉദാഹരണം:

ഭരത/നോർമ്മി/ക്കുന്നു:/

ഭരതൻ/ കൈകേ/യരാ/ജാങ്കണ/ത്തിലെ/ക്കടും/

ശിലയ/ല്ല, ല്ല/മ്മയെ/ വെട്ടുവാ/നുറ/യൂരി-/

യൊരു വാൾ/ തൻ നേർ/ക്കോങ്ങു/മാത്മദ്വേ/ഷവും [59]

വിനയചന്ദ്രന്റെ ജനനം മുതൽ എന്ന കവിത മറ്റൊരുദാഹരണം:

ഗൂഢമാ/മേതോ/ ഗോദ/ാവരിതൻ/

ഘന/സാന്ദ്ര-/

നാദനിർ/ഘോഷം/ പ്രതി/ധ്വനിക്കും/

ഗുഹ/യ്ക്കുള്ളിൽ/

ഞാനിരു/ന്നപ്പോൾ/ [60]

കുഞ്ഞുണ്ണിയുടെ ഒരു കവിത കേകയുടെ ഒന്നര വരിയാണ്:

നക്സലേ/റ്റുപോ/ലുമി/

ക്കേരള/നാട്ടിൽ/ കഷ്ടം/

എക്സ്ലൈ/റ്റായി/ത്തീർന്നു/ [61]

ബാലചന്ദ്രൻ ചുള്ളിക്കാടും കേകയിൽ സ്വാതന്ത്ര്യമെടുക്കുന്ന കവിതകളെഴുതിയിട്ടുണ്ട്. ഉദാഹരണം:

രാത്രി നിൻ/ ജല/സ്തംഭം./

ചന്ദ്രര/ശ്മിക/ളുടെ/ സാന്ദ്രക/ന്യക./

കണ്ണിൽ/ സർപ്പദം/ശനം/.

നഗ്ന/നിദ്രയെ/ച്ചുറ്റും/ പ്രേമ/ക്ഷുബ്ധമെൻ/ കിനാ/വള്ളി/ [62]

**8. 1. 3. പദ്യാത്മകമെങ്കിലും അയഞ്ഞ താളഘടന**

പദ്യച്ഛായയിലെഴുതിയതെങ്കിലും കൃത്യമായ താളഘടനയില്ലാത്ത കവിതകളാണ് ഈ വിഭാഗത്തിലുള്ളത്.

അയ്യപ്പപ്പണിക്കരുടെ കവിതയിൽനിന്നുദാഹരണം:

നിന്റെ തീരാവ്യഥയിലെനിക്കൊരു പങ്കുതരൂ
നിന്റെ തോരാക്കണ്ണീരെനിക്കു പകുത്തുതരൂ
കടൽക്കരയിലെ ചിപ്പിച്ചില്ലിൽ
പ്രതിച്ഛായ വീഴ്ത്തിയ സൂര്യൻ ചൊല്ലി: [63]

എം. ഗോവിന്ദന്റെ എന്തു ചെയ്യും എന്ന കവിതയിൽനിന്ന് ചില വരികൾ:

പേനയെടുക്കും വിരലുകൾ
പേടികൊണ്ടു വിറച്ചാൽ
പേൻനിറഞ്ഞു തലച്ചോറിൽ
പേയുറഞ്ഞാൽച്ചെയ്‌വതെന്ത്? [64]

വിവിധവൃത്തങ്ങളുടെ മാതൃകകൾ ഇടകലർന്നു വരുന്നതിനുദാഹരണമാണ് കക്കാടിന്റെ ശിഖണ്ഡികൾ എന്ന കവിതയിലെ യക്ഷിക്കഥ എന്ന ഭാഗം:[65]

കരിമണലിൻ തിരകടെ മീതെ നടന്നൂ
ചുഴലിക്കാറ്റിന്നുദ്ധതഹാസം — ചതുരശ്രഗതിയിലുള്ള ഗണങ്ങൾ
മണ്ണുവാരി ജപിച്ചെറിഞ്ഞപ്പൊളോ — സർപ്പിണി-പാന
മണ്ണിൽദ്ധൂളീകലാപമടങ്ങി — ഉപസർപ്പിണി
അപ്പോൾ,
പെരുത്ത കന്മതിൽ ചുറ്റും
നടുക്കും ഗോപുരം കൂറ്റൻ! — മിശ്രഗതി

കാവാലം നാരായണപ്പണിക്കരുടെ പല കവിതകളും ഈ വിഭാഗത്തിൽപ്പെടുന്നു. എന്റെ സ്വന്തം കന്യകാവേ എന്ന കവിതയിൽനിന്ന് ഉദാഹരണം:

ആ വിഷയം പോട്ടെന്റെ
പൊന്നു കന്യകാവേ

നിന്നെ ഞാൻ നോവിക്കാൻ

തൊട്ടിട്ടില്ല, നോക്കീട്ടില്ല[66]

ആറ്റൂർ രവിവർമ്മയുടെ ഈരണ്ടൊന്ന് ഈ രീതിയിലുള്ള കവിതയാണ്:

പിന്നെയുമതേ വളവിലെത്തുന്നു

നടന്ന്, വൈകുന്നേരമോ പുലർച്ചയ്ക്കോ;

ആണ്ടുകളായി താൻ തുറന്നടയ്ക്കാറുള്ള

പടിവാതിലിൻ മുന്നിൽ [67]

സച്ചിദാനന്ദന്റെ ഗോവിന്ദൻ എന്ന കവിത മറ്റൊരുദാഹരണം:

ഓർക്കാതെയല്ലാ

വയലിലെ വെള്ളരിവള്ളിപോൽ

തുടരക്ഷരങ്ങളിൽ നീ

നീലയിലെഴുതിയ കത്തുകൾ

പൂത്തും കായ്ച്ചും [68]

കുഞ്ഞുണ്ണിയുടെ ചില കവിതകളും ഈ വിഭാഗത്തിൽപ്പെടുന്നു:

കണ്ണെടുത്തു കുപ്പായക്കീശയിലിട്ട്

കാതെടുത്തു കമഴ്ത്തിവെച്ച്

തലയെടുത്ത് വയറ്റിൽത്തിരുകി

നാക്കെടുത്ത് പുറത്തിട്ട്

നാടെല്ലാം നടക്കുന്നു

അവനവനെവനെവനോ

അവനവനിവനിവനേ! [69]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ശനി എന്ന കവിതയിൽനിന്നു ചില വരികൾ:

കണ്ണില്ലാത്തത്തേ

കണ്ണില്ലാത്തത്തേ

കാണാത്ത കണ്ണിൽ കാണുന്നതെന്ത്?

ഏഴുകടലോടിവന്ന തത്ത പറഞ്ഞു:

സ്ഥലഭയം ജലഭയം കാലഭയം

ധനനാശം മനനാശം കുലനാശം [70]

**8. 2. നാടോടിത്താളമാതൃകകൾ**

**8. 2. 1. നിശ്ചിതനിയമങ്ങൾ അനുസരിക്കുന്ന നാടോടിത്താളങ്ങൾ നേരിട്ടുതന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നവ**

കേരളത്തിലെ നാടോടിക്കലകളിൽ പ്രയോഗിക്കുന്ന താളങ്ങൾ നേരിട്ടുപയോഗിക്കുന്ന കവിതകളോ കാവ്യഭാഗങ്ങളോ ആണ് ഈ വിഭാഗത്തിലുള്ളത്. അടി, ഇട എന്നിങ്ങനെയുള്ള ക്രിയകളുപയോഗിച്ച് പിടിക്കാവുന്ന താളങ്ങളും വിവിധകലകളിലുപയോഗിക്കുന്ന വായ്ത്താരിത്താളങ്ങളുമാണ് ഈ കവിതകൾക്കോ കവിതാഭാഗങ്ങൾക്കോ അടിസ്ഥാനമാകുന്നത്.

**8. 2. 1. 1. ഏകതാളം**

'തെയ് x' എന്ന താളക്രിയയും രണ്ടു മാത്രയുമുള്ള ഏകതാള(**3. 2. 1.**)ത്തിലുൾപ്പെടുന്നതാണ് അയ്യപ്പപ്പണിക്കരുടെ പുള്ളുവൻപാട്ട് എന്ന കവിത. ഈ കവിതയുടെ തലക്കെട്ടുതന്നെ നാടോടിപ്പാട്ടുകളുടെ സ്വാധീനം വ്യക്തമാക്കുന്നു. കവിതയിൽനിന്ന് ഉദാഹരണം:

തെയ്      x

അത്തിമ/രത്തിൻ/

പൊത്തിന/കത്തൊരു/

സർപ്പമി/രിപ്പു/ണ്ടേ- /ആയതു/

പക്ഷികൾ/ കാക്കും/

മുട്ടകൾ/ മുഴുവൻ/

കൊത്തിവി/ഴുങ്ങു/ന്നേ -/പിന്നെ/

പത്തി വി/ടർത്തി-/

പ്പകലും/ രാവും/

നർത്തന/മാടു/ന്നേ [71]

ഏകതാളത്തിന്റെ ചതുരശ്രഗതിയിലാണ് ഈ കവിതാഭാഗം. ഇവിടെ മൂന്നും ആറും വരികൾക്കിടയിൽ വന്നിരിക്കുന്ന ഊണഗണങ്ങളുടെ സ്ഥാനവും നാടോടിപ്പാട്ടുകളുടെ സ്വാധീനം സൂചിപ്പിക്കുന്നു.

**8. 2. 1. 2. രൂപതാളം**

'തിത്തെയ് x' എന്ന താളക്രിയയും മൂന്നു മാത്രയുമുള്ള രൂപതാള(**3. 2. 2.**)ത്തിന്റെ ഘടനയിലാണ് അയ്യപ്പപ്പണിക്കരുടെ സ്വപ്നത്തിനു മുമ്പ് എന്ന കവിത.

തി ത്തെയ് x        തി    ത്തെയ് x

പു ത്തൻ പനി/ നീ രല രാൽ

മെത്തകൾ ഞാൻ/വിര ചി ക്കും

പുൽത്തകി ടി മ/ ണ ത്തെ ന്നുടെ

ര ക്ത ക്കുഴൽ/ ദർ ശി ച്ചൊരു

സ്വ പ്ന ത്തിനു/ മു മ്പെൻ കിളി-/

യെ ങ്ങോ പോ/ യി x x [72]

അയ്യപ്പപ്പണിക്കരുടെ തോട്ടക്കാരൻ എന്ന കവിതയുടെയും അടിസ്ഥാനം ഈ താളം തന്നെ.

പൂക്കൾക്കും/

കനികൾക്കും/

പൂന്തോട്ടം/ പണിയുന്നൊരു

പൂന്തോട്ട/ക്കാരാ [73]

രൂപതാളത്തിന്റെ രണ്ടു താളവട്ടം ചേരുന്നതാണ് ഇതിലെ ഒരു വരി. രൂപതാളത്തിന്റെ ഒരു താളവട്ടംതന്നെ കവിതയിലെ ഒരു വരിയാകുന്ന തരത്തിലാണ് ഈ കവിതയിലെ ആദ്യത്തെ രണ്ടു വരികൾ.

ഈ താളത്തിന്റെ നാടോടിബന്ധംകൂടി പ്രയോജനപ്പെടുത്തുന്നതാണ് എം. ഗോവിന്ദന്റെ നോക്കുകുത്തിയിലെ ഒരു ഭാഗം:

മൂന്നല്ലോ/ ലോകങ്ങൾ/

മൂന്നല്ലോ/ കാലങ്ങൾ/

മൂന്നല്ലോ/ മൂർത്തികളായ്;/

മൂവുലകിൻ/ വൃത്തികളായ്/

പറകളിലും/ ഉറയലിലും/

ഉരുളുന്ന/ പൊരുളായി./ [74]

ഒരേ അക്ഷരത്തിന്റെയും അക്ഷരസമൂഹത്തിന്റെയും ആവർത്തനം, ഗുരുലഘുക്രമത്തിലെ പല മാതൃകകൾ എന്നിവ നാടോടിപ്പാട്ടുകളെ ഓർമ്മിപ്പിക്കുന്ന പദങ്ങളിലൂടെ ആവിഷ്കരിക്കുന്ന ഈ ഭാഗം താളഘടനയിൽക്കൂടാതെ ഈണത്തിലും അക്ഷരഘടനയിലും നാടോടിസംസ്കാരത്തിന്റെ സൂചനകളടങ്ങിയതാണ്. നോക്കുകുത്തി എന്ന കവിതയ്ക്കുതന്നെ നാടോടിരീതിയിലുള്ള കഥാഖ്യാനഘടനയാണെന്നും ഓർമ്മിക്കാം.

**8. 2. 1. 3. ചമ്പടതാളം**

'തിത്തിത്തെയ് X' എന്ന താളക്രിയയും, നാലും അതിന്റെ ഗുണിതങ്ങളും മാത്രാസംഖ്യയുമായി വരുന്ന ചമ്പട (**3. 2. 3.**) കലകളിൽ ഏറ്റവും പ്രചാരമുള്ള താളമാണ്. കവിതയിലാകട്ടെ ഒരു വരിയിൽ ചതുരശ്രഗതിയിലുള്ള നാലു ഗണം വരുന്ന തരംഗിണി, ഖണ്ഡഗതിയിലുള്ള നാലു ഗണംവരുന്ന കാകളി എന്നിവയൊക്കെ ചമ്പടയുടെ പല ഗതികളിലുള്ള ഉദാഹരണങ്ങളാണ്. 'ചെമ്പടതാള'മെന്ന സൂചനയോടെ കേരളഭാഷാഗാനങ്ങളിൽക്കാണുന്ന ശാസ്താംപാട്ട് തരംഗിണിവൃത്തത്തിലാകുന്നത് സ്വാഭാവികം. ഉദാഹരണം:

ശിവശിവ/ ചിത്രം/ മോഹിനി/യായവൾ/

ശിവശിവ/ പറവതി/നരുതു നി/നച്ചാൽ [75]

അത്തരത്തിൽ നേരത്തെതന്നെ വ്യവസ്ഥ ചെയ്യപ്പെട്ട ആ വൃത്തങ്ങളിലുള്ള കവിതകൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല. കാവാലം നാരായണപ്പണിക്കരുടെ തച്ചുകോഴി എന്ന കവിതയിൽനിന്ന് ഉദാഹരണം:

തി ത്തി ത്തെയ് X

കൊ ക്കൊ ക്കൊ ക്കോ/

കൊ ക്കര വെ ച്ചു/ തള്ളക്കോഴി/

മുറ്റം ചുറ്റി/ക്കാലാൽക്കിണ്ടി-/

ച്ചിതലും പുഴുവും/ കൊത്തിനടന്നു [76]

ഇവിടെ ഒന്നാം വരിയിൽ ചമ്പടയുടെ ഒരു താളവട്ടവും തുടർന്നുള്ള വരികളിൽ ഈരണ്ടു താളവട്ടങ്ങളുമാണുള്ളത്.

**8. 2. 1. 4. കാരികതാളം**

നാലടി, ഒരിട ('തിത്തിത്തിത്തെയ് X' എന്നു വായ്ത്താരി) എന്ന താളക്രിയയും അഞ്ചു മാത്രയുമുള്ള കാരികതാളം (**3. 2. 4.**) കവിതയിലുപയോഗിക്കുന്നത് (**4. 2. 8. 1.**) അപൂർവമാണ്. എന്നാൽ ചതുരശ്രഗതിയിലുള്ള മുക്തച്ഛന്ദസ്സിൽ താളവൈചിത്ര്യത്തിനുവേണ്ടി പടയണിയിലുപയോഗിക്കുന്ന 'തെയ് X തിത്തെയ് X തിത്തിത്തെയ് X (1 X 1 2 X 1 2 3 X )' എന്ന തരത്തിലുള്ള കാരികതാളത്തിന്റെ വകഭേദം ഉപയോഗിക്കാറുണ്ട്. എം. ഗോവിന്ദന്റെ മരണത്തിൽ ജീവിതത്തിൽ എന്ന കവിതയിലെ ഒരു ഭാഗം ഉദാഹരണം:

തെയ് X

ചെവികളൊ/രുക്കുക,

തി ത്തെയ് x

അരുള/പ്പാടുകൾ/ കേൾക്കുക,

തി ത്തി ത്തെയ് x [77]

ഹൃദയ/ത്തിൽത്തീ/മാലകൾ/ കോർക്കുക

പ്രമേയപരമായി ഈ കവിതയിൽ ചാവേറുകളുടെ ഉത്സാഹവും ആവേശവും കൂട്ടാനുള്ള നിർദ്ദേശം എന്ന നിലയിലുള്ള വരികൾക്ക് അടികളുടെ എണ്ണം ക്രമമായി കൂടിവരുന്ന താളഘടനയുടെ ചടുലതകൂടി ഭാവാവിഷ്കരണത്തിനു സഹായകമാകുന്നു.

കുഞ്ചൻ നമ്പിയാർ ഒരു താളത്തിന്റെതന്നെ പല കാലങ്ങൾ നിർമ്മിക്കാൻ താളക്രിയകൾക്കു തുല്യമായ അക്ഷരങ്ങൾ അടുക്കുക, താളത്തിന്റെ അടികൾക്കിടയിൽ ഗതിഭേദം കൂടി സൂചിപ്പിക്കുന്ന തരത്തിൽ അക്ഷരങ്ങളടുക്കുക എന്നീ രീതികളുപയോഗിക്കുന്നത് ഹരിണീസ്വയംവരം, കിരാതം എന്നീ തുള്ളലുകളിൽ കാണാം. ഇതിൽ രണ്ടാമത്തെ രീതിയിൽ കാരികതാളത്തെ ഉപയോഗിക്കുന്നതാണ് ഈ വരികൾ. അതായത് ഓരോ താളക്രിയയിലും നാലു മാത്ര വീതമുള്ള അക്ഷരവിന്യാസത്തിലൂടെ ഇവിടെ ചതുരശ്രഗതിസ്വഭാവംകൂടിയുണ്ട്.

**8. 2. 1. 5. പഞ്ചാരിതാളം**

അഞ്ച് അടി, ഒരു ഇട (1 2 3 4 5 X ) എന്നു ക്രിയകളും തത്തിന്തക്കത്തോം X എന്നു വായ്ത്താരിയുമുള്ള പഞ്ചാരിതാളം (**3. 2. 5.**) കുഞ്ചൻ നമ്പിയാർ രണ്ടു തരത്തിൽ ഉപയോഗിക്കുന്നു. (**4. 2. 8. 6.** ) ഇതിൽ രണ്ടാമത്തെ രൂപത്തിന് കവിതയിൽ ഏറെ പ്രചാരമുണ്ട്. ഉദാഹരണം:

1 2 3 4 5 X

പ ഴ യൊ രി ല്ലം X/

പൊളിച്ചുവിറ്റു/

പുതിയൊരോട്ടോ-/

റിക്ഷവാങ്ങി/

പുളിമനയ്ക്കൽ/

കുഞ്ഞിക്കുട്ടൻ/ [78]

ഇവിടെ ഓരോ വരിയും പഞ്ചാരിയുടെ ഓരോ താളവട്ടമാണ്. നാലും ആറും വരികളിൽ നാലക്ഷരം വീതമുള്ള ഘടനയാണെങ്കിലും പഞ്ചാരിതാളത്തിന്റെ മാത്രാസംഖ്യയ്ക്കു

വ്യത്യാസം വന്നിട്ടില്ല. ഈ കവിതയ്ക്ക് നാടോടി കഥാഖ്യാനഘടനയാണെന്നതും ശ്രദ്ധേയം. ഓരോ വരിയിലും പഞ്ചാരിയുടെ ഈരണ്ടു താളവട്ടം വരുന്ന ഘടനയ്ക്ക് ഉദാഹരണം:

മലയരികിൽ/ വയലരികിൽ/

അരുവിയുടെ/ തരിതരിപ്പും/

കാവരികിൽ/ കുളമരികിൽ/

പാലയുടെ/ പൂമണവും/

ചൂരൽ പിണ/ഞ്ഞൊരു കാവിൽ/

നായകിയെൻ/ ഭഗവതിയും/ [79]

ഈ കവിതയിലെ ഗ്രാമീണവും പ്രാക്തനവുമായ അന്തരീക്ഷത്തിന് പഞ്ചാരിതാളം സഹായകമാകുന്നു. മാത്രാസംഖ്യയിൽ കുറവു വരാതെ അക്ഷരസംഖ്യ കുറഞ്ഞ രൂപത്തിന് ഉദാഹരണം:

കാറ്റു വന്നു

വെയിലു വന്നു

ഞാൻ പറത്തി

നാലു പട്ടം [80]

**8. 2. 1. 6. മർമ്മതാളം**

ഒരടി, ഒരിട, രണ്ടടി, ഒരിട, മൂന്നടി, ഒരിട, നാലടി, ഒരിട (1 X 1 2 X 1 2 3 X 1 2 3 4 X) എന്ന ഘടനയിലുള്ള മർമ്മതാള(**3. 2. 6.**)ത്തിന് ആധുനികകവിതയിൽ ഏറെ പ്രചാരമുണ്ട്. അയ്യപ്പപ്പണിക്കരുടെ അക്ഷരമൂർത്തി എന്ന കവിതയിൽനിന്ന് ഉദാഹരണം:

1 X 1 2 X 1 2 3 X 1 2 3 4 X

അക്ഷിദ്വയവിരചിതമല്ലോ ചന്ദ്രമയൂഖവിലാസം X

അക്ഷരസംഘാതനിബദ്ധം മർത്ത്യചരിത്രവിഹാരം [81]

എൻ. എൻ. കക്കാടിന്റെ വഴിവെട്ടുന്നവരോട് എന്ന കവിതയ്ക്ക് മർമ്മതാളത്തിന്റെ ഘടനയാണ്.

1 X 1 2 X 1 2 3 X 1 2 3 4 X

ഇരുവഴിയിൽ പെരുവഴിനല്ലൂ പെരുവഴി പോ ചങ്ങാതി X [82]

ഇതിൽ മർമ്മതാളത്തിന്റെ ഘടന പൂർണമായി അനുസരിക്കുക മാത്രമല്ല, അടികൾക്കിടയിലുള്ള ഇടകളിൽ 'രുവഴി' എന്നിങ്ങനെ വർണാവർത്തനവുംകൂടി വരുത്തുന്നതിലൂടെ താള

ത്തിന് ഘടനാപരമായ സമഗ്രത നല്കുകയും ചെയ്യുന്നു.

എന്നാൽ മർമ്മതാളത്തിൽ അടിസ്ഥാനഘടന നിലനിർത്തിക്കൊണ്ടുതന്നെ സ്വാതന്ത്ര്യമുപയോഗിക്കുന്ന വരികളും കക്കാടിന്റെ കവിതയിലുണ്ട്. പാതാളത്തിന്റെ മുഴക്കം എന്ന കവിതയിൽനിന്ന് ഉദാഹരണം:

ഞാനെൻ നട്ടെല്ലൂരിയെടു-
ത്തിവിടെയുയർത്തിയ കൂരയി,ലീ-
രക്ഷസ്സെൻ വായിൽ തിരുകിയൊ-
രപ്പക്ക്ഷണത്തിൻ പകുതി [83]

ഇതിൽ മർമ്മതാളത്തിന്റെ അന്ത്യത്തിലുള്ള നിശ്ശബ്ദക്രിയ അക്ഷരങ്ങൾകൊണ്ടു നികത്തിയിരിക്കുന്നു. മറ്റൊരുദാഹരണം:

ഇരുളാണ്ടൊരു പാലത്തിന്മേൽ
നീന്തുകയോ ഞാൻ നെഞ്ഞുരയേ? [84]

ആറ്റൂർ രവിവർമ്മയുടെ അലത്താളം എന്ന കവിതയിലെ അവസാനവരികൾ ഈ താളത്തിലാണ്:

ഇപ്പൊഴുമുണ്ടെന്റെ ഞരമ്പിൽ
സുഖകരമായ നടുക്കം! [85]

മർമ്മതാളത്തിലുള്ള ഈ വരികൾ കവിതയുടെ അന്ത്യത്തിലാണ്. നിശ്ചിതവൃത്തമില്ലാതെ മുറിഞ്ഞ താളക്രമങ്ങളിലുള്ളതാണ് ഈ കവിതയിലെ മറ്റു വരികൾ. അവയിലൂടെ അന്ത്യവരികളിലെത്തുമ്പോൾ കവിതയും താളവും പൂർണമാകുന്നു.

അലത്താളം എന്ന തലക്കെട്ട് ഈ താളപരിണാമത്തിന്റെ ഘടനാപരമായ പ്രസക്തി സൂചിപ്പിക്കുന്നു.

കടമ്മനിട്ട രാമകൃഷ്ണന്റെ കിരാതവൃത്തം എന്ന കവിതയിൽ മർമ്മതാളഘടനയുടെ പല തരത്തിലുള്ള വിന്യാസങ്ങൾ കാണാം. ഉദാഹരണം:

ഈറ്റപ്പുലി നോറ്റു കിടക്കും
ഈറൻ കണ്ണു തുറന്നും
കരിമൂർഖൻ വാലിൽ കിളരും
പുരികം പാതി വളച്ചും
നീറായ വനത്തിൻ നടുവിൽ

നില്പൂ കാട്ടാളൻ.....[86]

ഈ കവിത പടയണിയിലുപയോഗിക്കുന്ന,

തെയ് തിത്തെയ് തിത്തിത്തെയ് തിത്തിത്തിത്തെയ്

എന്ന താളത്തെ അടിസ്ഥാനപ്പെടുത്തിയതാണെന്ന് [87] നരേന്ദ്രപ്രസാദ് ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹം നൽകിയിരിക്കുന്നത് മർമ്മതാളത്തിന്റെ വായ്ത്താരിയാണ്.

"കിരാതവൃത്തത്തിലെ വൃത്തസ്വരൂപത്തിൽ ലയിച്ചുകിടക്കുന്ന സൂക്ഷ്മവൃത്തസ്വരൂപത്തിന് ആധാരമായി വർത്തിക്കുന്ന താളം മർമ്മതാളംതന്നെയാണ്"[88]

എന്നു കടമ്മനിട്ട വാസുദേവൻപിള്ളയും സ്ഥിരീകരിക്കുന്നു.

കടമ്മനിട്ടയുടെ ഞാനും കിളിയും എന്ന കവിതയിൽ ചില വരികൾ ഈ താളത്തിലാണ്. ഉദാഹരണം:

വഴിപോക്കാ, നില്ക്കുക ലേശം

എവിടേക്കാണ് പ്രയാണം? [89]

കടമ്മനിട്ടയുടെ 'ശാന്ത'യിൽ മർമ്മതാളബദ്ധമായ വരികളുണ്ട്. ഉദാഹരണം:

പാതാളപ്പടവുകൾ കയറി

പറയപ്പട തുള്ളിവരുന്നു

പറയറയും താളംതുള്ളി

പറയപ്പട പാടിവരുന്നു. [90]

ഓരോ ഈരടിയുടെയും അന്ത്യത്തിലുള്ള അക്ഷരം മർമ്മതാളത്തിന്റെ അവസാനത്തെ അടിക്കു ശേഷമുള്ള ഇടയിലാണ് വരുന്നത്. ശാന്തയിലെ ഈ വരികളിൽ മർമ്മതാളം സവിശേഷമായ ഒരു ധർമ്മം നിറവേറ്റുന്നുണ്ട്. ഒന്ന്, രണ്ട്, മൂന്ന്, നാല് എന്ന് ഓരോ താളാംഗത്തിലും ക്രമമായി ഓരോ അടി കൂടിവരുന്ന മർമ്മതാളഘടന ക്രമമായി പാതാളപ്പടവുകൾ കയറിവരുന്ന പറയപ്പടയുടെ ചലനപരിണാമവും പറയറയുന്ന താളവും ഒരേ സമയം സൂചിപ്പിക്കുന്നു.

സച്ചിദാനന്ദന്റെ ബോധവതി എന്ന കവിതയിൽനിന്ന് മർമ്മതാളബദ്ധമായ വരികൾക്കുദാഹരണം:

പാടുന്നൂ പാഴ്മലർ, പ്രകൃതിയിൽ

ഞാനൊരു മഞ്ഞിൻതുള്ളി

പക്ഷേ, ഞാനില്ലെന്നാകിൽ

സൃഷ്ടിയപൂർണ്ണം വികൃതം.[91]

ഡി. വിനയചന്ദ്രന്റെ വിഡ്ഢിയുടെ കഥ എന്ന കവിതയിൽ മർമ്മതാളത്തിന്റെ അടിസ്ഥാനതാളമാതൃക നിലനിർത്തിക്കൊണ്ട് പല തരത്തിൽ അക്ഷരങ്ങൾ വിന്യസിക്കുന്നതു കാണാം. ഉദാഹരണം:

'ഒരു വിഡ്ഢിപറഞ്ഞ കടംകഥ-
യല്ലോ ജീവിതമെൻ കുഞ്ഞേ!'
കാരണവരുടെ മൊഴികേൾക്കാതെ
കാലം പിന്നെയുമൊഴുകി [92]

ഇതിൽ ആദ്യത്തെ ഈരടിയിലെ അവസാനത്തെ അക്ഷരം മർമ്മതാളത്തിന്റെ അന്ത്യത്തിലുള്ള ഇടയിലാണു വരുന്നത്. തുടർന്നുള്ള വരികൾ താളത്തിന്റെ അന്ത്യത്തിലുള്ള അടിയിൽ അവസാനിക്കുന്നു. ഇത്തരം സ്വാതന്ത്ര്യം ഉപയോഗിക്കാത്ത വരികളും കവിതയിലുണ്ട്. ഉദാഹരണം:

കടലേഴും താണ്ടിത്താണ്ടി
പനിയുതിരും പൊൻതിങ്കൾ
പൊൻതിങ്കൾത്തോണി തുഴഞ്ഞ്
നീ വളരൂ പൊന്മകനേ [93]

**8. 2. 1. 7. രൂപഞ്ചമ്പടതാളം**

രണ്ടടി, ഒരിട, മൂന്നടി, ഒരിട (1 2 X 1 2 3 X )എന്ന ക്രമത്തിലുള്ള രൂപഞ്ചമ്പടതാള(**3. 2. 19.**)ത്തിലുള്ള ഗാനങ്ങൾ ശാസ്താംപാട്ടുകലാകാരന്മാർ പാടാറുണ്ട്. ആധുനികകവിതയിൽ ഈ താളം പ്രയോഗിക്കുന്നതിന് ഉദാഹരണം:

1 2 X 1 2 3 X
അൻപെഴുമൊരു കുംഭം തീർത്തു,/
അതിനൊമ്പതു സുഷിരവുമിട്ടു/
കുംഭത്തിൽ നിറച്ചൂ ജലവും,/
കുശവനലംഭാവംപൂണ്ടു/ [94]

കാവാലത്തിന്റെ ഈ ആദ്യകാലകവിതയിൽ താളത്തിന്റെ വ്യവസ്ഥാപിതമായ രൂപമാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും പിന്നീട് താളഘടനയിൽ സ്വാതന്ത്ര്യമെടുക്കുന്ന വരികളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഉദാഹരണം:

ഊരാകെക്കടവുംകൊണ്ട്/

പിണിയും പട്ടിണിയുമൊതുക്കി/

കണ്ടവരുടെ പിണിമാറ്റാൻ/

കൃഷ്ണമൃഗക്കൊമ്പുകുലുക്കി/ [95]

എൻ. എൻ. കക്കാടിന്റെ 'തീർത്ഥാടന'ത്തിലെ ചില വരികളിൽ ഈ താളഘടന കാണാം. ഉദാഹരണം:

കാലികളുടെ ഗളമണിനാദം;

കാളിന്ദീജലമൃദുപാതം;

തേങ്ങിവരും മുരളീഗീതം [96]

കടമ്മനിട്ടയുടെ ശാന്തയിലെ പ്രസിദ്ധമായ ഒരു ഈരടി ഈ താളത്തിന്റെ മൂന്നു താള വട്ടങ്ങൾ ചേർന്നതാണ്:

വയറൊട്ടിവലിഞ്ഞ വിഷാദ/ച്ചുഴിയിൽ

തിറയറയും തീപ്പാ/മ്പുറയൂരിയുണർന്നാടുന്നു./ [97]

രണ്ടടി, ഒരിട എന്നും മൂന്നടി, ഒരിട എന്നും കാലദൈർഘ്യത്തിൽ വ്യത്യാസമുള്ള രണ്ടു താളഖണ്ഡങ്ങളുടെ സമാന്തരസഞ്ചാരം തീപ്പാമ്പിന്റെ ഉറയൂരിയുണർന്നാട്ടവുമായി ചേർന്നുപോകുന്നതിലൂടെ ഭാവ-രൂപപ്പൊരുത്തത്തിനും ഈ ഭാഗം ഉദാഹരണമാകുന്നു.

ഡി. വിനയചന്ദ്രന്റെ കോലങ്ങൾ എന്ന കവിതയുടെ തുടക്കത്തിലെ വരികൾക്ക് ഈ താളത്തിന്റെ സ്വാധീനമുണ്ട്:

അല്ലല്ലാ മാളോരല്ലോ

എല്ലാർക്കും മംഗളമല്ലോ

മാളോരുടെ പാണൻ ഞാനേ

മണ്ണിന്റെ കവി പാടുന്നേ [98]

കുഞ്ഞുണ്ണിക്കവിതയിലും ഈ താളത്തിന്റെ മാതൃകകാണാം.

ഇപ്പോൾ ഞാനെങ്ങനെയെവിടെ

എപ്പോൾ ഞാനെങ്ങനെയെവിടെ [99]

**8. 2. 1. 8. ലക്ഷ്മിതാളം**

തിത്തിത്തെയ് x തികിതത്തെയ് x

തിത്തെയ് x തികിതെയ് x

തിതെയ്ത തികിതത്തെയ് x x x

എന്ന വായ്ത്താരിഘടനയിലുള്ള ലക്ഷ്മിതാള(**3. 2. 33.**)ത്തിന്റെ തനിരൂപത്തിലും അതിന്റെ ഇടകളിൽ പലതരത്തിൽ അക്ഷരങ്ങൾ വിന്യസിച്ച രീതിയിലും കുഞ്ചൻ നമ്പിയാരുടെ *ഹരിണീസ്വയംവരം, കിരാതം* എന്നീ തുള്ളലുകളിൽ ഉദാഹരണങ്ങളുണ്ട്. (**4. 2. 8. 4.**) ചില ആധുനികകവികളും ഈ താളമാതൃകകൾ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണം:

പാളുന്നു- പടരുന്നു

കാളീ നീയൊരു കരാളഭൈരവിയോ! [100]

കാവാലത്തിന്റെ 'ധൂളിശില്പ'ത്തിൽ ലക്ഷ്മിതാളം തനിരൂപത്തിലും മറ്റു താളങ്ങളുമായി കലർത്തിയും പലതരത്തിൽ പ്രയോഗിച്ചിട്ടുണ്ട്.

എൻ. എൻ. കക്കാടിന്റെ കവിതയിൽ ചിലയിടങ്ങളിൽ ഈ താളത്തിന്റെ സാന്നിധ്യമുണ്ട്. ഉദാഹരണം:

എന്തൊരു നാ/ശം, /കാണ്മൂ വീ/ണ്ടും

ഭ്രാന്തിപ്പെണ്ണിൻ കറുത്ത നഗ്നജഡം [101]

ഇതിൽ ലക്ഷ്മിതാളത്തിന്റെ ഇടകൾ ഓരോ ഗുരുവക്ഷരംകൊണ്ടു നികത്തിയിരിക്കുന്നു. മറ്റൊരു രീതിയ്ക്ക് ഉദാഹരണം:

മറ്റന്നാൾ/ കഴിയും ലീ/വിനി-

യെക്സ്റ്റെന്റ് ചെയ്യാൻ ക്രഡിറ്റിലില്ലൊട്ടും[102]

ഇവിടെ രണ്ടാമത്തെ ഇട രണ്ടു ലഘുവക്ഷരമുപയോഗിച്ചു നികത്തിയിട്ടുണ്ടെങ്കിലും മറ്റു നിശ്ശബ്ദക്രിയാഭാഗങ്ങൾ അങ്ങനെതന്നെ അവശേഷിപ്പിക്കുന്നു.

ആശ്രമഗോ/വിൻ/ പാലുകറ-

ന്നെങ്ങളെയമ്പിൽപ്പാനം ചെയ്യിച്ചൂ [103]

ഈ വരികൾക്ക് ലക്ഷ്മിതാളത്തിന്റെ സാമാന്യഘടനയാണ്. താളഘടനയിലെ ഒന്നാം ഇട അക്ഷരംകൊണ്ടു നികത്തിയും രണ്ടാം ഇട നികത്താതെയും പ്രയോഗിച്ചിരിക്കുന്നു. സമാനമായ ഘടന മറ്റൊരിടത്തും കാണാം:

പേശികൾ കടയു/ന്നൂ വീണ്ടും,

നാഡീബന്ധം തളർന്നു കുഴയുന്നൂ.[104]

കുഞ്ഞുണ്ണിയുടെ ചെറുകവിതകളിൽ ചിലപ്പോൾ ഈ താളത്തിന്റെ സാന്നിധ്യമുണ്ട്. ഉദാഹരണം:

നൈലോൺ പെ/ണ്ണിനു/ ടർലിൻപു/രുഷൻ

(ശാസ്ത്രജ്ഞൻ ബ്രഹ്മാവിലുമുചിതജ്ഞൻ) [105]

താളത്തിന്റെ ആദ്യത്തെ രണ്ടു നിശ്ശബ്ദക്രിയകൾ ഇതിൽ അക്ഷരങ്ങൾകൊണ്ടു നികത്തിയിരിക്കുന്നു.

**8. 2. 1. 9. വല്യലക്ഷ്മിതാളം**

തി ത്തി ത്ത ിത്തി ത്തി ത്തി ത്തെയ് x

തികിതി ത്തികിതി ത്തികിതി ത്തെയ്

തിത്തിത്തെയ് x തികിതിത്തെയ് x

തിത്തെയ് x തികിതെയ് x തിതെയ്തതികിതത്തെയ് x x x

എന്നാണ് പല കലകളിൽ ചെറിയ വ്യത്യാസത്തോടെ പ്രചാരത്തിലുള്ള വല്യലക്ഷ്മി താളത്തിന്റെ ഒരു രൂപഭേദം. (**3. 2. 34.**)ഈ ഘടനയിലാണ് കാവാലം നാരായണപ്പണിക്കരുടെ 'ധൂളീശില്പ'ത്തിലെ ഒരു ഭാഗം:

പകലും രാവും

കൊടുവാൾത്തലയിൽ

ക്കയറിയിറങ്ങീട്ടമ്പല നടയുടെ-

യപ്പുറവും- ഇപ്പുറവും

കൈമെയ് മറന്നു തമ്മിൽപ്പൊരുതാടീ [106]

ഈ താളത്തിന്റെ ഒരു സ്വതന്ത്രരൂപം കുഞ്ഞുണ്ണിക്കവിതയിൽ കാണാം:

മൂന്നാലിങ്കൽ നാലാലുണ്ടതി

ലൊന്നരയാലാണായതിനുണ്ടേ

വേരുകളായിരമായിരമായിര

മതിലൊരു വേരാണീവരിയെൻവരി കവിതവരി [107]

**8. 2. 1. 10. ഗണപതിതാളം**

വിവിധനാടോടിക്കലകളിൽ വിവിധരീതിയിൽ പ്രയോഗത്തിലുള്ള താളമാണ് ഗണപതി. (**3. 2. 39.**) ഗണപതിത്താളം എന്ന തലക്കെട്ടോടെ കാവാലം നാരായണപ്പണിക്കരുടെ ഒരു കവിതയുണ്ട്. ഗണപതിയുടെ പല വായ്ത്താരിരൂപങ്ങളിലൊന്നാണ് ഈ കവിതയുടെ അടി

സ്ഥാനഘടനയായി ഉപയോഗിച്ചിരിക്കുന്നത്. അയ്യപ്പപ്പണിക്കരുടെ 'വായ്ത്താരിവൃത്തങ്ങൾ' എന്ന ലേഖനത്തിൽ നല്കിയിരിക്കുന്ന ആ വായ്ത്താരിയുമായി കവിതയെ ചേർത്തുവയ്ക്കാം. കവിതയിലെ അതിലെ ആദ്യഖണ്ഡം ഉദാഹരണം. സമാന്തരമായി വായ്ത്താരിയും നല്കി യിരിക്കുന്നു.

| | |
|---|---|
| സലിലത്തിലെ | തകൃതത്തക |
| സലിലത്തിലെ | തികൃതിത്തക |
| സലിലത്തിലെ | കർകുതോന്തക |
| സലിലത്തിലുള്ള പൊരുളേ, | കർകുതോന്തകതോതകതോ |
| ഓം നദി നദി നദി- | തെയ്... ധൃകധൃകധൃക |
| നദിപത്മത്തിൽ, | ധിർകതീം തത്തോ |
| പരപത്മത്തിൽ, | അടിടീങ്കണതോം |
| പരനേത്രത്തിൽ | അടികിണകിടതോ |
| സ്ഥിതി സൃഷ്ടിക്കും, | കിടധിമിതകതോം |
| പൊരുളൊക്കെത്താൻ. | ധിമിതരികിടതോം |
| പരനെ- പരനെ- പരനെ | തകൃതാനകൃതാനുകൃതാ |
| ഉണരുണരുണര് | തകനകനുകൃതാ |
| ഹും ഫൾ സ്വാഹാ [108] | ഹുംഫൾ സ്വാഹാ [109] |

അർത്ഥമുള്ള അക്ഷരങ്ങളെ വായ്ത്താരിക്കു സദൃശമാക്കുന്ന ഇതേ ഘടനയുള്ള അഞ്ചു ഖണ്ഡങ്ങളാണ് ഗണപതിത്താളം എന്ന കവിത.

**8. 2. 1. 11. കുംഭതാളം**

സങ്കീർണഘടനയുള്ള ഒരു നാടോടിത്താളമാണ് കുംഭം. തി തി തി തി തിതെയ് X തി തി തിതെയ് X തെയ് X തെയ് X തി തെയ് X എന്നാണ് ഇതിന്റെ ഒരു പ്രയോഗരൂപം. (3. 2. 7.) കുഞ്ചൻ നമ്പിയാരുടെ ഹരിണീസ്വയംവരം തുള്ളലിൽ ഈ താളത്തിന്റെ ലക്ഷണവും അതി നിണങ്ങുന്ന വരികളുമുണ്ട്. തുള്ളലിലെ കുംഭതാളബദ്ധമായ വരികൾക്കുദാഹരണം:

കുംഭതാളമിതുമഭിമതം ജനബഹുമതം കുച-
കുംഭനതാംഗികളേ! തിത്താ
ജംഭവൈരിയുടെ യുവതിമാരിഹ ഭവതിമാ-
രിലിമ്പമിയന്നിടുവിൻ [110]

കാവാലം നാരായണപ്പണിക്കർ ഈ താളമാതൃക ധൂളീശില്പം എന്ന കവിതയിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണം:

അന്തിവാർന്ന നിറമൊഴുകവേ

പകലൊഴിയവേ

രുധിരാംഗി മഹാനടിയുണരുന്നു

പഞ്ചവർണ്ണമിട കലരുമീ

ക്കളമെഴുതവേ

തെളികൊണ്ടതു പാർത്ഥിവസൗന്ദര്യം [111]

ഇതേ കവിതയിലെ മറ്റൊരു ഭാഗം:

അഞ്ചു വർണ്ണമൊടു സമരസം

ഇതു നവരസം

വിപുലീകൃതജീവിതസന്ത്രാസം;

ആർത്തിപാപഭയവിദളനം

ലയവിലയനം

അരുണോദയവർണ്ണവികാരവനം [112]

കുംഭതാളത്തിന് അയ്യപ്പപ്പണിക്കർ നല്കുന്ന വായ്ത്താരി:

തക്കതിക്കതകതകത്ധോം

തകതകധോം

അടിഡീങ്കിണ ഡീങ്കിണ തെയ് തിത്താ [113]

ഈ വായ്ത്താരി രണ്ടെണ്ണം ചേർക്കുമ്പോൾ ധൂളീശില്പത്തിലെ കവിതാഭാഗത്തിന്റെ താളഘടന ലഭിക്കുന്നു.

**8. 2. 1. 12. അടന്തതാളം**

നാല് അടി, ഒരു ഇട, നാല് അടി, ഒരു ഇട, ഒരു അടി, ഒരു ഇട (1 2 3 4 X 1 2 3 4 X 1 X 1 X)എന്നതാണ് അടന്തതാളത്തിന്റെ പ്രസിദ്ധമായ ലക്ഷണം. (**3. 2. 8.**) പടയണിയിലും ഈ താളം പ്രയോഗത്തിലുണ്ട്. ഉദാഹരണം:

ശർവ്വനേറ്റം കയർക്കുന്നു

സർവ്വജാലം ഭ്രമിക്കുന്നു

കയർക്കുന്നു തിമർക്കുന്നു

ചെറുക്കും ഭാവമോടോടി[114]

ഈ വരികളുൾപ്പെടുന്ന ഭാഗത്തെ താളം അടന്തയാണെന്ന് പടേനിയുടെ ജീവതാളത്തിൽ കാണാം.[115]

സമാനമായ താളഘടനയ്ക്ക് മറ്റു നാടോടിക്കലകളിലും പ്രചാരമുണ്ട്. കാക്കാരിശ്ശിനാടകത്തിലെ ഒരു വിനോദഗാനം നോക്കുക:

കൊരണ്ടിപ്പള്ളിടുക്കാളി

തെരണ്ടിട്ടും കുളിച്ചില്ല

കുളിച്ചിട്ടും തെരണ്ടില്ല.

കുളിക്കുമ്പം കുളിക്കട്ടെ[116]

ഈ താളമാതൃകയിലുള്ള വരികൾക്ക് കാവാലം നാരായണപ്പണിക്കരുടെ പറപ്പേടി എന്ന കവിതയിൽനിന്ന് ഉദാഹരണം:

1 2 3 4 X 1 2 3 4 X 1 X 1 X

ക ന്നി മ X ങ്ക പ ഴു X ത്തി X ല്ലാ X

കറുത്തില്ലാ കടുത്തില്ലാ

പണിയൊന്നും പടിഞ്ഞില്ലാ

മെയ്മെഴുകെ മെതിഞ്ഞില്ലാ [117]

ആദ്യരണ്ടു വരികളിൽ,

'ധീംതധീംധീം തധീംധീംധീം' എന്നും, തുടർന്നുള്ള ഈരടിയിൽ 'തധീംധീംധീം തധീംധീംധീം' എന്നും ഘടന. ധീംതധീംധീം, തധീംധീംധീം എന്നീ മാതൃകകൾ കവിതകളിൽ ഇടകലർന്നു വരാറുണ്ട്. അപ്പോഴും അടന്ത മുറുകുമ്പോൾ സംഭവിക്കുന്ന മിശ്രഗതിയുടെ സ്വഭാവം നിലനിർത്തുന്നു. താളഘടനയിൽ സ്വാതന്ത്ര്യമെടുത്ത വരികളും കാവാലത്തിന്റെ കവിതയിൽക്കാണാം:

പറപ്പേടി പറപ്പേടി

കറുത്തവർ വെളുത്തോർക്കു

പറപ്പേടി, യൂരുപേടി ഉയിരുപേടി [118]

ഇവിടെ മൂന്നാം വരിയിൽ താളത്തിന്റെ ഒരു അർദ്ധഖണ്ഡംകൂടി ചേർത്ത് ബാക്കി ഭാഗം നിശ്ശബ്ദമാക്കിയിരിക്കുന്നു.

അടന്തതാളത്തിന്റെ മാതൃകയിൽ വരികളുള്ള മറ്റു ചില കവിതകളുമുണ്ട്.ആറ്റൂരിന്റെ ആട്ടം എന്ന കവിതയിൽനിന്ന് ഉദാഹരണം:

അരങ്ങെല്ലാമൊന്നുതന്നെ,
ചടങ്ങെല്ലാമൊന്നുതന്നെ,
കളിക്കുന്നതൊന്നുതന്നെ,
തുടക്കങ്ങൾ, നടുക്കങ്ങൾ,
ഒടുക്കങ്ങളൊന്നുതന്നെ [119]

സച്ചിദാനന്ദന്റെ എഴുത്തച്ഛനെഴുതുമ്പോൾ എന്ന കവിതയുടെയും അടിസ്ഥാനതാളമാതൃക ഇതാണ്. വരികൾ ഉദാഹരണം:

പറക്കുന്നൂ കുതിരക-
ളെഴുത്താണിത്തുമ്പിലൂടെ
പൊളിക്കുന്നൂ കുളമ്പടി
പനയോലത്തടിപ്പാലം
പനയോലയ്ക്കുള്ളിൽ പച്ച-
ത്തഴപ്പാർന്ന സ്മരണക-
ളുണങ്ങിയ ഞരമ്പിന്റെ
ജഡത്തിൽനിന്നുണരുന്നു [120]

"പനയോലയിൽ നാരായമുണ്ടാക്കുന്ന ആ കിറുകിറ ശബ്ദമാണ് ഇവിടെ ലളിതമായ ഒരു പഴയ താളമായി ഉയർന്ന് ഈ കവിതയുടെ രൂപത്തെ നിർണയിക്കുന്നത്"[121] എന്ന് നരേന്ദ്രപ്രസാദ് ഈ കവിതയുടെ താളത്തെ പ്രമേയത്തിന്റെ അന്തരീക്ഷവുമായി ബന്ധിപ്പിക്കുന്നു.

ഡി. വിനയചന്ദ്രന്റെ മഴ നനയുമ്പോൾ എന്ന കവിതയിലും ഈ താളത്തിന്റെ സ്വാധീനമുണ്ട്:

പെരുമഴ നനയുമ്പോൾ
കറുകറെ കറുത്തിട്ടോ
വെളുവെളെ വെളുത്തിട്ടോ
ചിറകെല്ലാം മിടിച്ചിട്ടോ
ചിലമ്പെല്ലാം ചൊടിച്ചിട്ടോ[122]

ഇവിടെ വർണങ്ങളുടെ ആവർത്തനം താളത്തിനു പൊലിമകൂട്ടുന്നു. പദഘടന പാരമ്പര്യത്തെക്കുറിക്കുന്ന സാംസ്കാരികാന്തരീക്ഷമൊരുക്കുകയും ചെയ്യുന്നു.

**8. 2. 1. 13. വല്യടന്ത**

പടയണിയിൽ പ്രയോഗത്തിലുള്ള ഒരു താളമാണ് വല്യടന്ത.

ത - ത - തി - ത - ത - ത - തോം - തോം - തോം - തിമി - തെയ് (രണ്ടു പ്രാവശ്യം) എന്നതാണ് ഇതിന്റെ ലക്ഷണം. (**3. 2. 9.**)

കടമ്മനിട്ടയുടെ ശാന്ത എന്ന കവിതയിലെ,

നിറഞ്ഞ പെണ്ണേ, പുരിങ്കുഴലീ

കരിന്തകര കടഞ്ഞ പെണ്ണേ

കടമ്മനിട്ടക്കാവുതീണ്ടാൻ

നീ ഉണരൂ നീ ഉണരൂ [123]

എന്നീ വരികൾ പദഘടനയിലും താളരൂപത്തിലും ഒരു നാടോടിപ്പാട്ടിനെ ഓർമ്മിപ്പിക്കുന്നു.

കറുത്തപെണ്ണേ! കരിങ്കുഴലീ!

നിനക്കൊരുത്തൻ കിഴക്കുദിച്ചൂ

കാടുവെട്ടി തരം വരുത്തി

തറയുഴുതു പതം വരുത്തി [124]

എന്ന ഗാനത്തിന്റെ ആദ്യവരി കവിതയിൽ ചില മാറ്റങ്ങളോടെ കവിതയിൽ ഉപയോഗിച്ചിരിക്കുന്നു. ഒപ്പം കടമ്മനിട്ടക്കവിതയുടെ സാംസ്കാരികാന്തരീക്ഷവുമായി ബന്ധപ്പെടുന്ന പടയണിയിലും ഈ താളഘടനയ്ക്ക് പ്രചാരമുണ്ട്. പടയണിയിലെ ഭൈരവിക്കോലത്തിനു പാടുന്ന പാട്ടുകളിലൊന്ന്:

കടൽകണക്കേ......പരന്നുവന്ന......

കൊടിയസുമ്പ......സുരബലത്തേ......

അടർനിലത്തോ......ടടുത്തുകൊണ്ട......

ങ്ങിടികണക്കേ......അലറിദേവീ......[125]

ഇതു വല്യടന്തതാളത്തിന്റെ വായ്ത്താരിയെ അടിസ്ഥാനമാക്കി പാടുന്ന പാട്ടാണ്. താളത്തിന്റെ വിളംബകാലം പ്രയോഗിച്ചുകൊണ്ട് അക്ഷരങ്ങൾ ഇടയ്ക്കിടെ വിന്യസിക്കുകയും

താളത്തിന്റെ ബാക്കി ക്രിയാഭാഗത്തെ ഈണംകൊണ്ടു നികത്തുകയുമാണ് ഇത്തരം പാട്ടുകൾ അവതരണത്തിനുപയോഗിക്കുമ്പോൾ ചെയ്യുന്നത്. താരതമ്യേന ദ്രുതകാലത്തിൽ പാടാവുന്ന പ്രസിദ്ധമായ ഒരു നാടോടിപ്പാട്ടിനെ പടയണിയുടെ സാംസ്കാരികപരിസരവുമായി സമന്വയിപ്പിക്കുന്ന കാവ്യകലയാണ് ഇവിടെ കാണുന്നത്.

**8. 2. 1. 14. കുണ്ടനാച്ചി താളം**

നാടോടിക്കലകളുമായി ബന്ധപ്പെട്ട ചെണ്ടമേളത്തിനുപയോഗിക്കുന്ന ഒരു താളമാണ് കുണ്ടനാച്ചി. 'ത ധിം x ധിം x ത ധിം x ധിം x ധിം x ത ധിം x ധിം x ത ധിം x ധ x ത്താ x' എന്നാണ് ഈ താളത്തിന്റെ ഘടന. (**3. 2. 23.**)കുഞ്ചൻ നമ്പിയാരുടെ *ഹരിണീസ്വയംവരം തുള്ളലിൽ* കുണ്ടനാച്ചിതാളത്തിന്റെ ലക്ഷണവും ഈ താളത്തിലുള്ള വരികളുമുണ്ട്. (**4. 2. 8. 2.**) കാവാലം നാരായണപ്പണിക്കരുടെ പൊയ്പോയ പ്രഭാതം എന്ന കവിതയിൽ ഈ താളഘടനയിലുള്ള വരികളുണ്ട്. ഉദാഹരണം:

ത ധിം ധിം
ചി ന്ത കൾ പ ത റു കി ലും
ത ധിം ധിം ധിം
ല ക്ഷ്യം തി രി യാ നു ഴ റും
ത ധിം ധിം
ജ ന ത തി യു ടെ ക ല്പ ന
ത ധിം ധ ത്താ
യോ രോ ഹ ൃ ദ യ ക്ഷേ ത്ര ത്തിൻ [126]

**8. 2. 2. നാടോടിത്താളത്തിന്റെ അടിസ്ഥാനഘടനയിൽ സ്വാതന്ത്ര്യമുപയോഗിക്കുന്നവ**

നാടോടിത്താളങ്ങൾ നേരിട്ടുപയോഗിക്കുക മാത്രമല്ല, താളഖണ്ഡങ്ങളെ പല തരത്തിൽ വിന്യസിച്ചുകൊണ്ട് അവയുടെ അടിസ്ഥാനഘടനയിൽത്തന്നെ സ്വാതന്ത്ര്യമെടുക്കുന്ന രീതിയും ആധുനികകവിതകളിൽക്കാണാം. ചിലപ്പോൾ ഇതിലൂടെ സവിശേഷമായ താളശില്പങ്ങൾതന്നെ രൂപപ്പെടുന്നുണ്ട്. ഉദാഹരണങ്ങൾ:

അയ്യപ്പപ്പണിക്കരുടെ മോഷണം എന്ന കവിതയിലെ ഒരു ഭാഗം:

കോഴിയിറ/ച്ചീം /പശുവിൻപാ/ലും
വൈദ്യൻ/പോലും/ വിലക്കിയില്ലല്ലോ /- എന്റെ
വൈദ്യൻ/പോലും/ വിലക്കിയില്ലല്ലോ./ [127]

ആദ്യരണ്ടുവരി ചേർന്നാൽ ലക്ഷ്മിതാളം. എന്റെ എന്ന ഭാഗം താളാന്ത്യത്തിലുള്ള ഇടയിൽ വരുന്നു. തുടർന്ന് അതേ താളത്തിന്റെ രണ്ടാം പകുതി ആവർത്തിക്കുന്നു. ഇവിടെ താളമല്ല ലക്ഷ്മിതാളത്തിന്റെ ഒരു ഖണ്ഡമാണ് വിളക്കിച്ചേർത്തിരിക്കുന്നത്.

ഈ മാതൃകയ്ക്ക് കുഞ്ചൻ നമ്പ്യാരോടു കടപ്പാടുണ്ട്. *കിരാതം തുള്ളലിൽ*,

കൊട്ടിന്നും പാട്ടിന്നും കുഴലൂത്തിന്നും
ഒട്ടും വിജയ! നിനക്കു രസമില്ലേ?[128]

എന്ന ഭാഗത്ത് കുഴലൂത്തിന്നും എന്ന ഖണ്ഡം ഒഴിവാക്കിയാൽ ലക്ഷ്മിതാളമാണ്. ഇതേ താളത്തിന്റെ ഒരു ഭാഗമായി ഉപയോഗിക്കാവുന്നതാണ് അധികമായി വന്നിരിക്കുന്ന കുഴലൂത്തിന്നും എന്ന ഖണ്ഡം. അതായത് ലക്ഷ്മിതാളത്തിലുള്ള വരിയുടെ ഇടയിൽത്തന്നെ ഒരു താളഖണ്ഡം അധികമായി ചേർത്തിരിക്കുന്നു. കാർട്ടൂൺകവിതകൾ എന്ന പൊതുശീർഷകത്തിൽ വരുന്ന കവിതകളിലൊന്നാണ് മോഷണം. അതുകൊണ്ടുതന്നെ തുള്ളലിലെ താളമാതൃകയുടെ രൂപപരമായ ഹാസ്യാനുകരണസ്വഭാവമുണ്ട്. അയ്യപ്പപ്പണിക്കരുടെ ചൊറി എന്ന കവിതയിലും ഇത്തരത്തിലൊരു ഘടന കാണാം.

| | |
|---|---|
| ആദ്യത്തെ/ച്ചൊറി വന്നെ/ന്റെ/ | തിത്തിത്തെയ് തികിതിത്തെയ് |
| /വലം മുട്ടിൽ മുട്ടിയിരിക്കുന്നു | തിത്തെയ് തികിതെയ് തിതെയ്തതികിതത്തെയ് |
| അവസാന/ത്തെ/ച്ചൊറി വന്നെന്റെ- | തികിതിത്തെയ് തികിതിത്തെയ് |
| യിടം മുട്ടിൽ മുട്ടിയിരിക്കുന്നു. | തിത്തെയ് തികിതെയ് തിതെയ്തതികിതത്തെയ് |
| ചൊറിയണ്ടേ, ചൊറിയണ്ടേ, | തികിതിത്തെയ് തികിതിത്തെയ് |
| ചൊറിയണ്ടേ, ഹേ, മാളോരേ | തികിതിത്തെയ് തെയ് തിത്തിത്തെയ് [129] |

ഇതിൽ ആദ്യരണ്ടുവരികളിൽ ലക്ഷ്മിതാളത്തിന്റെ രീതി പിന്തുടർന്നുകൊണ്ടുതന്നെ അക്ഷരങ്ങളിൽ ഏറ്റക്കുറച്ചിൽ വരുത്തുന്നു. അവസാനത്തെ വരി ഇതേ താളത്തിന്റെ ചില ഖണ്ഡങ്ങൾചേർത്തു നിർമ്മിച്ചതാണ്.

അയ്യപ്പപ്പണിക്കരുടെ ആനക്കഥയിലെ ചില വരികൾ മർമ്മതാളത്തിന്റെ ഘടനയിൽ ഊനതവന്ന നിലയിലാണ്:

1 X 1 2 X 1 2 3 X 1 2 3 4 X
ഒരു നാ ളും നടന്നി ടാ ത്തൊരു കഥ ഞാൻ പറ യ ട്ടെ
ഒരു നാവും ഉരിയാടാത്തൊരു കഥ ഞാൻ പറയട്ടെ [130]

രണ്ടു വരികളും നാലടി, ഒരിട എന്ന ഘടനയിലുള്ള മർമ്മതാളത്തിന്റെ അവസാനഖണ്ഡത്തിലെ മൂന്നാം അടിയിൽ അവസാനിക്കുന്നു.

എൻ. എൻ. കക്കാടിന്റെ ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന് എന്ന കവിതയിൽ ഈ രീതിയുടെ വിപുലമായ പ്രയോഗം കാണാം.

| | |
|---|---|
| രക്തം മോന്തിത്തുടുത്ത കവിളുകളും | തിത്തെയ് തികിതെയ് തിതെയ്തതികിതത്തെയ് |
| തുടുത്ത നീളൻ പല്ലുകളും | തിതെയ്തതികിത തിത്തിത്തെയ് |
| വെണ്ണപ്പൂവുടലും | തിതെയ്തതികിതത്തെയ് |
| പൊന്നാരക്കുടവയറും; | തിത്തിത്തെയ്തികിതിത്തെയ് |
| നിലംതൊടാതെ ചരിപ്പൂ കണ്ടപ്പൻ [131] | തിത്തെയ് തികിതെയ് തിതെയ്തതികിതത്തെയ് |

ഇതിൽ ലക്ഷ്മിതാളത്തിന്റെ പല ഖണ്ഡങ്ങൾ യോജിപ്പിച്ചിരിക്കുന്നു.

| | |
|---|---|
| കമ്പികളിൽ കാലുകളിൽ | തിത്തിത്തെയ് തികിതിത്തെയ് |
| പറിച്ചുതൂക്കിയ കണ്ണുകളിൽ | തിതെയ്തതികിത തിത്തിത്തെയ് |
| കത്തും ക്രൂരജ്വാലകളിൽ കണ്ടേൻ[132] | തിത്തെയ് തികിതെയ് തിതെയ്തതികിതത്തെയ് |

ഇവിടെയും ലക്ഷ്മിതാളഖണ്ഡങ്ങളുടെ ചേരുവതന്നെ. മറ്റൊരു മാതൃക:

| | |
|---|---|
| പുഴുവായ്, കാറ്റായ്, മഞ്ഞായ് | തികിതെയ് തിത്തെയ് തിത്തെയ് |
| പഴുതിൽക്കൂടെപ്പുറത്തുവരുമല്ലോ [133] | തിത്തെയ് തികിതെയ് തിതെയ്തതികിതത്തെയ് |

കാവാലം നാരായണപ്പണിക്കരുടെ കുടുംബയോഗം എന്ന കവിതയിലെ ഒരു ഖണ്ഡം:

| | |
|---|---|
| ഇത്തറവാടിൻ വിശ്രുതിയുലകിൻ | തിത്തിത്തിത്തിത്തിത്തെയ് |
| വിസ്തൃതിയോളം ചെന്ന് | തിത്തിത്തിത്തെയ് |
| മറുവിളിയായി മടങ്ങിവരുമ്പോ- | തിത്തിത്തിത്തിത്തിത്തെയ് |
| ളീ ശബ്ദം - പുകൾശബ്ദം | തിത്തിത്തെയ് - തികിതിത്തെയ് |
| പൊട്ടിവിരിഞ്ഞോരിടമേതെന്നതു | തിത്തെയ്തികിതെയ്തിതെയ്തതികിത |
| സന്ദേഹം [134] | ത്തെയ് ധിത്താ |

ഇതിൽ രണ്ടാം വരിയൊഴികെയുള്ള ഭാഗത്തിന് വല്യലക്ഷ്മിതാളത്തിന്റെ ഘടന. താളാന്ത്യത്തിലുള്ള ഇട നാലു മാത്രകൊണ്ടു നികത്തിയിരിക്കുന്നു. കവിതയിൽ ഇതേ താളഘടന ആവർത്തിക്കുന്നു എന്ന പ്രത്യേകതയുമുണ്ട്.

അമ്മേ ഞാൻ നിന്റെ വയറ്റിൽ
നീയെന്റെ മനസ്സിൽ [135]

മർമ്മതാളത്തിന്റെ ഊനരൂപമാണിത്. നാല് അടികളുള്ള അവസാനഖണ്ഡത്തിലെ മൂന്നാം അടിയിൽ വരികൾ അവസാനിക്കുന്നു.

കാവാലത്തിന്റെ പുലർകാലം എന്ന കവിതയിൽ പടയണിയിലുപയോഗിക്കുന്ന അട ന്തതാളത്തെ ഓർമ്മിപ്പിക്കുന്ന വരികളിൽ സ്വാതന്ത്ര്യമെടുക്കുന്നതു കാണാം:

കെഴക്കത്തെ വരമ്പത്ത്

കളക്കറ്റ, പിടിക്കറ്റ

തുടുതുടത്തുടിച്ചേ

കുടിക്കറ്റ, കുതിക്കറ്റ

ചൊകചൊകച്ചൊടിച്ചേ [136]

ഇതിലെ മൂന്നും അഞ്ചും വരികളിൽ ഒരക്ഷരം കുറവുണ്ട്.

കടമ്മനിട്ടയുടെ കോഴി എന്ന കവിതയിലെ താളം ലളിതമാണെങ്കിലും അതിന്റെ നിഷ്പത്തിയെ സംബന്ധിച്ച് ചർച്ചകളുണ്ടായിട്ടുണ്ട്. കവിതയിൽനിന്ന് ഉദാഹരണം:

തള്ളക്കോഴി പറഞ്ഞുതുടങ്ങീ:

'കൊക്കൊ കൊക്കക്കോ....'

കൊക്കിന്നുള്ളിലുടക്കിയതെന്തേ?

കൊത്തിവിഴുങ്ങിയ മുള്ളോ? [137]

ഇതിന്റെ താളഘടനയെക്കുറിച്ച്:

"പേരെന്തെന്ന് ഇനിയും വ്യക്തമായിട്ടില്ലാത്ത ഈ പടയണിത്താളത്തിന്റെ വായ്ത്താരി ഇങ്ങനെയാണ്:

തിക്കിത-തക്കിത-തിക്കിത-തക്കിത-തോം-

തോംതോം-തോംതോം-തോം-തോംതോം-തിമി-തെയ്

എന്നാൽ ഈ താളത്തിന്റെ തത്സമപ്രയോഗമല്ല, രാമകൃഷ്ണൻ 'കോഴി'യിൽ പ്രയോ ഗിച്ചിരിക്കുന്നത്....ജനകീയ വായ്പ്പാഠത്തിൽനിന്നും 'തോംതോം തോംതോം തോം എന്ന പാഠ ഭാഗം വർജ്ജിച്ചാൽ,

തിക്കിത-തക്കിത-തിക്കിത-തക്കിത-

തോം-തോംതോം-തിമി-തെയ്

എന്ന വായ്പ്പാഠം കിട്ടും. രാമകൃഷ്ണന്റെ സിദ്ധിവിശേഷത്തിന്റെ മൂശയിലുരുകിത്തെ ളിഞ്ഞ ഈ താളത്തിലാണ് 'കോഴി' എഴുതപ്പെട്ടിരിക്കുന്നത്. [138]

കടമ്മനിട്ടയുടെ കുറത്തിയിലെ താളഘടനയെക്കുറിച്ചു നടന്നിട്ടുള്ള ചർച്ചകൾ കവിതയും താളവും ചേർത്തുവയ്ക്കുമ്പോഴത്തെ ചില അടിസ്ഥാനപ്രശ്നങ്ങളെക്കൂടി സംബോധന ചെയ്യുന്നു. കവിതയിൽനിന്ന് ഉദാഹരണം:

മലഞ്ചൂരൽ മടയിൽനിന്നും

കുറത്തിയെത്തുന്നു

വിളഞ്ഞ ചൂരപ്പനമ്പുപോലെ

കുറത്തിയെത്തുന്നു [139]

മന്ദഗതിയിലാരംഭിച്ച് ക്രമേണ ചടുലമായിത്തീരുന്ന തരത്തിലാണ് കവിതയുടെ ഘടന. അതുകൊണ്ടുതന്നെ മിശ്രഗതിയിലുള്ള ഈ താളത്തിന്റെ അന്ത്യത്തിലുള്ള ഇട നികത്തുന്നതാണ് ഇതിന്റെ രണ്ടാം ഘട്ടം:

പൂത്ത മാമര/ച്ചോട്ടിൽ നിങ്ങൾ/

കാറ്റുകൊണ്ടു മ/യങ്ങിയപ്പോൾ/

കണ്ണുചിമ്മാ/തവിടെ ഞങ്ങൾ/

കാവൽ നിന്നില്ലേ/ ഞങ്ങൾ [140]

അടുത്ത ഘട്ടത്തിൽ ഗതിക്രമം നിലനിർത്തിക്കൊണ്ടുതന്നെ അക്ഷരസംഖ്യയിൽ ഇരട്ടിപ്പുവരുത്തുന്നു:

പുതിയ നീതികൾ/ നീതിപാലകർ/

കഴുമരങ്ങൾ/ ചാട്ടവാറുകൾ/

കൽത്തുറുങ്കുകൾ/ കോട്ടകൊത്തള-/

മാനതേരുക/ളാലവട്ടം/ [141]

പിന്നെ അക്ഷരസമൃദ്ധിയിലേക്കു പരിവർത്തനപ്പെടുന്നതിനൊപ്പം ഗണസംഖ്യയിലും വ്യത്യാസം വരുന്നു:

അടിമ ഞങ്ങൾ,/ ഹരിയുമല്ല,/ ദൈവമല്ല,/

മാടുമല്ല,/ ഇഴയുമെന്നാൽ/ പുഴുവുമല്ല,/

കൊഴിയുമെന്നാൽ/ പൂവുമല്ല,/ അടിമഞങ്ങൾ./

നടുവു കൂനി/ക്കൂനിയെന്നാൽ/ നാലുകാലിൽ ന/ടത്തമരുത്/

രണ്ടു കാലിൽ ന/ടന്നുപോയാൽ/ ചുട്ടുപൊള്ളി/ക്കും.

നടുവുനൂർക്കണ/മെന്നു ചൊന്നാൽ/ നാവു പൊള്ളി/ക്കും [142]

“പടയണിയിലെ ‘തത്തക്കത്തിമിതോം തികത്തക’ എന്ന പുലവൃത്തത്തിന്റെ താളവുമായും... അതിന്റെ പാട്ടിന്റെ ശീലുമായും ബന്ധപ്പെട്ട ഈണമാണ് കുറത്തിയിൽ ആരംഭിക്കുന്നതെന്ന്” നിരീക്ഷിക്കുന്ന നരേന്ദ്രപ്രസാദ്, “പടയണിയിലെ താളത്തെ വെട്ടിമുറിച്ചുകൊണ്ടാണ് കുറത്തിയിലെ ആദ്യത്തെ വരിതന്നെ എഴുതപ്പെട്ടത്” എന്നും ചൂണ്ടിക്കാണിക്കുന്നു. [143]

“ഒരു സാധാരണ കുറത്തിയാട്ടക്കാരി മർദ്ദിതരുടെ കാളിയായി മാറുന്നതിന്റെ ഭാവാരോഹണമാണ് ഈ കവിതയിലെ താളശില്പമായിത്തീരുന്നത്”[144] എന്നഭിപ്രായപ്പെടുന്ന അദ്ദേഹം കവിതയുടെ താളഘടനയിൽ ക്രമമായി സംഭവിക്കുന്ന ചടുലതയും ശ്രദ്ധിക്കുന്നുണ്ട്.

കവിതയിലെ ഭാവഘടനയും താളവുംതമ്മിലുള്ള ബന്ധംതന്നെ അപഗ്രഥനവിഷയമാക്കുന്ന ടി. പി. സുകുമാരന് കുറത്തിയുടെ താളഘടനയെപ്പറ്റി വ്യത്യസ്താഭിപ്രായമാണുള്ളത്. കവിതയിലെ ആഖ്യാതാവ്, ഭാവം എന്നിവയെ താളവുമായി ബന്ധപ്പെടുത്തി അദ്ദേഹം പറയുന്നു:

“കുറത്തിയിൽ ഉത്തമപുരുഷപ്രഭാവമാണുള്ളത്. അവിടത്തെ നടയോ അതിനിണങ്ങാത്ത മിശ്രനടയും. കുറത്തിയുടെ അവതരണസന്ദർഭത്തിൽ ഇതും ചേരും. പക്ഷേ അവിടന്നങ്ങോട്ട് അവളുടെ ആക്രോശമാണല്ലോ. ആക്രോശത്തിനിണങ്ങുകയേയില്ല മിശ്രനട.”[145]

വി. സി. ശ്രീജനും ഈ കവിതയിലെ താളഗതിയെക്കുറിച്ച് ഭിന്നാഭിപ്രായമാണുള്ളത്:

“ദ്രുതഗതിയിലുള്ള ചലനങ്ങളും ഗോത്രബിംബങ്ങളും ചേർന്നുണ്ടാക്കുന്ന മോഹവലയത്തിൽ വായനക്കാർ ഊർജസ്വലതയെ അതിന്റെ കേവലരൂപത്തിൽ അനുഭവിക്കുമ്പോൾ മറുവശത്ത് കവിതയുടെ മന്ദമായ താളഗതിയും വിപരീതമായ ആന്തരികഗതിയും ചേർന്ന് അതിന്റെ പ്രത്യക്ഷസന്ദേശത്തെ നിരാകരിക്കുന്നു.”[146]

ആഖ്യാനരീതി, ഭാവം എന്നിവയുമായി ബന്ധപ്പെടുത്തി താളഗതിയെ സാമാന്യവത്ക്കരിക്കുന്ന സൗന്ദര്യശാസ്ത്രപരമായ പ്രശ്നമാണ് ഇവിടെയുള്ളത്. മിശ്രഗതി “ആക്രോശത്തിനിണങ്ങുകയേയില്ല മിശ്രനട” എന്ന അഭിപ്രായം കൗതുകകരമാണ്. പടയണിയിലെ കാലൻകോലത്തിന്റെ തുള്ളലിൽ “താളം ചടുലമാകു”കയും “അതിശക്തമായ പോരു നടക്കു”കയുമൊക്കെച്ചെയ്യുമ്പോഴുള്ള[147] പാട്ടുകൾ മിശ്രഗതിയിലാണ്:

ഉർവിയാകെ വിറയ്ക്കുന്നു
ഗർവ്വമുള്ളിലുറയ്ക്കുന്നു
ശർവ്വനേറ്റം കയർക്കുന്നു

സർവ്വജാലം ഭ്രമിക്കുന്നു[148]

മറ്റൊരു ദൃശ്യകലയായ കഥകളിയിൽ മിശ്രഗതിയിലുള്ള മുറിയടന്തതാളംതന്നെ വീര രൗദ്രഭാവങ്ങൾക്കാണ് പ്രധാനമായും ഉപയോഗിക്കുന്നത്. അത്തരത്തിലുള്ള നിരവധി സന്ദർഭ ങ്ങളിൽനിന്ന് ദക്ഷയാഗം കഥകളിയിൽ വീരഭദ്രനും ഭദ്രകാളിയുംകൂടി ദക്ഷനോടേറ്റുമുട്ടുന്ന ഭാഗത്തെ "അന്തകാന്തകവൈഭവം ഹൃദി..." എന്ന പദം ഉദാഹരണം.[149]

ഇവിടെയൊക്കെ താളഗതിയെക്കാൾ കാലപരിണാമമാണ് ഭാവവുമായി നേരിട്ടു ബന്ധ പ്പെടുന്നത്.

മറ്റൊന്ന് നാടോടിക്കലകളിൽ മിശ്രഗതിയെ നിർണയിക്കുന്ന ഏഴിന്റെ കണക്കു കൾക്കുള്ള സാംസ്കാരികമായ പ്രസക്തിയാണ്. പടയണിയിലാകെത്തന്നെ ഏഴിന്റെ കണ ക്കുകൾ പിന്തുടരുന്ന അടന്തതാളത്തിന്റെയും മർമ്മതാളത്തിന്റെയും വകഭേദങ്ങൾക്ക് വലിയ പ്രചാരമുണ്ട്. കേരളത്തിലെ ചെണ്ടമേളങ്ങൾ മറ്റൊരുദാഹരണം. ആറിന്റെയും എട്ടിന്റെയും കണക്കുകളുള്ള പഞ്ചാരിമേളവും ഏഴിന്റെ പെരുക്കങ്ങളിലൂന്നിയ പാണ്ടിമേളവുമാണ് അവ യിൽ പ്രധാനം. "സൗന്ദര്യത്തിൽ പഞ്ചാരിയും ഗാംഭീര്യത്തിൽ പാണ്ടിയുമാണ് മികച്ചതെന്നു"[150] മേളപ്രിയന്മാർ പറയുമ്പോഴും "അല്പമൊരസുരവാദ്യച്ഛായ"യുള്ള പാണ്ടിമേളം "ക്ഷേത്രമ തില്ക്കത്തു സാധാരണ കൊട്ടാറില്ല."[151] താളജാതികളിൽ ചതുരശ്രത്തെയും ത്ര്യശ്രത്തെയും യഥാക്രമം ബ്രാഹ്മണനും ക്ഷത്രിയനുമായിക്കരുതുന്ന *താളചമുത്തിരം* മിശ്ര-ഖണ്ഡങ്ങളെ വൈശ്യ-ശൂദ്രന്മാരായാണ് ഗണിക്കുന്നത് [152] എന്നതും ഇതിനോടു ചേർത്തുവയ്ക്കാം. അധഃ സ്ഥിതജനതയുമായി മിശ്രഗതിക്കും ജാതിക്കുമുള്ള സജീവബന്ധത്തെയാണ് ഇവയെല്ലാം സൂചി പ്പിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, സൗന്ദര്യശാസ്ത്രപരവും സാംസ്കാരികവുമായി പരിശോ ധിച്ചാൽ, കുറത്തിയിലെ താളഗതിയുമായി വിയോജിക്കുന്ന വിമർശനങ്ങൾ ആത്മനിഷ്ഠമാ ണെന്നുതന്നെ പറയേണ്ടിവരും.

**8. 2. 3. പല നാടോടിത്താളങ്ങളോ താളഖണ്ഡങ്ങളോ വിളക്കിച്ചേർത്ത് താളക്കൂട്ടുകൾ നിർമ്മിക്കുന്നവ**

ചില കവിതകളിൽ പല നാടോടിത്താളങ്ങൾ തമ്മിൽ കലർത്തുന്നതു കാണാം. താള ഗതിയുടെ ഏകതാനത ഇല്ലാതാക്കുന്നതിനും രൂപവൈചിത്ര്യം വരുത്തുന്നതിനുമൊക്കെ ഈ രീതി സഹായകമാകുന്നു. അയ്യപ്പപ്പണിക്കരുടെ വിധി എന്ന കവിത ഉദാഹരണം.:

ഒരുപാടുണ്ടറിയാനിനിയും

പല ചോദ്യവുമറിയില്ലിനിയും

എന്നിട്ടും:

വിധിയിന്നലെയെന്നെക്കാൺകെ

വഴിമാറി നടന്നേപോയി. [153]

മർമ്മതാളത്തിൽ ചൊല്ലാവുന്ന പൂർണമായ രണ്ടു താളവട്ടങ്ങൾക്കിടയിൽ എന്നിട്ടും എന്ന് രൂപതാളത്തിൽ ചൊല്ലാവുന്ന ഒരു വരി ചേർത്തിരിക്കുന്നു. അയ്യപ്പപ്പണിക്കരുടെ കവിതയിൽനിന്ന് മറ്റൊരുദാഹരണം:

മഴയങ്ങനെ

കുനു കുനു കുനു കുനു

പുഴയിങ്ങനെ

ഗുളു ഗുളു ഗുഗ്ഗുളു

......................................

പൊഴിയുന്നു-

ണ്ടൊഴുകുന്നു-

ണ്ടിഴയുന്നു-

ണ്ടഴകിങ്ങനെ [154]

ഇതിലെ ആദ്യത്തെ നാലു വരികൾ ചേർത്താൽ മർമ്മതാളത്തിന്റെ ഒരു താളവട്ടമാകും. ഇതേ ഘടനയിലുള്ള വരികളെത്തുടർന്നുള്ള അവസാനഖണ്ഡത്തിലെ ഓരോ വരിയും രൂപതാളത്തിന്റെ ഓരോ താളവട്ടമാണ്. കക്കാടിന്റെ കവിതകളിലും ഈ രീതിക്കു പ്രചാരമുണ്ട്. ഉദാഹരണം:

1 2 3 4 X 1 2 X 1 X

കാ ലുക ളെൻ നീൾ നിഴ ലിൽത്തന്നെചവിട്ടി-X

പ്പൂലരിക്കതിരേറ്റു നടന്നേൻ

(ഭാഗ്യം മേ നിഴലിന്നെങ്കിലുമുണ്ടല്ലോ നീളം!) [155]

ഇതിൽ ആദ്യവരി ചമ്പതാള(**3. 2. 16.**)ത്തിലാണ്. രണ്ടും മൂന്നും വരികൾ മർമ്മതാളത്തിന് രണ്ടുതരത്തിൽ ഊനതവന്ന നിലയിലാണ്.

അദ്ദേഹത്തിന്റെ ഫയലുകൾ എന്ന കവിതയിൽ മറ്റൊരു ചേരുവ കാണാം:

1 X 1 2 X 1 2 3 X

ക ണ്ണുക ളിൽ ച ത്തുകി ട പ്പൂ വാ ക്കുകൾ

1 X 1 2 X 1 2 3 4 5 X

ക ണ്ഠ ത്തിൽ ബോ ധം കെ ട്ടുകി ട പ്പൂ ശ ബ്ദം

1 2 3 4 X 1 2 X 1 X

കൊടു മര വി പ്പാർ ന്നുകി ട പ്പൂ വിര ലുകൾ [156]

ഈ ഭാഗത്ത് ഒന്നാം വരിയിൽ 1 X 1 2 X 1 2 3 X എന്ന കാരികതാളത്തിന്റെ ഘടനയും രണ്ടാം വരിയിൽ ഏകം, രൂപം, പഞ്ചാരി എന്നിവ ചേർന്ന താളക്കൂട്ടും മൂന്നാംവരിയിൽ ചമ്പ താളത്തിന്റെ ഘടനയുമാണ്.

ഇതേ കവിതയിൽനിന്ന് മറ്റൊരുദാഹരണം:

കാണാക്കാട്ടിലിരുൾപ്പൊന്തയി-

ലെങ്ങാനൊരു പാറക്കെട്ടിന്നടിയിൽ ഗുഹയിൽ

ബാല്യസ്മൃതിപോലെ ചെരിഞ്ഞു മറിഞ്ഞു കിടപ്പൂ [157]

ഇതിലെ ഒന്നാം വരി മർമ്മതാളത്തിന്റെ പകുതിയും രണ്ടും മൂന്നും വരികളിൽ ഏകം, രൂപം, പഞ്ചാരി എന്നിവചേർന്ന താളക്കൂട്ടുമാണുള്ളത്.

കവിതയും നാടോടിത്താളവും തമ്മിലുള്ള സജീവബന്ധത്തിന്റെ മാതൃകയാണ് കാവാലം നാരായണപ്പണിക്കരുടെ ധളീശില്പം എന്ന കവിത. ഇതിൽ പല തരം താളക്കൂട്ടുകൾ ഉപയോഗിക്കുന്നു. ഉദാഹരണം:

ദിക്കുകളുടെയന്തം വരെയു-

മനന്തതയുടെയത്ഭുതശക്തിയിൽ

വളരുമ്പോൾ,

പൊരുതും ദാരിക ദാനവ-

നുയരുന്നു- പാറുന്നു

കോടക്കാറ്റിൻ പറിഞ്ഞ ചിറകുകളിൽ [158]

പ്രത്യക്ഷമായും വിവിധതാളങ്ങൾ കൊരുത്തുചേർത്തു നിർമ്മിച്ച ഈ വരികളിൽ. ആദ്യത്തെ രണ്ടു വരി രൂപഞ്ചമ്പടതാളത്തിലും തുടർന്നുള്ള ഈരടി കാരികതാളത്തിലും പിന്നീടുള്ള ഈരടി ലക്ഷ്മിതാളത്തിലുമാണ്. ഇതേ കവിതയിൽനിന്ന് [159] മറ്റൊരുദാഹരണം:

| | |
|---|---|
| ചായം കൂടിക്കുഴയുമിട- | രൂപഞ്ചമ്പട |
| ത്തെല്ലാവടിവും മാഞ്ഞിട്ടും | രൂപഞ്ചമ്പട |
| ദാരികനോടുള്ളിലെഴും | രൂപതാളം രണ്ടു താളവട്ടം |

കോപജ്വാലയടങ്ങി,- രൂപതാളം രണ്ടു താളവട്ടം

ച്ചിന്താമണിഹർമ്മ്യമിരിക്കും

നീപോപവനത്തിനു മദ്ധ്യേ മർമ്മതാളം

നാഭിച്ചുഴിയുടെയാഴം രൂപതാളം രണ്ടു താളവട്ടം

തൂത്തു നിരത്തിയതിൻ മുകളിൽ രൂപഞ്ചമ്പട

ക്കുന്നുകളായ്- ക്കാണുന്നു

കനിവു ചുരത്താൻ കുമിഞ്ഞ മുല രണ്ടും ലക്ഷ്മിതാളം

താളത്തിന്റെ പല മാതൃകകൾ വിന്യസിക്കുകയും ഒടുവിൽ ലക്ഷ്മിതാളത്തിന്റെ ഘടനയിൽ അവസാനിപ്പിക്കുകയും ചെയ്യുന്നത് ഈ കവിതയിൽ പലയിടത്തും കാണാം.

കാവാലത്തിന്റെ മറ്റു ചില കവിതകളിലും ഇത്തരം താളക്കൂട്ടുകൾ കാണാം. വിൽക്കുന്നില്ലിവിടം എന്ന കവിതയിൽനിന്ന് ഉദാഹരണം:

എന്റെ കഥാകഥനമൊഴുക്കിയ

നിമ്നഗവഴി വെള്ളം കയറി-

പ്പിന്നോട്ടു തുഴഞ്ഞെത്തുമ്പോൾ

തടഭൂവിൽ തലപൊക്കി-

ക്കാണുവതെൻ തറവാട് [160]

ഇതിൽ ആദ്യത്തെ ഈരടി മർമ്മതാളവും മൂന്നാം വരി രൂപഞ്ചമ്പടയും തുടർന്നുള്ള ഈരടിയിലെ ഒരോ വരിയിലും രൂപതാളത്തിന്റെ ഈരണ്ടു താളവട്ടവുമാണ്.

കാവാലം കവിതകളിൽനിന്ന് മറ്റൊരുദാഹരണം:

പർണ്ണാസസ് മലകളിൽനിന്നു

വ/രുന്നൊരിളംകാ-

റ്റിങ്ങനെയെൻ ചെവിയിൽ മുരണ്ടൂ [161]

ഇവിടെ രൂപഞ്ചമ്പടയിലുള്ള രണ്ടു വരികൾക്കിടയിൽ ചമ്പടതാളത്തിലുള്ള ഒരു വരി സന്നിവേശിപ്പിച്ചിരിക്കുന്നു.

**8. 2. 4. നാടോടിത്താളഖണ്ഡങ്ങളും ഗതിഭേദങ്ങളും ഇടകലർത്തുന്നവ.**

വിവിധഗതികളെ അടിസ്ഥാനമാക്കുന്ന കവിതകളിൽത്തന്നെ ഇടയ്ക്ക് നാടോടിത്താളങ്ങളോ താളഖണ്ഡങ്ങളോ ചേർക്കുന്ന രീതി ആധുനികകവിതകളിൽ കാണാം. ചതുരശ്രഗതി പിന്തുടരുന്ന മുക്തച്ഛന്ദസ്സിൽ ഘടനാവൈചിത്ര്യം വരുത്തുന്നതിനുവേണ്ടിയാണ് കവി

കൾ പ്രധാനമായും ഈ രീതി അവലംബിക്കുന്നത്. ആധുനികതയുടെ രണ്ടാം ഘട്ടത്തിലുള്ള കവിതകളിൽ മുക്തച്ഛന്ദസ്സിൽ നടന്ന രൂപപരീക്ഷണങ്ങളാണ് ഇത്തരം ഘടനാവൈചിത്ര്യങ്ങൾക്കു വഴിവച്ചത്.

അയ്യപ്പപ്പണിക്കരുടെ ചന്ദനരേഖ എന്ന കവിതയിൽനിന്ന് ഉദാഹരണം:

വഴിയോരപ്പുല്ലിൻ നാമ്പുകൾ
വിരിഞ്ഞ കഥയെന്തറിയാമോ?
	-അറിയി/ല്ലാ അറി/യില്ല/ല്ലോ
കാലിന്നടിയിലെ മുക്കുറ്റിപ്പൂ
മൂളിയ പാട്ടെന്തറിയാമോ?
	-അറിയി/ല്ലാ, അറി/യില്ല/ല്ലോ [162]

ഇതിൽ ആദ്യത്തെ ഈരടിക്ക് മർമ്മതാളത്തിലുള്ള അക്ഷരങ്ങൾക്കൊടുവിൽ ഒരു ഗുരുവക്ഷരം കൂടി ചേർന്ന ഘടനയാണ്. തുടർന്നുള്ള ഒരുവരിക്ക് ചതുരശ്രഗതിസ്വഭാവം. വീണ്ടും ആദ്യ ഈരടിയുടെ ഘടന, തുടർന്നുള്ള വരിക്ക് ചതുരശ്രഗതി എന്ന രീതിതന്നെ. 'അറിയില്ലാ അറിയില്ലല്ലോ' എന്ന നാടോടിഗാനസ്വഭാവമുള്ള വരിയുടെ ആവർത്തനത്തിലൂടെ ഘടനയ്ക്ക് പൊതുവെ ലഭിക്കുന്ന നാടോടിസ്വഭാവവും ശ്രദ്ധേയം.

അയ്യപ്പപ്പണിക്കരുടെ മറ്റൊരു കവിത:

ഉപ്പുരസത്തിൻ
	കയ്പുകൾ ചാലി-
		ച്ചൊപ്പിയെടുക്കും പോൽ
ഒരുതുള്ളി കണ്ണീരാലെൻ
	കണ്ണുകൾ കഴുകിത്തരുമോ നീ? (മർമ്മതാളം ഒരക്ഷരം കൂടുതൽ)
കാണട്ടെ
	ഞാനീയുലകിൻ
		കാണാനിറമെല്ലാം [163] (മർമ്മതാളം ഒരക്ഷരം കുറവ്)

ഇതിൽ ദൃശ്യത്തിനും പ്രാധാന്യം നല്കി അക്ഷരങ്ങളടുക്കിയിരിക്കുന്ന ആദ്യത്തെ മൂന്നുവരി ചതുരശ്രഗതിയിലാണ്. തുടർന്നുള്ള ഈരടിക്ക് മർമ്മതാളത്തിന്റെ ഘടനതന്നെ. അതിന്റെ അന്ത്യാക്ഷരം താളത്തിന്റെ അവസാനത്തിലുള്ള ഇടയിലാണെന്ന സവിശേഷതയുമുണ്ട്. അവസാനത്തെ മൂന്നു വരി ചേരുമ്പോഴും മർമ്മതാളത്തിന്റെ ഘടനയാണെങ്കിലും താള

ത്തിന്റെ നാലടികളുള്ള ഖണ്ഡത്തിലെ മൂന്നാം അടിയിൽ അക്ഷരം അവസാനിക്കുന്നു എന്ന പ്രത്യേകതയുണ്ട്.

എം. ഗോവിന്ദന്റെ കവിതയിൽനിന്ന് ഉദാഹരണം:

പെരുകീ പുരുഷാരം, പെരുവയറന്മാർ

പെറുവാന്മാത്രം നോവുകളുള്ളവർ [164]

മരണത്തിൽ ജീവിതത്തിൽ എന്ന കവിതയിലെ ഈ ഘടനയിൽ ആദ്യത്തെ വരി കാരികതാളത്തിലാണ്. നാലടി, ഒരു ഇട എന്ന രീതിയിലും പടയണിയിലേതുപോലെ 1 X 1 2 X 1 2 3 X എന്ന ക്രമത്തിലും (**3. 2. 16.**) ചൊല്ലാം. കുഞ്ചൻ നമ്പിയാരുടെ ഹരിണീസ്വയംവരം തുള്ളലിൽ,

'നാരികളെല്ലാമിഹ നാടകമാടും'

എന്നിങ്ങനെ കാരികതാളത്തിലുള്ള വരികളുടെ മാത്രാഘടനയാണ് ഈ വരിക്ക്. അടുത്ത വരി ചതുരശ്രഗതിയിലുള്ള നാലു ഗണങ്ങളിലൂടെ തരംഗിണിവൃത്തരീതിയിലാകുന്നു.

എം. ഗോവിന്ദന്റെ അരങ്ങേറ്റം എന്ന കവിതയിൽ ഇതിന്റെ മറ്റൊരു രൂപം കാണാം:

കാതില/ണച്ചും,/ കണ്ണിലി/ണച്ചും,/ കരളിൽ/ക്കുരുതിനു/ണച്ചും/

കുളിർകോരിപ്പകരും തനുവായ്, താരുകളുതിരും തരുവായ്

കുനുകുനു/വടിവിൽ,/ കുറുകിയ/ മധുരം/ കലരും/ മൊഴിയിൽ/

കുരലാൽ,/ വിരലാ/ലക്ഷര/ലക്ഷാർ/ച്ചനയായ് [165]

ഇവിടെ ഒന്നും മൂന്നും നാലും വരികൾ യഥാക്രമം ഏഴ്, ആറ്, അഞ്ച് ഗണങ്ങൾ വീതം വിന്യസിച്ച ചതുരശ്രഗതിക്രമമുള്ള വരികളാണ്. മൂന്നാം വരിക്ക് മർമ്മതാളത്തിന്റെ ഘടനയാണ്.

സാങ്കേതികമായിത്തന്നെ വാദ്യകല അഭ്യസിച്ച എൻ. എൻ. കക്കാടിന്റെ കവിതകളിൽ ഈ രീതിക്കു ധാരാളം ഉദാഹരണങ്ങളുണ്ട്. കക്കാടിന്റെ തീർത്ഥാടനം എന്ന കവിതയിലെ ഒരു ഭാഗം നോക്കുക:

കിങ്ങിണി/ കെട്ടി-/

ച്ചിലങ്ക/ ചാർത്തി,-/

1 X 1 2 X 1 X

ക്ക ങണ മണി മാ ലക ളാ ടി,-

ക്കിളുന്തു/ചുണ്ടിൽ/ പുഞ്ചിരി/ ചൂടി [166]

ഇതിൽ ആദ്യത്തെ രണ്ടു വരിയിൽ ചതുരശ്രഗതിയിലുള്ള രണ്ടു ഗണങ്ങളാണുള്ളത്. നാലാം വരിയിൽ അത്തരത്തിലുള്ള നാലു ഗണങ്ങൾ. മൂന്നാം വരി 1 X 1 2 X 1 X എന്നിങ്ങനെ ഏകം, രൂപം, ഏകം എന്നിവ ചേർന്ന താളക്കൂട്ട്.

തീർത്ഥാടനത്തിൽനിന്ന് മറ്റൊരുദാഹരണം:

ഇന്നലെയിടവംകൊണ്ടന്നം

നൊട്ടിനുണച്ചോരെൻ ബാല്യത്തെ,

ആന/ന്ദംകൊ/ണ്ടിടനെ/ഞ്ചിടയെ,-/

ക്കണ്ണീ/രുതിരെ/ക്കണിക/ണ്ടേൻ [167]

ആദ്യ ഈരടി മർമ്മതാളത്തിന്റെ അന്ത്യത്തിലുള്ള ഇടയുംകൂടി അക്ഷരംകൊണ്ടു നികത്തിയ രീതിയിലും തുടർന്നുള്ള ഈരടി നാന്മാത്രാഗണങ്ങൾകൊണ്ട് ചതുരശ്രഗതിയുടെ സഞ്ചാരരീതിയിലുമാണ്.

കക്കാടിന്റെ തീർത്ഥാടനത്തിൽനിന്നുതന്നെ മറ്റൊരുഗാഹരണം:

ചിതറിയ/ മണിമാ/ങ്ങകളും,/ കുന്നി/ക്കുരു/വും,

അരികിലു/റങ്ങും/ പാവ/ക്കുഞ്ഞും;/

(അപ്പാവക്കുഞ്ഞുകണക്കല്ലോ ഞാൻ!) [168]

ഇതിൽ ആദ്യ ഈരടിയിൽ ചതുരശ്രഗതിയിലുള്ള ഗണങ്ങളാണുള്ളത്. അടുത്ത വരി 1 X 1 2 X 1 2 3 4 X എന്ന താളക്കൂട്ട് (തെയ് X തിത്തെയ് X തിത്തിത്തിത്തെയ് X). പടയണി പോലുള്ള ചില നാടോടിക്കലകളിലെ ചമ്പതാളത്തിന്റെ ഘടനയാണ് ഈ വരിക്കുള്ളത്.

ഇത്തരത്തിൽ ചതുരശ്രഗതിയും കാരികതാളവും സംയോജിപ്പിക്കുന്ന രീതിയും കക്കാടിന്റെ കവിതയിൽക്കാണാം:

പിന്നെ/ക്കൂറൊടു/ ഞങ്ങടെ/ തലയിൽ/

കൈചേർത്തു മൊഴിഞ്ഞൂ പിതൃദേവതകൾ [169]

ആദ്യവരിയിൽ ചതുരശ്രഗതിയിലുൾപ്പെട്ട നാലു ഗണങ്ങൾ. തുടർന്ന് 1 X 1 2 X 1 2 3 X എന്ന കാരികതാളഘടന.

കക്കാടിന്റെ കവിതയിൽനിന്ന് മറ്റൊരുദാഹരണം:

| | |
|---|---|
| അവൾ കലശോദ്ഗത മാമമൃതം | തിത്തിത്തെയ് തികിതിത്തെയ് |
| കൊണ്ടുതളിച്ചാൾ, | തിത്തെയ് തികിതെയ് |

| | |
|---|---|
| പാനം ചെയ്യിച്ചാൾ; | തിതെയ്തതികിതിത്തെയ് |
| എന്നുൽബണശക്തി | |
| നിദാഘോച്ചണ്ഡം ജ്വലിച്ചുനിൽക്കേ | മർമ്മതാളം |
| നിന്നു ജ/പിച്ചേൻ [170] | ചതുരശ്രഗതി |

ഇതിൽ ആദ്യത്തെ മൂന്നു വരി ചേർന്നാൽ ലക്ഷ്മിതാളം. അടുത്ത ഈരടി മർമ്മതാളം. തുടർന്ന് ചതുരശ്രഗതിയിലുള്ള രണ്ടു ഗണങ്ങൾ.

കക്കാടിന്റെ ബീറ്റ് എന്ന കവിതയിൽ സവിശേഷമായ വിവിധതാളങ്ങൾ മാത്രമല്ല, വിവിധഗതികളും സംയോജിപ്പിക്കുന്നു. ഉദാഹരണം:

സെക്കൻഡ്ഷോവുണ്ട് പുളിപ്പുതികട്ടി വരുന്ന യുവാവേ,
നിൽക്കുകൊരിത്തിരിയീ കറുത്ത പാതയ്ക്കരികിൽ
വർത്തുളമായ്/ വീണുതളം/കെട്ടിയ/ വെള്ളവെ/ളിച്ച/ത്തിൽ [171]

ഇതിൽ ആദ്യവരി മർമ്മതാളം. രണ്ടാം വരി രൂപതാളവും പഞ്ചാരിയും ചേർന്ന താളക്കൂട്ട്. മൂന്നാം വരിയിൽ ആറു മാത്രയുള്ള ത്ര്യശ്രഗതിയിലുൾപ്പെടുന്ന രണ്ടു ഗണങ്ങളും ചതുരശ്രഗതിയിലുള്ള നാലു ഗണങ്ങളും യോജിപ്പിക്കുന്നു.

പ്രാർത്ഥന എന്ന കവിതയിലും നാടോടിത്താളവും ചതുരശ്രഗതിയും ഇടകലർത്തുന്നു:

ചോരയിലെൻ മാംസമുടച്ചു
വിയർപ്പുംകൂട്ടിപ്പരകും
ബ്രോബ്ഡിങ്/നാഗ്യൻ/ രക്ഷ/സ്സേ,
വരിക വി/ഭോ വേ/ഗം [172]

ആദ്യ ഈരടി മർമ്മതാളം. തുടർന്നുള്ള വരികളിൽ യഥാക്രമം ചതുരശ്രഗതിയിൽ നാലും മൂന്നും ഗണങ്ങൾ.

സച്ചിദാനന്ദന്റെ ദേവീസ്തവം എന്ന കവിതയിൽ പല നാടോടിത്താളങ്ങളുടെയും ഘടനകൾ സംയോജിപ്പിച്ച വരികളും ചതുരശ്രഗതിയും ഇട കലർത്തുന്നു:

| | |
|---|---|
| ദേവീ, | ഏകതാളം |
| നിൻ കരളിലെയിരുളിൻ പൊരുളിൽ | മർമ്മതാളത്തിന്റെ പകുതി |
| എന്നിത്തിരിനെഞ്ചിലെയമ്പിളി പകരാം | കാരികതാളം |
| നിൻ ര/ക്തച്ഛവി/ തിരളും/ മിഴികളി-/ | ചതുരശ്രഗതി നാലു ഗണങ്ങൾ |
| ലെന്നിത്തിരിമിഴിയുടെ നീലിമ പകരാം | കാരികതാളം |

നിൻ ക്രൂരനഖങ്ങളിലെന്നിത്തിരി വിരലിൻ ചമ്പതാളം

മൃദുലത/ പകരാം/ [173] ചതുരശ്രഗതി രണ്ടു ഗണങ്ങൾ

സച്ചിദാനന്ദന്റെ 'തീത്തെയ്യ'ത്തിൽ അടി, ഇട എന്നീ ക്രിയകളുപയോഗിക്കുന്ന താളങ്ങളുടെ പല ചേരുവകളും ചതുരശ്രഗതിയിലുള്ള ഗണങ്ങളും ചേർത്തുവച്ച ഘടന കാണാം:

| | |
|---|---|
| തീ തീ തീ | 1 X 1 X 1 X |
| ഉലകത്തിന്നുച്ചിയിലുരുൾ പൊട്ടും തീ | 1 X 1 2 X 1 2 3 4 X |
| പകലിരവുകളിൽ ചുരമാന്തും തീ | 1 X 1 2 X 1 2 3 X |
| കറയൂറും നെഞ്ചിൽ | 1 X 1 2 X |
| കൊമ്പു കു/ലുക്കി/പ്പോരിന/ടുക്കും/ തീ [174] | ചതുരശ്രഗതിയിലുള്ള അഞ്ചു ഗണങ്ങൾ |

**8. 2. 5. നാടോടിപ്പാട്ടുകളിലെ വിവിധതാളഘടകങ്ങളുടെ സാധ്യതകളുപയോഗിച്ച് പുതിയ താളക്രമങ്ങൾ സൃഷ്ടിക്കുന്നവ**

വർണങ്ങളുടെയും വർണസമൂഹങ്ങളുടെയും പല തരത്തിലുള്ള അടുക്കലുകൾ, വിവിധയതിഘടനകൾ എന്നീ താളസാധ്യതകൾ ഉപയോഗിക്കുന്നതിന്റെ ഉദാഹരണങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. മിക്ക കവിതകളിലും ഇത്തരം പ്രത്യേകതകൾ കാണാമെന്നതിനാൽ പ്രാതിനിധ്യസ്വഭാവത്തോടെ സവിശേഷമായ ചില മാതൃകകൾ മാത്രമാണ് ഇവിടെ നല്കുന്നത്.

**8. 2. 5. 1. അക്ഷരങ്ങളുടെ ആവർത്തനം**

നാടോടിസ്വഭാവം നിലനിർത്തിക്കൊണ്ട് അക്ഷരങ്ങളുടെ ആവർത്തനത്തിലൂടെ താളാത്മകത സൃഷ്ടിക്കുന്നതിന് എൻ. എൻ. കക്കാടിന്റെ കവിതയിൽനിന്ന് ഉദാഹരണം:

പന്തിനിരത്തിപ്പടവെട്ടി
പന്തളനാട്ടിലും കുന്തളനാട്ടിലും
പന്തംകൊളുത്തിപ്പടവെട്ടി [175]

എം. ഗോവിന്ദന്റെ കവിതകളിൽ ഇത്തരം വർണാവർത്തനം സാധാരണയാണ്. ഉദാഹരണം:

ഉറങ്ങുമുണ്ണികളെ ഉണർത്താൻ
ഉടുക്കെവിടെ? മിടുക്കെവിടെ?
ഉറയും കൊടുമകളരിയാൻ
ഉറുമിയെവിടെ? ഉടവാളെവിടെ? [176]

സച്ചിദാനന്ദന്റെ താളം എന്ന കവിതയിൽ താളഘടനയുടെയും വർണാവർത്തന ത്തിന്റെയും സാധ്യതകൾ സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു. ഉദാഹരണം:

ആനകൾ ചെവിയാട്ടുന്നേര-
ത്താളുകൾ തലയാട്ടുന്നേര-
ത്താലിൻ ചോട്ടിൽ പൂരം മുറുകിയ
തായമ്പകതേട്ടും താളം [177]

'ട്ട' എന്ന വർണത്തിന്റെ ഇടവിട്ടുള്ള ആവർത്തനം തായമ്പകയിലും ചെണ്ടമേള ത്തിലുമുള്ള താളവിന്യാസത്തെ അനുസ്മരിപ്പിക്കുന്നു.

അക്ഷരത്തിന്റെ ആവർത്തനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് അർത്ഥത്തെ അപ്രധാനമാ ക്കുന്നത് കുഞ്ഞുണ്ണിക്കവിതയിൽക്കാണാം:

ഇരുട്ടുരുട്ടിയെടുത്തു വെട്ടത്തിട്ട്
വെട്ടമുരുട്ടിയെടുത്തിരുട്ടത്തിട്ട്
ഇരുട്ടും വെട്ടവും കൂട്ടിയുരുട്ടിയെടുത്തട്ടത്തിട്ട്
കൊട്ടയാക്കിയെടു
ത്തുരുട്ടിക്കളിച്ച്
തട്ടിക്കളിച്ച്
പൊട്ടിച്ചു കളിച്ചൊരുത്തൻ
പണ്ടു വെട്ടത്തുണ്ടായിരുന്നു [178]

**8. 2. 5. 2. അക്ഷരസമൂഹത്തിന്റെ ആവർത്തനം**

അക്ഷരക്കൂട്ടത്തിന്റെ ആവർത്തനം അസംബന്ധത്തിന്റെ തലത്തോളമെത്തുന്നതാണ് അയ്യപ്പപ്പണിക്കരുടെ 'കിഷ്കിന്ധ'യിൽ കാണുന്നത്.

കിഷ്കിന്ധ
കിഷ്കിന്ധ
കിശുകിശു
കിഷ്കിന്ധ
കിഷ്കിന്ധ
ഉയിസുഗ്രീവ
ഉയീഹനുമാൻ

ഉയികിഷ്കിസ്ധ [179]

നാടോടിപ്പാട്ടിന്റെ സ്വഭാവം നല്കുന്നതിന് വരികളുടെ അന്ത്യത്തിലെ അക്ഷരസമൂഹം ആവർത്തിക്കുന്നത് സച്ചിദാനന്ദന്റെ ഇടയപ്പാട്ട് എന്ന കവിതയിൽ കാണാം:

എപ്പോഴുമെന്റെ പിറകേ പമ്മിനടക്കുന്നു കുരുടൻ
മുറിയുടെ തഴുതുകൾ നീക്കുന്നു കുരുടൻ
പുരമുകളിൽ കല്ലെടുത്തെറിയുന്നു കുരുടൻ
വെയിലിൻ മുറികളിൽ കരി വിതറും കുരുടൻ
പകലിന്റെ താക്കോൽ വളയ്ക്കുന്നു കുരുടൻ [180]

കുഞ്ഞുണ്ണിയുടെ ഒരു കവിതയിൽ വരികളുടെ ആദിമധ്യാന്തങ്ങളിൽത്തന്നെ ഇത്തരം ആവർത്തനം കാണാം:

കാലിന്മേൽ കാലുള്ളോൻ കാക്കാലൻ
കാലിനും കാലുള്ളോൻ കാക്കാലൻ
കാലോളം കാലുള്ളോൻ കാക്കാലൻ
കാലത്തിൻ കാലായോൻ കാക്കാലൻ [181]

കക്കാടിന്റെ കവിതയിൽനിന്ന് ഉദാഹരണം:

പണ്ടൊരു കന്യകയുണ്ടായിരുന്നു
കത്തുമിളവെയ്‌ലുപോലൊരുത്തി
ആയിരം കൊല്ലം വ്രതമിരുന്നു
അവൾ
ആയിരം കൊല്ലം തപസ്സിരുന്നു
പിന്നെ
ആയിരം കൊല്ലം വളർന്ന ഗർഭം [182]

ഇവിടെ ഓരോ പ്രവൃത്തിയെയും കുറിക്കുന്ന ആയിരം എന്ന പദം ഓരോ പ്രവൃത്തിയുടെയും കാലദൈർഘ്യത്തെയും അനുഷ്ഠാനസ്വഭാവത്തെയും കുറിക്കുന്നു. ദാരികോപാഖ്യാനം എന്ന തലക്കെട്ട് ദാരികവധം തോറ്റത്തെ അനുസ്മരിപ്പിക്കുന്നു. താളത്തിൽ വടക്കൻപാട്ടിന്റെ രീതി. വാക്കുകളിൽ അനുഷ്ഠാനസ്വഭാവവും.

**8. 2. 5. 3. അനുബന്ധപദങ്ങളുടെ വിന്യാസം**

**8. 2. 5. 3. 1. സമാന്തരവിന്യാസം**

ഒരു വാക്കിന്റെ അനുബന്ധമായി വരുന്ന വാക്കുകൾ അടുത്തടുത്തു വിന്യസിച്ചുകൊണ്ട് താളാത്മകത സൃഷ്ടിക്കുന്ന രീതി നാടോടിപ്പാട്ടുകളിൽ സുലഭമാണ്. (**3. 4.**) നാടോടിസംസ്കാരത്തിന്റെ പശ്ചാത്തലം നിർമ്മിക്കാൻ ആധുനികകവികളും ഈ മാർഗം സ്വീകരിക്കാറുണ്ട്.

ഡി. വിനയചന്ദ്രന്റെ വംശഗാഥ എന്ന കവിതയിൽനിന്ന് ഉദാഹരണം:

ഇടം ചുറ്റി വലം ചുറ്റിയാടുന്നു
പെട്ടെന്നിടം വലം ചായുന്നു
രാവും പകലും കുഴയുന്നു
തീയും പുകയും പിണയുന്നു [183]

ഇടം ചുറ്റി/വലം ചുറ്റി, ഇടം/ വലം, രാവും/ പകലും, തീയും/പുകയും എന്നീ ഓരോ ദ്വന്ദ്വത്തിനും അർത്ഥത്തിലുള്ള പരസ്പരബന്ധത്തിനൊപ്പം മാത്രാസംഖ്യയിലും സമാനതയുണ്ട്. ആടുന്നു, ചായുന്നു, കുഴയുന്നു, പിണയുന്നു എന്നീ ക്രിയാപദങ്ങളും ഇതിനു പൂരകമാകുന്നു.

ആറ്റൂരിന്റെ ഓട്ടോവിൻ പാട്ടിലും ഇത്തരം പദദ്വന്ദ്വങ്ങൾ സവിശേഷമായ താളം സൃഷ്ടിക്കുന്നതു കാണാം:

വലത്തോട്ടു
വളയുമ്പോൾ
ഇടത്തോട്ടു
ചാഞ്ഞിരുന്നു
ഇടത്തോട്ടു വളയുമ്പോൾ
വലത്തോട്ടു ചാഞ്ഞിരുന്നു
കേറ്റത്തിൽ
കൂന്നിരുന്നു
ഇറക്കത്തിൽ
നീർന്നിരുന്നു [184]

വലത്തോട്ട്/ ഇടത്തോട്ട്, കേറ്റത്തിൽ/ ഇറക്കത്തിൽ, കൂന്നിരുന്നു/നീർന്നിരുന്നു എന്നീ പദദ്വന്ദ്വങ്ങളുടെ സമാന്തരവിന്യാസം ഇത്തരത്തിൽ താളാത്മകത നല്കുന്നു. സച്ചിദാനന്ദന്റെ കവിതയിൽനിന്ന് ഉദാഹരണം:

കരയിലാവില്ലവൻ-മണ്ണില്ല കാലടിയിൽ

കടലിലാവില്ലവൻ-നനവില്ല കാലടിയിൽ

വാനിലാവില്ലവൻ-മുകിലില്ല കാലടിയിൽ[185]

ഡി. വിനയചന്ദ്രന്റെ കളംപാട്ട് എന്ന കവിതയിലെ ചില വരികളിൽ ഈ രീതിക്ക് മറ്റു ചില മാനങ്ങൾകൂടിയുണ്ട്. കവിതയിലെ വരികൾ ഉദാഹരണം:

ഞാനെന്റെയെലികളെയിറക്കിവിട്ടു

ഇന്നെന്റെ ഗണപതി നിലത്തിരിക്ക്

ഞാനെന്റെയരയന്നക്കിളിയെ വിട്ടു

ഇന്നെന്റെ സരസ്വതി നിലത്തിരിക്ക്

ഞാനെന്റെയെരുതിനെയഴിച്ചുവിട്ടു

ഇന്നെന്റെ ശശിധരാ നിലത്തിരിക്ക്

ഞാനെന്റെ ഗരുഡനെ പറത്തിവിട്ടു

ഇന്നെന്റെ ശ്രീവത്സാ നിലത്തിരിക്ക് [186]

ഇവിടെ എലികൾ/ഗണപതി, അരയന്നക്കിളി/സരസ്വതി, എരുത്/ശശിധരൻ, ഗരുഡൻ /ശ്രീവത്സൻ എന്നിവയുടെ പരസ്പരബന്ധത്തിനൊപ്പംതന്നെ എലികൾ, അരയന്നക്കിളി, എരുത്, ഗരുഡൻ എന്നീ പദങ്ങൾതമ്മിലും ഗണപതി, സരസ്വതി, ശശിധരൻ, ശ്രീവത്സൻ എന്നീ പദങ്ങൾതമ്മിലും ബന്ധം സ്ഥാപിക്കുന്നത് ഈ ഘടനയുടെ സവിശേഷതയാണ്.

**8. 2. 5. 3. 2. ശൃംഖലാബന്ധം**

ഒരു വാക്കിന്റെ അനുബന്ധമായുള്ള അടുത്ത വാക്കിലേക്കു ക്രമമായി സഞ്ചരിച്ച് ശൃംഖലാബന്ധം സൃഷ്ടിക്കുന്നതിലൂടെ താളാത്മകമാക്കുന്ന നാടോടിസ്വഭാവത്തിനും ആധുനിക കവിതയിൽ ധാരാളം ഉദാഹരണങ്ങളുണ്ട്. കടമ്മനിട്ടയുടെ ഇല എന്ന കവിത നോക്കുക.

മനമതിലൊരു മലയുണ്ടേ

മലയിലൊരു മരമുണ്ടേ

മരമതിലൊരിലയുണ്ടേ

ഇലയിലൊരു കഥയുണ്ടേ [187]

ഒരു വാക്കിനനുബന്ധമായി അടുത്ത വാക്കിനെ കൊരുക്കുന്ന നാടോടിരീതിയാണിൽ കാണുന്നത്.

കുഞ്ഞുണ്ണിയുടെ ഒരു കവിത മറ്റൊരുദാഹരണം.:

ആലുണ്ടാലേ ആളുണ്ടാവൂ

ആളുണ്ടാലോ വാളുണ്ടാകും

വാളുണ്ടായാൽ വാലുണ്ടാകും [188]

ആല്, ആള്, വാള്, വാല് എന്നിങ്ങനെ ഒരേ ഗുരുലഘുക്രമമുള്ള അക്ഷരസമൂഹമാണ് ഇവിടെ ഒരു ശൃംഖല സൃഷ്ടിക്കുന്നത്.

അക്ഷരങ്ങളുടെ താളഘടനയിലൂടെ വാക്കുകൾക്കു തമ്മിലുണ്ടാവുന്ന ബന്ധം അർത്ഥപരമായി അസംബന്ധത്തോളമെത്തുന്നതും കുഞ്ഞുണ്ണിക്കവിതയിൽ കാണാം. ഉദാഹരണം:

ആകാശമൊരാമ

ആമടെ ചെവിയിലൊരാന

ആനടെ മോളിലൊരാല്

ആലിൻകൊമ്പ

ത്താരാരാരാ

ണാരാച്ചാരോ

രാച്ചാരോ [189]

എം. ഗോവിന്ദന്റെ പിറവി എന്ന കവിതയിലും ഇത്തരത്തിലൊരു ശൃംഖലാബന്ധം സൃഷ്ടിക്കുന്നതു കാണാം:

അമ്പലപ്പറമ്പിലെ

അമ്മച്ചിപ്ലാവിന്റെ

കൊമ്പത്തെക്കൂട്ടിലൊ-

രരിപ്രാവിനതുനേരം പേറ്റുനോവ്! [190]

വിനയചന്ദ്രന്റെ 'കേരളഗാനങ്ങളി'ലെ ആരാരോ തുമ്മുന്നു എന്ന കവിതയിൽ മറ്റൊരു രീതിയിലുള്ള ശൃംഖലാബന്ധം കാണാം:

സൂര്യൻ പടിഞ്ഞാട്ടു ചായുമ്പോൾ

ആരാരോ തുമ്മുന്നു

ഞാനല്ല ഞാനല്ല

ഞങ്ങടെ കാർത്തികപ്പെണ്ണുമല്ല

സൂര്യൻ പടിഞ്ഞാട്ടു ചായുമ്പോൾ

ആരാരോ തുമ്മുന്നു

ഞാനല്ല ഞാനല്ല

കാർത്തികപ്പെണ്ണിന്റെ മൂക്കുമല്ല [191]

ഒരു ഖണ്ഡത്തിലെ അവസാനവരിയുടെ അനുബന്ധമായ വരി അടുത്ത ഖണ്ഡത്തിന്റെ അവസാനം വരുന്നു. ബാക്കി വരികൾ അതേപടി ആവർത്തിക്കുകയും ചെയ്യുന്നു. ആ വരികളിലും വ്യത്യാസം വരുന്നത് കവിതയുടെ അവസാനത്തെ രണ്ടു ഖണ്ഡങ്ങളിൽ മാത്രമാണ്.

ഇത്തരത്തിൽ ക്രമമായി സംഖ്യകൾ വിന്യസിക്കുന്ന രീതിയും നാടോടിപ്പാട്ടുകളിൽ സാധാരണമാണ്. (**3. 4.**) ഇതും ആധുനികകവിതകളിൽ പ്രയോജനപ്പെടുത്താറുണ്ട്.

ഒന്നാം വായു ഞാൻ നിന്നിലേക്കു പകരുന്നേ

രണ്ടാം വായു ഞാൻ നിന്നിലേക്കു പതരുന്നേ

എന്നിങ്ങനെ

ഏഴാം വായു ഞാൻ നിന്നിലേക്കു പകരുന്നേ[192]

എന്നുവരെ സംഖ്യകൾ ക്രമമായി വിന്യസിക്കുന്നത് അയ്യപ്പപ്പണിക്കരുടെ കവിതയിൽ കാണാം. അയഞ്ഞ താളമുള്ള ഗദ്യഘടനയിൽ മന്ത്രോച്ചാരണസ്വഭാവം നല്കിക്കൊണ്ട് നാടോടി അനുഷ്ഠാനത്തിന്റെ അന്തരീക്ഷം നിർമ്മിക്കുന്നതിനാണ് ഈ കവിതയിൽ പ്രസ്തുത രീതി ഉപയോഗിക്കുന്നത്. ഈ രീതിതന്നെ ഹാസ്യാനുകരണസ്വഭാവത്തോടെ അയ്യപ്പപ്പണിക്കരുടെ ലോകമലയാളി എന്ന കവിതയിലും കാണാം.[193]

കവിതയ്ക്കിടയിൽ സംഖ്യാക്രമത്തിൽ തുടരുന്ന വരികൾ ഇതിലുണ്ട്.

കുഞ്ഞുണ്ണിക്കവിതയിലും ഈ മാതൃകയുണ്ട്:

ഒന്നാമതായിട്ടെനിക്കു ഞെളിയുവാൻ

രണ്ടാമതായിട്ടെനിക്കോമനിക്കുവാൻ

മൂന്നാമതാൾക്കാർക്കു കണ്ടുകൊതിക്കുവാൻ

നാലാമതെൻ പ്രാണനാഥനു പുൽകുവാൻ [194]

എന്നിങ്ങനെ വരികളുടെയും സംഖ്യകളുടെയും എണ്ണം സമാന്തരമായി കൂടിവരുന്നു.

ഡി. വിനയചന്ദ്രന്റെ  വല വലിക്കും പാട്ട് എന്ന കവിതയിൽ മറ്റൊരു രീതിയിൽ ക്രമമായ സംഖ്യാവിന്യാസം കാണാം:

ഒന്നാനാം തിരതുള്ളി

തോണി തുഴഞ്ഞൂ മണവാളൻ

ഒന്നാനാം കാവിലപ്പോൾ

ഒറ്റനില വിളക്കു കണ്ടേ

രണ്ടാനാം തിരതുള്ളി

തോണി തുഴഞ്ഞൂ മണവാളൻ

രണ്ടാനാം കാവിലപ്പോൾ

രണ്ടുനില വിളക്കു കണ്ടേ [195]

ഇതിലെ ഓരോ നാലു വരിയിലും മൂന്നാം വരി ആവർത്തിച്ചുകൊണ്ട് ബാക്കി മൂന്നു വരികളിലും സമാന്തരമായി സംഖ്യകൾ അടുക്കുന്നു. ഓരോ തവണയും സംഖ്യകൾ ഒന്നിൽനിന്ന് അടുത്തതിലേക്കു കടക്കുകയും ചെയ്യുന്നു.

ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ സംഖ്യകളുടെ ക്രമമായ വിന്യാസവും ഒപ്പം ഓരോ ഘട്ടത്തിലും ഓരോ വരിവീതം ക്രമമയായി കൂടുന്ന നാടോടിപ്പാട്ടുരീതിയും പിന്തുടരുന്ന കവിതയാണ് അയ്യപ്പപ്പണിക്കരുടെ വിദ്യ എന്ന അഭ്യാസം. ഉദാഹരണം:

ഒന്നാം ക്ലാസ്സിൽ ജയിച്ചാലോ?

രണ്ടാം ക്ലാസ്സിൽ പോകാലോ

രണ്ടാം ക്ലാസ്സിൽ ജയിച്ചാലോ?

രണ്ടാം ക്ലാസ്സിൽ ജയിച്ചാൽ പിന്നെ

മൂന്നാം ക്ലാസ്സിൽ കയറാലോ [196]

സച്ചിദാനന്ദന്റെ കോഴിപ്പങ്ക് എന്ന കവിതയിൽ,

എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ

പക്ഷേ, കൂർമ്പൻ കൊക്കെനിക്കു തരിൻ.

എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ

പക്ഷേ, ചെമ്പിൻപൂവെനിക്കു തരിൻ-കുന്നിക്കുരു-

ക്കണ്ണെനിക്കു തരിൻ [197]

എന്നിങ്ങനെ ക്രമമായി വരികൾ കൂടിവരുന്ന ഘടനാപരമായ സവിശേഷത കാണാം.

**8. 2. 5. 3. 3. സംഭാഷണഘടന**

അന്യോന്യമുള്ള സംഭാഷണത്തിന്റെ രീതി ഉപയോഗിക്കുന്ന ധാരാളം കവിതകൾ ആധുനികകാലഘട്ടത്തിൽ ഉണ്ടാവുന്നുണ്ട്. ആവശ്യം-നിഷേധം, ചോദ്യം-ഉത്തരം, ചോദ്യം-മറുചോദ്യം എന്നിങ്ങനെയുള്ള ഘടനകൾക്ക് മറുത്തുകളിപോലുള്ള നാടോടിക്കലകളിലെ രീതി

യുമായി സാധർമ്മ്യമുണ്ട്.

അയ്യപ്പപ്പണിക്കരുടെ സ്വർഗം എന്ന കവിത. ഉദാഹരണം:

നാളെ നിനക്കു ഞാൻ സ്വർഗം തരാം

ഇന്നു നിൻ രക്തം താ കൊച്ചുരാമാ

നാളെയെനിക്കൊരു സ്വർഗം വേണ്ട

ഇന്നെന്റെ ഉയിരു താ കൊച്ചുതമ്പ്രാ [198]

നാളെ/ഇന്ന്, നിനക്ക്/എനിക്ക്, സ്വർഗം തരാം/സ്വർഗം വേണ്ട, രക്തം താ/ഉയിരു താ, കൊച്ചുരാമാ/കൊച്ചുതമ്പ്രാ എന്നിങ്ങനെ പരസ്പരബന്ധമുള്ള പദങ്ങളുടെ സമാന്തരവിന്യാസം നാടോടിപ്പാട്ടുകളുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. കൂടാതെ വടക്കൻപാട്ട്, ഓണപ്പാട്ട് തുടങ്ങിയ നാടോടിപ്പാട്ടുകളുടെ പൊതുവായ താളരീതി പിന്തുടരുകയും ചെയ്യുന്നു.

ഡി. വിനയചന്ദ്രന്റെ 'കേരളഗാനങ്ങളി'ലെ 'ഓ....ചക്കപ്പൊന്താ' എന്ന കവിതയിൽനിന്ന് ഉദാഹരണം:

ഓ......ചക്കപ്പൊന്താ

ഓ......ചക്കിപ്പൊന്തേ

നിന്റമ്മേടമ്മേടമ്മേടമ്മയ്ക്കു മന്തുണ്ടായോ-അല്ല മന്തുണ്ടായോ

നിന്റെ തന്തേടെ തന്തേടെ തന്തേടെ തണ്ടപ്പൻ മരപ്പട്ടിയാണോ-അല്ല മരപ്പട്ടിയാണോ [199]

ചക്കപ്പൊന്താ/ചക്കിപ്പൊന്തേ, നിന്റമ്മേടെ/നിന്റെ തന്തേടെ, മന്തുണ്ടായോ/മരപ്പട്ടിയാണോ എന്നീ വാക്കുകളുടെ സമാന്തരവിന്യാസമാണ് ഇവിടത്തെ പ്രധാനതാളഘടകം. കൂടാതെ ഒരേ അക്ഷരക്കൂട്ടത്തിന്റെ ആവർത്തനവുമുണ്ട്. ചോദ്യം, മറുചോദ്യം എന്ന ഘടനാപരമായ പ്രത്യേകതയിലും നാടോടിസ്വഭാവം. സച്ചിദാനന്ദന്റെ ഇടശ്ശേരി എന്ന കവിതയിൽനിന്ന് ഉദാഹരണം:

മാവായിപ്പൂക്കുന്നതാരാണ്?

മഴയായിപ്പെയ്തോരിടശ്ശേരി.

കതിരായി വിളയുന്നതാരാണ്?

ഇലയായ് കൊഴിഞ്ഞോരിടശ്ശേരി [200]

താളം, പദഘടന, ആവർത്തനം എന്നിവയിലും ഈ കവിതയിൽ നാടോടിസ്വാധീനമുണ്ട്.

കാക്കയ്ക്കു പ്രതിമകളെന്തിന്?

സൂക്ഷിച്ചൊരുത്തരം നല്കാമോ?

കാക്കയ്ക്കു കാക്കത്തം കാണിക്കാൻ

കാൽക്കീഴിൽ പ്രതിമയ്ക്കു ചുട്ടികുത്താൻ.[201]

എന്നിങ്ങനെ നാടോടിമട്ടിൽ ചോദ്യോത്തരസ്വഭാവമുള്ള കവിതയാണ് അയ്യപ്പപ്പണിക്കരുടെ കാക്കത്തം.

കുഞ്ഞുണ്ണിയുടെ ചില കവിതകളിൽ നാടോടിമട്ടിലുള്ള ചോദ്യോത്തരമാതൃക കവിതയുടെ അടിസ്ഥാനഘടനയെ നിർണയിക്കുന്ന വിധം ഉപയോഗിക്കുന്നു. ഉദാഹരണം:

മാനത്തു മിന്നണതെന്താണ്ടോ- അത്

മേക്കാച്ചിത്തവളേടെ കണ്ണാണ്ടോ

നീറ്റിൽ കിടക്കണതെന്താണ്ടോ- അത്

മാനത്തെ മാണിക്യമുത്താണ്ടോ [202]

**8. 2. 5. 4. താളശില്പങ്ങൾ**

അയ്യപ്പപ്പണിക്കരുടെ കുറാകു എന്ന കവിതയിൽ ശ്രദ്ധേയമായ ഒരു താളഘടനയുണ്ട്. ഉദാഹരണം:

കൊത്തിക്കൊത്തിക്കൊത്തിക്കയറുക

കുറാകു

ഇതു തെങ്ങിതു പ്ലാവിതു മാവ്

ഇതരയാലിതു പേരാലിതു മഹാഗണി

തേക്കീട്ടി വേപ്പാഞ്ഞിലി കരിന്തകര കരിന്തകര

കരിന്തകര

കുറാകു [203]

വായ്ത്താരിത്താളങ്ങളെ അനുസ്മരിപ്പിക്കുന്ന രൂപഘടനായിണിതിനുള്ളത്. ചതുരശ്രഗതിയിൽ ആരംഭിക്കുന്നുവെങ്കിലും ഗതിക്രമത്തിന്റെ തുടർച്ചയിൽനിന്നുമുറിഞ്ഞ് അക്ഷരക്കൂട്ടങ്ങൾകൊണ്ട് താളശില്പം നിർമ്മിക്കുന്ന വായ്ത്താരിത്താളങ്ങളുടെ രീതിയിലേക്കെത്തുന്നു. അക്ഷരഘടനയിൽ പലപ്പോഴും വാദ്യപ്രയോഗത്തെ ഓർമ്മിപ്പിക്കുന്നു. 'കരിന്തകര' (തധിംതകിട) എന്ന വാക്കിന്റെ ഘടനയും ആവർത്തനവും ഇവിടെ വാദ്യമേളത്തിന്റെ സ്വഭാവം ദൃഢമാക്കുന്നു.

ചിലപ്പോൾ താളഗതി നിലനിർത്തിക്കൊണ്ടുതന്നെ അക്ഷരക്രമീകരണത്തിലൂടെ സവിശേഷമായ താളശില്പങ്ങൾ നിർമ്മിക്കുന്നു.

ആനകളു/ണ്ടേ,x നാല/

ഞ്ഞാനകളു/ണ്ടലങ്കാര/മോടികളു/ണ്ടേ,x കാണാ-

നാളുകളു/ണ്ടേ,x വേദം/മൊഴിയുമ്പോൾ/മെയ്യനങ്ങാ-/

ത്തേവരുമു/ണ്ടേ [204]

മിശ്രഗതിയിൽ ചൊല്ലാവുന്ന താളഖണ്ഡമാണിത്. ഗണങ്ങൾക്കിടയ്ക്കുവരുന്ന യതിസ്ഥാനങ്ങൾ മൂന്നു മാത്രയുള്ള പ്ലുതാക്ഷരമായി ചൊല്ലേണ്ടതുണ്ട്. ഒന്നും നാലും വരികളിൽ രണ്ടു ഗണവും രണ്ടും മൂന്നും വരികളിൽ നാലു ഗണവും വീതം ക്രമീകരിച്ചതിലൂടെ മൃദംഗ യതിസ്വഭാവം വരുത്തിയിരിക്കുന്നു. ചെണ്ടമേളത്തിന്റെ നാടോടിവായ്ത്താരിയെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള വർണാവർത്തനവും ഇവിടെ ശ്രദ്ധേയമാണ്. അങ്ങനെ ഈ ഭാഗം വിവിധതാളഘടകങ്ങൾ ഒരുമിച്ചുപയോഗിച്ചുകൊണ്ട് സവിശേഷഘടന സൃഷ്ടിക്കുന്നു.

കാവാലം നാരായണപ്പണിക്കരുടെ വരത്താളര് എന്ന കവിതയിൽ നാടോടിപ്പാട്ടുകളിലും ചാറ്റ് തുടങ്ങിയ താളാത്മകഗദ്യത്തിലും പ്രചാരമുള്ള ഒരു തരം അക്ഷരഘടന കാണാം.

നിലയുറഞ്ഞ്- തലയുറഞ്ഞ്

നെല്ലോല-പൊന്നോല

ചുറ്റൊടു ചുറ്റി

വീണു കെടന്നു- വെളഞ്ഞുകെടന്നു

താണനെലത്തു തലചാച്ചൊറങ്ങീ

അതും വെളവ്- ഇതും വെളവ് [205]

കേരളീയവാദ്യകലകളിലെ എണ്ണം- മറിയെണ്ണം എന്ന ഘടനയെയും (**3. 2. 33.**) ഓർമ്മിപ്പിക്കുന്നതാണ് ഈ വരികൾ.

കക്കാടിന്റെ ഒരു കവിതയിൽ താളഘടകങ്ങളുടെ സാധ്യതകൾ പല തരത്തിൽ പ്രയോജനപ്പെടുത്തുന്നു. ഉദാഹരണം:

പിന്നെ വ/സന്തം:

ശബളിമ/ വന്നു നി/റന്നൂ

പൂക്കൾ മ/ദിച്ചു വി/ടർന്നൂ

xപക/ലിരവുക/ളിണകളി/ലമൃതം/ ചാറീ

പിന്നീ/ടിതളുകൾ/ വാടിയ/ടർന്നൊരു/ കരുവൂ/റീ

കരു/ കായായ്/ പഴമായ്/ കാലമു/ണർന്നു വി/ളഞ്ഞു; [206]

ഈ വരികൾ ചതുരശ്രഗതിസ്വഭാവത്തിലുള്ളതാണ്. എങ്കിലും ഓരോ വരിയിലും ഗണ സംഖ്യയിലും മാത്രയിലും വ്യത്യസ്തത പുലർത്തുന്നു. ഗണസംഖ്യ ക്രമമായി കൂടുന്നതു കൊണ്ട് ഈ ഭാഗത്തിന് സ്രോതോവഹയതിഘടനയാണുള്ളത്. ക്രമമായി അടികളുടെ എണ്ണം കൂടിവരുന്ന മർമ്മതാളഘടനയോട് ഈ വരികൾക്കു സ്വഭാവസാദൃശ്യമുണ്ട്. നാലും ആറും വരികളുടെ ആരംഭം അനാഗതഗ്രഹത്തിലാണ്. മാത്രകൾ കൂടിക്കൂടി വരുന്നതിലൂടെ ക്രമ മായി പ്രവൃദ്ധമാകുന്ന വസന്തത്തിന്റെ സ്വഭാവം ആവിഷ്കരിച്ചിരിക്കുന്നു.

സ്രോതോവഹയതിഘടനയിലുള്ള രണ്ടു ഭാഗങ്ങൾ ചേരുന്ന ഘടനയാണ് സച്ചിദാന ന്ദന്റെ ഒരു തുള്ളി എന്ന കവിതയ്ക്കുള്ളത്:

ഒരു തുള്ളി

ഒരു മഞ്ഞിൻ തുള്ളി

മാനം മുഴുവനുമുള്ളിലടക്കിയ മലമുകിലിൻ തുള്ളി

ഒരു തുള്ളി

ഒരു ചായത്തുള്ളി

മഴവില്ലിൻ രാഗവസന്തമലിഞ്ഞൊരു മായത്തുള്ളി [207]

ഇവിടെ ചതുരശ്രഗതിയിലുള്ള താളക്രമം നിലനിർത്തിക്കൊണ്ടുതന്നെ സ്രോതോവ ഹയതിഘടനയിൽ വരികൾ അടുക്കിയിരിക്കുന്നു.

ഇതിനു നേർവിപരീതമായ യതിഘടനയിലാണ് കക്കാടിന്റെ മഹാപ്രളയം എന്ന കവി തയിലെ വരികൾ:

ചതുർയ്യുഗാന്ത്യത്തിൽ ശിഷ്ടഹവിസ്സ്

ജഠരാഗ്നിയിൽ ഹോമിച്ച്

ധ്യാനമഗ്നരാവുന്നു,

ആൽക്കൊമ്പത്ത്

തലകീഴായി

ഓം! [208]

മന്ത്രത്തെ ഓർമ്മിപ്പിക്കുന്ന ഘടനയ്ക്കൊപ്പം അക്ഷരങ്ങൾ ക്രമമായി കുറഞ്ഞുവരുന്ന ഗോപുച്ഛയതിയുടെ സ്വഭാവവും ഈ ഭാഗത്തുണ്ട്. മഹാപ്രളയകാലം, ധ്യാനം, മന്ത്രം എന്നിങ്ങനെ നേർത്ത് മൗനത്തിലേക്കെത്തുന്ന പ്രമേയപരമായ ഭാവം രൂപപ്പെടുത്താൻ ഈ ഘടന ഉപയോഗിക്കപ്പെടുന്നു.

സ്രോതോവഹയതി, ഗോപുച്ഛയതി എന്നിവ ചേരുന്ന മൃദംഗയതിഘടനയാണ് അയ്യപ്പപ്പണിക്കരുടെ ഒരു കവിതയ്ക്കുള്ളത്: [209]

കം

തകം

പാതകം

കൊലപാതകം

വാഴക്കൊലപാതകം

നേത്രവാഴക്കൊലപാതകം

ജഗദന്തർനേത്ര വാഴക്കൊലപാതകം

അന്തർനേത്രവാഴക്കൊലപാതകം

നേത്രവാഴക്കൊലപാതകം

വാഴക്കൊലപാതകം

കൊലപാതകം

പാതകം

തകം

കം

ഇത്തരത്തിലുള്ള പല യതികൾ നിശ്ചിതക്രമമില്ലാതെതന്നെ ഇടകലർത്തുന്നതാണ് വിഷമയതി. എം. ഗോവിന്ദന്റെ കവിതയിൽനിന്ന് ഉദാഹരണം:

അങ്ങനെ/യുണ്ടായ്/ കുരുടനൊ/രുത്തൻ

അങ്ങനെ/യുണ്ടായ്/ പാണ്ഡവ/പൈതൃക/കാണ്ഡം

അങ്ങനെ/യുണ്ടായ്/ സന്മതി/സൽഗുണ/മൂർത്തി,

ആര്യ/ന്നവനൊരു/ ദാസൻ,

അധികാ/രത്തിന/ശുദ്ധൻ,

ദൂരെ/പ്പോവുക/ വിദുരാ,/ നീയൊരു/ ശൂദ്രൻ. [210]

ഈ ഭാഗത്ത് ചതുരശ്രഗതിയിലുള്ള ഗണങ്ങളുടെ പല ചേരുവകൾ ഉപയോഗിച്ചിരിക്കുന്നു.

അയ്യപ്പപ്പണിക്കരുടെ കാർട്ടൂൺ കവിതകളിലെ റോസിലിക്ക് ഒരു നാടോടിവിനോദ ഗാനത്തിന്റെ ഘടനയാണ്:

മുതുവേലിപ്പാപ്പച്ചന്റെ മകൾപെറ്റ റോസിലിക്ക്
മുതുവൻകുളങ്ങരനിന്നൊരു മണവാളൻ വന്നേയ്-[211]

മിശ്രഗതിയുടെ ഇരട്ടിപ്പുരൂപത്തിൽ ...തകതരികിടതരികിടതരികിട... എന്ന തരത്തിലുള്ള വർണഘടന കവിതയുടെ അന്ത്യത്തിൽ ഒരു വായ്ത്താരിയായി മാറുന്നു. അതിൽ,

പതപതയെട പതയെട നുരയെട
പത നുരയെട പതയെട നുരയെട
പത നുര പത നുര പത നുരയെട
എട പതയെട നുരയെട പതയെട

എന്ന മട്ടിൽ താളപ്രസ്താരത്തിന്റെ രീതിയും ഈ കവിതയിൽ പ്രയോജനപ്പെടുത്തുന്നു.

അദ്ദേഹത്തിന്റെ ഇന്നലെ ഞാൻ വിറ്റ്മനെ കണ്ടു എന്ന കവിത നോക്കുക:

പുല്ലുകളും നദികളും കുന്നുകളും മേഘങ്ങളും കാടുകളും
മേഘങ്ങളും കാടുകളും കുന്നുകളും നദികളും പുല്ലുകളും
കുന്നുകളും മേഘങ്ങളും നദികളും കാടുകളും പാലങ്ങളും
പാളങ്ങളും വിമാനത്താവളങ്ങളും കാറുകളും
ഫാക്ടറിയും ടെലിഫോണും [212]

താളപ്രസ്താരത്തിൽ താളാംഗങ്ങൾ അടുക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് ഇതിൽ വാക്കുകൾ അടുക്കിയിരിക്കുന്നത്. വാക്കുകളുടെ ആവർത്തനം, അവയുടെ ക്രമത്തെ സംബന്ധിച്ച പൂർവാനുമിതിയുടെ തകർക്കൽ എന്നിവയിലൂടെ ഈ ഭാഗത്തിന് സവിശേഷമായ താളമാനങ്ങൾ കൈവരുന്നു.

**8. 2. 5. 5. ഗാനഘടന**

വർണാവർത്തനം, പദാവർത്തനം, പാട്ടിന്റെ പല്ലവിയെ ഓർമ്മിപ്പിക്കുന്ന വരികൾ, അയഞ്ഞ താളഘടന എന്നിവയിലൂടെ പുതിയ പാട്ടുകളായി മാറിയ ചില കവിതകളുമുണ്ട്. അയ്യപ്പപ്പണിക്കരുടെ 'പക്ഷിനൃത്തം' ഉദാഹരണം:

കുരുവീ, കുരുവീ,

മഞ്ഞക്കുരുവീ

തൂക്കുമഞ്ചം കേറിയിരുന്നു

തൂങ്ങിയാടും കുരുവീ... [213]

അദ്ദേഹത്തിന്റെ 'മുല്ലപ്പാട്ട്' തലക്കെട്ടിൽ സൂചിപ്പിക്കുന്നതുപോലെ പാട്ടുരീതിയിലാണ്.

പൂവില്ലാത്ത കിളിമരത്തിൽ

പൂക്കുന്ന മുല്ലവള്ളി

വളർത്തി ഞങ്ങൾ

പടർത്തി ഞങ്ങൾ

വിടർത്തി ഞങ്ങൾ

ഒരു വലിയ മന്ദാരമല്ലികപ്പൂ

വിടർത്തി ഞങ്ങൾ (പൂവില്ലാത്ത...) [214]

ആദ്യവരി പല്ലവിമട്ടിൽ ആവർത്തിക്കണമെന്ന സൂചനയും കവിതയ്ക്കൊപ്പമുണ്ട്.

**8. 2. 6. നാടോടിത്താളമാതൃകയിലുള്ള വായ്ത്താരി കവിതയുടെ താളത്തിനു നിയാമകമായി ഉപയോഗിക്കുന്നവ**

നാടോടിപ്പാട്ടുകളിലും പാട്ടുകളുടെ സാന്നിധ്യമുള്ള മറ്റു നാടോടിക്കലകളിലും പലതരത്തിലുള്ള വായ്ത്താരികൾ ഉപയോഗിക്കാറുണ്ട്. താളത്തിന്റെ ഗതി നിർണയിക്കുക, പാട്ടിലെ അക്ഷരങ്ങൾക്കു ശേഷമുള്ള ഭാഗം ചൊല്ലുകളിലൂടെ പൂരിപ്പിക്കുക, ഒന്നിലേറെ പാട്ടുകാരുണ്ടെങ്കിൽ ഏറ്റുപാടുന്നതിലൂടെ കൂട്ടായ്മയുടെ അന്തരീക്ഷം സൃഷ്ടിക്കുക എന്നിങ്ങനെ ഈ വായ്ത്താരികൾക്ക് പല ധർമ്മങ്ങളുമുണ്ട്. വാദ്യപ്രയോഗത്തെ അനുസ്മരിപ്പിക്കുന്ന ചൊല്ലുകളുള്ളിടത്ത് ഗാനവും താളഗതിയും തമ്മിലുള്ള ബന്ധം ഏറെക്കുറേ വ്യക്തമാണ്. ഏലേലം, ഐലസാ, തന്നന്നെ, രേരേരീ എന്നിങ്ങനെ ഈണത്തെക്കുറിക്കുന്ന വായ്ത്താരികളുള്ളിടത്ത് താളഗതിയിലും അക്ഷരഘടനയിലും കൂടുതൽ സ്വാതന്ത്ര്യമുണ്ട്. ചിലയിടത്ത് ഭാഷാപരമായ അർത്ഥമുള്ള വാക്കുകളും വാചകങ്ങളും മാത്രമായും മറ്റു ചിലയിടങ്ങളിൽ അർത്ഥമുള്ള വാക്കുകളും അതില്ലാത്ത അക്ഷരക്കൂട്ടങ്ങളും ഇടകലർത്തിയുമൊക്കെ വായ്ത്താരികൾ പ്രയോഗിക്കാറുണ്ട്. നാടോടിപ്പാട്ടുകളെ അനുസ്മരിപ്പിക്കുന്ന വായ്ത്താരികൾ ആധുനികകവിതയിൽ വ്യാപകമായി ഉപയോഗത്തിലുണ്ട്.

എൻ. എൻ. കക്കാടിന്റെ വജ്രകുണ്ഡലം എന്ന കവിതയിലെ ജംബുകനൃത്തം എന്ന ഭാഗത്തിൽനിന്ന് ഒരു ഉദാഹരണം:

ഇടംചുറ്റിത്തിരിഞ്ഞാടുക

തകത്തിന്തക ധി-ത്ത

വലംചുറ്റിത്തിരിഞ്ഞാടുക

തകിടതകതിമി ധിം ത [215]

ഇതിൽ വായ്ത്താരിയായി നല്കിയിട്ടുള്ള ഭാഗം മിശ്രഗതിയിലുള്ള ഒരു ചൊൽവടിവു രൂപപ്പെടുത്തുന്നതിനൊപ്പം രണ്ടു വായ്ത്താരികൾതമ്മിലുള്ള വ്യത്യാസത്തിലൂടെ വൈവിധ്യവും വരുത്തിയിരിക്കുന്നു. വരികളിലുള്ള അനുഷ്ഠാനസ്വഭാവം ഇതിനു പൂരകമാകുന്നു.

കക്കാടിന്റെതന്നെ പട്ടിപ്പാട്ട് എന്ന കവിതയിൽ മറ്റൊരു വായ്ത്താരി കാണാം:

തന്തൈടെ/ തന്തയ്ക്കു/ വാലു മു/ളച്ചപ്പോ-/

ളടിച്ചുകൊ/ന്നൊരു പട്ടി./

കുഴിച്ചുമൂടാൻ/ ചെന്നപ്പോൾ/

പട്ടിയെ കാണാ/നില്ലെന്നാലും/

പടിക്കലു/ണ്ടാപ്പട്ടി/

അളിഞ്ഞുനാ/റുന്ന പട്ടി/

തകതരികിട/ തകതരികിട/

തകതരികിട/ തന്ത [216]

പല ഗതികളിൽച്ചൊല്ലാവുന്ന ഈ കവിതയെ ഇതിലെ വായ്ത്താരി ആറു മാത്രയുള്ള ത്ര്യശ്രഗതിയിൽ ഉറപ്പിച്ചുനിർത്തുന്നു. വായ്ത്താരിയിലെ 'തന്ത' എന്ന ഭാഗം കവിതയുടെ അർത്ഥദ്യോതകമായ ഇതരഭാഗങ്ങളിലേക്കുകൂടി സംക്രമിക്കുന്നുവെന്ന പ്രത്യേകതയും ഇവിടെ കാണാം.

കക്കാടിന്റെ ചെറ്റകളുടെ പാട്ട് എന്ന കവിതയിലും വായ്ത്താരിസാന്നിധ്യമുണ്ട്:

പാടെടെ ചെറ്റേ, പാട്....

ഒന്നാം/ കാഞ്ഞിരം/ പെലയാടി/ക്കാഞ്ഞിരം..../

തിന്തിമി/ തക്കിട/ തിന്തിമി/ തക്കിട/...[217]

ആറു മാത്രയുള്ള ത്ര്യശ്രഗതിയിലാണ് വായ്ത്താരിയുടെയും അതിനുകൂടെയുള്ള വരികളുടെയും ഘടന.

വായ്ത്താരിയുടെ മറ്റൊരു രീതിയിലുള്ള പ്രയോഗമാണ് കക്കാടിന്റെതന്നെ വാരിക്കുഴിപ്പാട്ട് എന്ന കവിതയിലുള്ളത്.

ഇനിയൊരു പണികൂടി ചെയ്യാനുണ്ടേ

അനിയന്മാരൊക്കെയും കേൾക്കേണം, തിത്തൈ,

അനിയന്മാരൊക്കെയും കേൾക്കേണം [218]

എന്നു തുടങ്ങുന്ന കവിതാഭാഗത്ത് വരികൾക്കൊടുവിൽ താളത്തിന്റെ ഇട നികത്തുന്ന തരത്തിൽ വായ്ത്താരിയുടെ ലഘുവായ സാന്നിധ്യമേ ഉള്ളുവെങ്കിലും അവസാനവരികളിലെത്തുമ്പോൾ കവിത വായ്ത്താരിസമൃദ്ധമാവുകയും ആകെയുള്ള വരികളുടെ താളഘടനയെ നിർണയിക്കുകയും ചെയ്യുന്നു:

ഇനിയൊരു പണികൂടി, തിത്തൈ തികൃതൈ,

ചെയ്യാനുണ്ടേ-തികൃതത്തൈ,

അനിയന്മാരൊക്കെയും കേൾക്കണം, തിത്തൈ

തിത്തൈ തിത്തൈ തിമൃതത്തൈ [219]

ചതുശ്രഗതിയിലുള്ള ഒരു നാടോടിവായ്ത്താരിയിലൂടെ ഏറെ ശ്രദ്ധിക്കപ്പെട്ട കവിതയാണ് കാവാലം നാരായണപ്പണിക്കരുടെ മണ്ണ്. അതിന്റെ ആദ്യഭാഗം ഉദാഹരണം:

തിത്തന്നം തെയ്യന്നം കർകു

തിന്തിന്നം താരോ- കർകു

തിത്തന്നം തെയ്യന്നം കർകു

തിന്തിന്നം താരോ

അടി/ മാളിങ്ങെടുത്തോ, ഏന്റെ

മണിയിങ്ങെടുത്തോ- ഏൻ

മന്ത്രവാസത്തിനങ്ങാ പോയിമരട്ട് [220]

ഇതിൽ വായ്ത്താരിക്കു ശേഷമുള്ള കവിതാഖണ്ഡം മാത്രമായാണു ചൊല്ലുന്നതെങ്കിൽ തുടക്കത്തിലെ 'അടി' എന്ന ഭാഗം അതീതഗ്രഹമായി ഉച്ചരിക്കണം. എന്നാൽ വായ്ത്താരിയുടെ അന്ത്യത്തിൽ അക്ഷരങ്ങൾക്ക് ഊനതയുള്ള ഭാഗത്തോടിണങ്ങുന്ന തരത്തിലാണ് അതിന്റെ വിന്യാസം. വായ്ത്താരിയും ബാക്കി കവിതാഭാഗവും തമ്മിലുള്ള ഒരു കണ്ണിയായി ഈ 'അടി' എന്ന ഭാഗം പ്രവർത്തിക്കുന്നു.

കുട്ടനാട്ടിൽ ഓണപ്പടയ്ക്കു പാടുന്ന പടപ്പാട്ടുമായി ഈ കവിതയുടെ ഭാഷയ്ക്കും താളഘടനയ്ക്കും ഗാഢബന്ധമുണ്ട്.

വാളിങ്ങെടുക്കെന്റെ

വടിയിങ്ങെടുക്കേ

പവ്വകക്കാളിയൊടു

പടവെട്ടിവരട്ടോ [221]

തടിപിടിക്കുന്ന തൊഴിലാളികൾ അധ്വാനഭാരം ലഘൂകരിക്കാൻ ഉപയോഗിക്കാറുള്ള വായ്ത്താരിയാണ് കാവാലത്തിന്റെ തടിപിടി എന്ന കവിതയിലുള്ളത്:

കാട്ടിലെത്തടിയേ ഐസാ

തേവരുടാന ഐസാ

നാടുനന്നാവട്ടെ ഐസാ

വലിയെടവലിവലി ഐസാ

തടിപിടി പിടിതടി ഐസാ [222]

'ന്റേരേരോ ഏരിരേരോ' എന്ന വായ്ത്താരിയിൽ തുടങ്ങുന്ന കാക്കപ്പാട്ട് എന്ന കവിതയിൽ വായ്ത്താരികളുടെ വിവിധോപയോഗം കാണാം.

എത്തറ നല്ല പൊന്നുംകൊടായിട്ടും

പോയേ നീന്റേരേരോ ഏരിരേരോ

പാരേടാ പോരേടാ ന്റെരേരോ

ഏരേരോ, ഏരിരേരോ [223]

വരികളുടെ ഇടനികത്താനും അർത്ഥമുള്ള വരികൾക്കു പകരം നില്ക്കാനും പാകത്തിൽ ഇതിൽ വായ്ത്താരിസാന്നിധ്യമുണ്ട്.

സച്ചിദാനന്ദന്റെ പറയപ്പാട്ട് എന്ന കവിതയുടെ തലക്കെട്ടിനൊപ്പംതന്നെ 'തുടിയും നന്തുണിയുമായിപ്പാടാനുള്ള ഒരു ഈരാൾപ്പാട്ട്' എന്ന് പ്രയോഗവിധവുംകൂടി നല്കിയിരിക്കുന്നു. 'ഈരാൾപ്പാട്ടാ'യതുകൊണ്ടുതന്നെ രണ്ടുപേർ തമ്മിലുള്ള സംഭാഷണത്തിന്റെ രീതിയിലാണ് കവിത. താളഘടനയിലും ഈ സ്വഭാവമുണ്ട്. ഉദാഹരണം:

''രേരേരി-രേരേരി-രേരേരി-രേരോ

ഏനിന്നലെയൊരു ചൊപ്പനം കണ്ടപ്പാ

രേരേരി-രേരോ

ചാവേരിൻ നോവിനെല്ലാം നാവുമുളച്ചെന്ന്

കൂനനുറുമ്പണി ചേർന്നൊരാനയെക്കൊന്നെന്ന്''

''പയ്യാരം പറയാണ്ടെ നടയെട ക്ടാത്താ

പുല്ലാഞ്ഞിമൂർക്കനുണ്ട് പോതിലൊക്കെയോർത്തോ''[224]

പദഘടനയിൽ 'ഇന്നലെയേനൊരു ചൊപ്പനം കണ്ടേ'[225] എന്ന പാട്ടിനെ ഓർമ്മിപ്പിക്കുന്ന പാട്ടിന്റെ തുടക്കത്തിന് വിളംബകാലത്തെക്കുറിക്കുന്ന ശ്ലഥഗതിയാണുള്ളത്. അതിന്റെ മറുപടിയായുള്ള 'പയ്യാരം പറയാണ്ടെ' എന്ന ഭാഗം കുറച്ചുകൂടി മുറുക്കമുള്ള അക്ഷരഘടനയിലൂടെ താരതമ്യേന ചടുലഗതിയെ കുറിക്കുന്നു എന്ന താളസംബന്ധിയായ പ്രത്യേകത കൂടി ഈ കവിതയ്ക്കുണ്ട്.

പല ഗതിക്രമങ്ങളിലുള്ള വിവിധവായ്ത്താരികൾ ഡി. വിനയചന്ദ്രന്റെ പല കവിതകളിലും കാണാം. ഒരു തിരണ്ടു കല്യാണത്തോറ്റത്തിന്റെ ഗതിക്രമം ഖണ്ഡഗതിയാണെന്നു സൂചിപ്പിക്കുന്നത് അതിലെ ഒരു വായ്ത്താരിയാണ്:

ആശകിരുകിരു-

ത്താശഞെരുഞെരു-

ത്തന്നത്തെ തിരവന്നു

ഇന്നത്തെ തിരവന്നു [226]

എന്നിങ്ങനെ പെണ്ണിനു പെണ്ണാകാനുള്ള ആശ മുറുകുന്നത് ആവിഷ്കരിക്കുന്ന കവിതയിൽ,

തിത്തകത്തകതക

തിത്തകത്തകതക

പെണ്ണു തിരളുന്നു

പെണ്ണുതിരളുന്നു [227]

എന്നിങ്ങനെ ആശയുടെ പൂർത്തീകരണം സൂചിപ്പിക്കുന്നതിന് വായ്ത്താരിയുടെ ധ്വനനശേഷി ഉപയോഗിക്കുന്നതിലൂടെ അതിന് അർത്ഥ-ഭാവങ്ങളുടെ അധികമാനംകൂടി ലഭിക്കുന്നു. വായ്ത്താരിയുടെ ഈ അർത്ഥധ്വനനസാധ്യത ഉപയോഗിക്കുന്നത് അയ്യപ്പപ്പണിക്കരുടെ കഴുത എന്ന കവിതയിലും കാണാം. ഉദാഹരണം:

ഉണ്ടു ശങ്കരാ-ഒരു കാൽ വച്ചു

ഇല്ല ശങ്കരാ-മറുകാൽ വച്ചൂ

തിത്തിതത്തിതാ-തത്തിതിത്തതോ

തിദ്ധത്തി-തോ [228]

മദ്യപിച്ചു പാലത്തിൽ കയറിയ ശങ്കരന്റെ സമതുലിതാവസ്ഥ തെറ്റി ഇരുവശത്തേയ്ക്കും ആയുന്നതു ധ്വനിപ്പിക്കാൻ ഇതിലെ മൂന്നാമത്തെ വരിയും താഴേയ്ക്കു വീഴുന്നുവെന്നു സൂചിപ്പിക്കാൻ നാലാം വരിയും സമർത്ഥമാകുന്നു.

വിനയചന്ദ്രന്റെ വല വലിക്കും പാട്ടിലും കവിതയുടെ ഗതിഭേദത്തിലുപരി പ്രമേയപരമായ പരിണാമംകൂടി കുറിക്കുന്നതിന് വായ്ത്താരി ഉപയോഗിക്കുന്നു. ഈ കവിതയിലെ അവസാനവരികൾ:

മണവാളൻ തോണിയിലേ

മണിമുത്തം കാണുന്നേ

ഏലേലം ഹൈലേസാ

ഏലേലം ഏലേലം

ഏലേലം ഹൈലേസാ. [229]

ആറു മാത്രയുള്ള ത്ര്യശ്രഗതിയാണ് വായ്ത്താരിയിലൂടെ കവിതയുടെ ഗതിക്രമമായി സൂചിപ്പിക്കപ്പെടുന്നത്.

വിനയചന്ദ്രന്റെ നീലക്കരിമ്പ് എന്ന കവിതയിൽ വായ്ത്താരിയുടെ വിവിധവിന്യാസക്രമങ്ങളിലൂടെ കവിതയ്ക്ക് താളവൈചിത്ര്യം നല്കുകയും ചെയ്യുന്നു:

ആറ്റുമട്ടലിൽ കരിമ്പുപൂത്തേ

തെയ്യത്തിനുന്തം-തിനുന്ത

അവളരമണിതുള്ളിത്തുളുമ്പി

തിന്തിനത്തെയ്യം-തിനുന്ത [230]

വിനയചന്ദ്രന്റെ കേരളഗാനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുന്ന ഏലേലം കതിരേലേലം ഒരു വായ്ത്താരിതന്നെ തലക്കെട്ടാക്കുന്നു. ആറു മാത്രയുള്ള ത്ര്യശ്രഗതീഭേദത്തെ അടിസ്ഥാനമാക്കുന്ന കവിതയിലും വായ്ത്താരി ആവർത്തിക്കുന്നു:

ഏലേലം കതിരേലേലം

സൂര്യന്റെ കൂടെ ഞാൻ പോകുന്നു

നിങ്ങളാരാനും വരുന്നുണ്ടോ

സൂര്യന്റെ കൂടെ ഞാൻ പോകുന്നു.[231]

അദ്ദേഹത്തിന്റെ തകിടതക എന്ന കവിതയും വായ്ത്താരിഭാഗംതന്നെ തലക്കെട്ടാക്കുന്നു. കവിതയുടെ ചതുരശ്രഗതിയും അതിൽത്തന്നെയുള്ള മാത്രാവിന്യാസക്രമവും സൂചിപ്പിക്കുന്നത് വായ്ത്താരിയിലൂടെയാണ്.

കുണ്ടാമണ്ടിയും കുരങ്ങനുംകൂടി

പണ്ടത്തെപ്പാച്ചന്റെ കഥകൾ പറഞ്ഞ്

രണ്ടും മൂന്നും കരണംമറിയുമ്പോൾ

തകിട തകിട തക താളംകൊട്ട് [232]

ഇതിലെ വായ്ത്താരി ഈ കവിതയിലെ ആറു ഖണ്ഡത്തിൽ ഓരോന്നിലും ആവർത്തിക്കുന്നുണ്ട്. കവിതയുടെ പൊതുവായ താളത്തെ ഈ വായ്ത്താരി നിർണയിക്കുമ്പോൾത്തന്നെ ഓരോ ഖണ്ഡവും അക്ഷരക്രമീകരണത്തിൽ വ്യത്യസ്തത പുലർത്തുകയും ചെയ്യുന്നു.

ചതുരശ്രഗതിയിലുള്ള അമ്മാനപ്പാട്ട് എന്ന കവിതയിൽ വിനയചന്ദ്രൻ പല തരത്തിലുള്ള വായ്ത്താരികൾ ഉപയോഗിക്കുക മാത്രമല്ല, അവയിൽത്തന്നെ ഘടനാവൈചിത്ര്യവും വരുത്തിയിരിക്കുന്നു. ഒരു ഭാഗം ഉദാഹരണം:

അങ്ങേക്കൊമ്പത്തു

സ്വർണവിമാനം

താരമ്പിത്തകൃതകതകൃതകതിത്തോം

ഇങ്ങേക്കൊമ്പത്തു

വെള്ളിവിമാനം

തിത്തോം തകൃതകതാരമ്പിത്തകൃതക[233]

അദ്ദേഹത്തിന്റെ ധാരാളം മറ്റു കവിതകളിലും വായ്ത്താരിസാന്നിധ്യമുണ്ട്. കുളക്കോഴി[234] എന്ന കവിതയിൽ 'താതിന്ത തരികിട' എന്ന വായ്ത്താരി കവിതയുടെ ചതുരശ്രഗതിയെ സൂചിപ്പിക്കുന്ന തരത്തിൽ ഉപയോഗിക്കുന്നു. കൊയ്ത്ത് [235] എന്ന കവിതയുടെ ചൊൽവടിവ് ആറു മാത്രയുള്ള ത്ര്യശ്രഗതിയിലാണെന്ന് 'തിന്തകതാതക തിന്തകതാതക/തിന്തകതാതക തിന്തകത' എന്ന വായ്ത്താരി നിർണയിക്കുന്നു.

'താനിന്നൈ താനിന്നൈ തന്നാനൈ തനൈ

താനിന്നൈ താനിന്നൈ തന്നാനൈ'

എന്ന കുത്തിയോട്ടപ്പാട്ടിന്റെ വായ്ത്താരി കരടി എന്ന കാവ്യനാടക[236]ത്തിൽ ഉപയോഗിക്കുന്നു. അദ്ദേഹത്തിന്റെ ഒരു നെയ്തൽപ്പാട്ട് എന്ന കവിതയിൽ,[237]

ആലവാലം ആലവാലം

ആലിലത്തോണിയിൽ നീലവാനം

എന്ന സവിശേഷമായ വായ്ത്താരി കവിതയിലെ എല്ലാ ഖണ്ഡങ്ങളിലും ആവർത്തിക്കുന്നുണ്ട്. വിനയചന്ദ്രന്റെ അവിടെ ക്രിസ്തു വന്നു എന്ന കവിത[238]യുടെ വായ്ത്താരിക്ക് പ്രാർത്ഥനയ്ക്കൊപ്പം,

ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യസ്തോത്രം

എന്നു സ്തോത്രമുരുവിടുന്നതിന്റെ രീതിയാണ്.

അഞ്ചിതൾ വിനായകം, ജയകൈലാസം, അമ്മേ മൂകാംബികേ എന്നീ കവിതകളിൽ കീർത്തനത്തിന്റെ മട്ടിലുള്ള വരികൾ ആവർത്തിക്കുന്നതു കാണാം. അഞ്ചിതൾ വിനായകത്തിൽ,

പെരുമതകുംപതി, ഗണപതി കൊമ്പും

തുമ്പിയുമുള്ളൊരു വഴിയെൻവഴിയേ [239]

എന്ന ഭാഗത്തിന് പ്രമേയത്തിനനുസരിച്ചുള്ള ചെറിയ വ്യത്യാസങ്ങളോടെ ഓരോ ഖണ്ഡത്തിന്റെയും അവസാനം ആവർത്തിക്കുന്നു. ജയകൈലാസം എന്ന കവിതയിൽ[240] 'ജയകൈലാസം' എന്ന ഭാഗവും അമ്മേ മൂകാംബികേ എന്ന കവിതയിൽ[241] 'അമ്മേ ഭഗവതി മൂകാംബികേ' എന്ന വരിയും ഓരോ ഖണ്ഡത്തിനുമൊടുവിൽ കീർത്തനരീതിയിൽ ആവർത്തിക്കുന്നുണ്ട്.

പലതരം പൂപ്പാട്ടുകൾക്കു പാടാറുള്ള,

പൂവേ പൊലി പൂവേ പൊലി

പൂവേ പൊലി പൂവേ[242]

എന്ന വായ്ത്താരി കുഞ്ഞുണ്ണിയുടെ ഒരു കവിതയിൽ [243] കാണാം:

ഭാഷാപരമായ അർത്ഥമുള്ള പദങ്ങൾകൊണ്ടു നിർമ്മിക്കപ്പെടുന്നു എന്നതാണ് ഇത്തരം വായ്ത്താരികളുടെ പ്രത്യേകത.

**8. 2. 7. നിശ്ചിതമായ നാടോടിത്താളമോ വായ്ത്താരിയോ കവിതയ്ക്കൊപ്പമില്ലെങ്കിലും താളം, പ്രമേയം, ഭാഷ, ഈണം എന്നിവയിലൂടെ നാടോടിപ്പാട്ടുകളുടെ രൂപഘടനയെ ഓർമ്മിപ്പിക്കുന്നു.**

വടക്കൻപാട്ട്, ഓണപ്പാട്ട് തുടങ്ങിയ നാടോടിപ്പാട്ടുകൾ ആധുനികകവികളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഇവ പ്രസിദ്ധങ്ങളായതുകൊണ്ടുതന്നെ താളഘടനയ്ക്കൊപ്പം പ്രമേയം,

പദഘടന തുടങ്ങിയ മറ്റു ഘടകങ്ങളും വ്യത്യസ്തമായ ഉദ്ദേശ്യങ്ങളെ മുൻനിർത്തി കവിതയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃഷിപ്പാട്ടുകൾ, തോറ്റംപാട്ടുകൾ, മന്ത്രവാദം തുടങ്ങിയ അനുഷ്ഠാനങ്ങൾക്കുപയോഗിക്കുന്ന പാട്ടുകൾ, തെയ്യവും പടയണിയുമുൾപ്പെടെയുള്ള നാടോടിക്കലാരൂപങ്ങൾക്കുപയോഗിക്കുന്ന പാട്ടുകൾ മുതലായവയിലെ രൂപപരവും പ്രമേയപരവുമായ ഘടകങ്ങൾ ആധുനികകവിതകളിൽ പല തരത്തിൽ ഉപയോഗിക്കുന്നതു കാണാം. നിശ്ചിതമായ നാടോടിത്താളങ്ങളുടെയും വരികളുടെ ഘടനയെ നിർണയിക്കുന്ന വായ്ത്താരികളുടെയും സാന്നിധ്യം കവിതയിലില്ലെങ്കിലും രൂപഘടനയിൽ നാടോടിപ്പാട്ടുകളെ ഓർമ്മിപ്പിക്കുന്ന കവിതകളാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഘടനാപരമായി വടക്കൻപാട്ടുകളെ ഓർമ്മിപ്പിക്കുന്ന വരികൾ പല ആധുനികകവിതകളിലും കാണാം. വടക്കൻപാട്ടിൽ നായകനോ നായികയോ സ്നാനം ചെയ്ത്, യാത്ര പറഞ്ഞ്, പുറപ്പെട്ട്, പല വഴി യാത്ര ചെയ്യുന്നതിന്റെ വർണനാഭാഗങ്ങൾ യാത്ര പ്രമേയമാക്കിയ ആധുനികകവിതകളിൽ പുനഃസൃഷ്ടിക്കുന്നതു കാണാം. താളരീതിയിലും പദഘടനയിലും അവ വടക്കൻപാട്ടുകളുടെ മാതൃക പിൻപറ്റുന്നു. ചില മാതൃകകൾ:

വടക്കൻപാട്ടിലെ സ്നാനവർണന:

കുളിക്കും കടവിലും ചെന്നുപെണ്ണ്

താളിക്കല്ലേറി ഇരുന്നവളും

എന്നും

അരയോളം നീറ്റിൽ ഇറങ്ങിനിന്നു

താണു കുളിച്ചങ്ങു പെണ്ണവളും[244]

എന്നുമുള്ള വരികൾ ഈ സന്ദർഭത്തിലുണ്ട്.

ആറ്റൂരിന്റെ ആറ്റുവെലിയിൽ കഥാപാത്രത്തിന്റെ സ്നാനം വർണിക്കുന്നു:

വെട്ടിത്തിളങ്ങും മണൽക്കര മീതെ

ചുറ്റിയതെല്ലാമഴിച്ചുവെച്ചു,

കൈഘടികാരവും മീതെ വെച്ചു,

കാഴ്ചക്കണ്ണാടിയുമരികെ വെച്ചു,[245]

പദഘടനയിൽ ഇത്,

വീട്ടുകിഴി നാലും വേറെവച്ചു

നാട്ടുകിഴി നാലും വേറെ വച്ചു

അങ്കക്കിഴി മൂന്നും വേറെവച്ചു [246]

എന്ന വടക്കൻപാട്ടുഭാഗത്തെയും ഓർമ്മിപ്പിക്കുന്നു.

സച്ചിദാനന്ദന്റെ ഒരു കുരുതിക്കഥയിലും വടക്കൻപാട്ടിലെ സ്നാനവർണനയെ പിന്തുടരുന്ന ഭാഗങ്ങളുണ്ട്. ഉദാഹരണം:

ഒരു കിണ്ടിവെള്ളത്തിലവൾ കുളിച്ചൂ

ഒരു കോടിമുണ്ടും കുടഞ്ഞുടുത്തൂ

പുതുമുല്ലമാലയണിഞ്ഞുവന്നൂ

അറുകൊലച്ചോറും കഴിച്ചുവന്നൂ[247]

വടക്കൻപാട്ടിലെ ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാടിന്റെ സമയത്ത് യാത്ര ചോദിക്കുന്ന ഭാഗം:

ഒന്നുണ്ടു കേൾക്കണം ഉണ്ണിയാർച്ചെ

പുത്തരിയങ്കത്തിനു പോയ്‌വരട്ടെ

ഒന്നുണ്ടു കേൾക്കണം കുഞ്ചുണ്ണൂല്യേ

പുത്തരിയങ്കത്തിനു പോയ്‌വരട്ടെ[248]

അങ്കത്തിനു പുറപ്പെടുന്ന വീരനായകനുപകരം വീടുവിട്ടുപോകുന്ന ആധുനികകഥാപാത്രമാണ് ഡി. വിനയചന്ദ്രന്റെ യാത്രപ്പാട്ടിലുള്ളത്. ഇതിലെ കഥാപാത്രം പുറപ്പെടുന്നതിനു മുമ്പ് യാത്ര ചോദിക്കുന്ന ഭാഗം നോക്കുക:

തെങ്ങായ് ചിരിക്കുന്ന

വല്യമ്മൂമ്മേ

നിന്നുണ്ണികുഞ്ഞുണ്ണി

പോയ്‌വരട്ടെ.[249]

വടക്കൻപാട്ടിൽ യാത്രയ്ക്കിറങ്ങുന്ന ഭാഗം:

ഏഴരക്കമ്പുള്ള വടി എടുത്തെ

ഏഴരക്കമ്പുള്ള കുടയെടുത്തെ

കരിമ്പടം ഒന്നു എടുക്കുന്നുണ്ടെ

വച്ചുണ്ണാൻ ചിറ്റുരുളി ഒന്നെടുത്തെ [250]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'യാത്രാമൊഴി'യിലെ സമാനഭാഗം:

ഏഴരക്കമ്പുള്ള വടിയെടുത്ത്,

ഏഴരക്കമ്പുള്ള കുടയെടുത്ത്, വ്യഥ

വെച്ചുണ്ണാൻ ചിറ്റുരുളിയൊന്നെടുത്ത്,

ഇടങ്കാലുവെച്ചു പടി കടന്നേ [251]

വടക്കൻപാട്ടിലെ യാത്രാവർണന:

പടിയും പടിപ്പുരയിടാകടന്നു

പടിക്കലെ പള്ള്യാല ഇടകടന്നു

കുറഞ്ഞൊരു വഴിയും നടന്നവരെ

നിമുരം കിഴക്കോട്ടു പോകുന്നുണ്ടെ [252]

എം. ഗോവിന്ദന്റെ കണ്ണന്റെ കഥയിലെ യാത്രാവിവരണഭാഗം:

കുന്നിന്റെ മുടിയിലിറങ്ങീ കണ്ണൻ

കുറുവഴി നോക്കി നടന്നൂ കണ്ണൻ

കുണ്ടനിടവഴി താണ്ടീ കണ്ണൻ

പടിയും പടിപ്പുര കേറീ കണ്ണൻ [253]

വടക്കൻപാട്ടിലെ വീരനായകനെയോ നായികയെയോ വർണിക്കുമ്പോൾ,

ആദിത്യശോഭയും മിന്നുംപോലെ

കുന്നത്തു കൊന്നയും പൂത്തപോലെ [254]

എന്ന തരത്തിലുള്ള ഉപമകൾ പ്രയോഗിക്കാറുണ്ട്. താളരീതിയിൽ വടക്കൻപാട്ടുമട്ടു തന്നെ പിന്തുടർന്നുകൊണ്ട് ഇത്തരത്തിലുള്ള പദഘടനയും അലങ്കാരങ്ങളും നിർമ്മിക്കുന്നതിനുദാഹരണമാണ് ആറ്റൂർ രവിവർമ്മയുടെ ഒരു കവിതയിലെ ഭാഗം:

കൊമ്പൻ കുളിച്ചെഴുന്നേൽക്കുംപോലെ,

വണ്ടിയ്ക്കടയാളത്തൂണുപോലെ.

തേപ്പുകഴിഞ്ഞോരെടുപ്പുപോലെ.

നേരെയടുത്തുനിൽക്കുന്നതാര്! [255]

വിനയചന്ദ്രന്റെ 'ചിറ്റുമല'യിൽ ഈ വർണനയെ മറ്റൊരു തരത്തിൽ അനുസ്മരിപ്പിക്കുന്നു:

കുന്നത്തെ കൊന്നയും പൂത്തതല്ല

വയനാടൻമഞ്ഞൾ മുറിച്ചതല്ല [256]

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ പരീക്ഷയ്ക്കും വടക്കൻപാട്ടിന്റെ സ്വഭാവമുണ്ട്. ഉദാഹരണം:

അപ്പോൾ പറയുന്നു വേതാളവും

അങ്കപ്പുറപ്പാടു നാളെയാണ്.[257]

വടക്കൻപാട്ടിൽ ആവർത്തിക്കാറുള്ള,

'അപ്പോൾ പറയുന്നു വാഴുന്നോരും'[258] എന്ന തരത്തിലുള്ള പദഘടനയും വടക്കൻപാട്ടിന്റെ താളരീതിയുമാണ് ഈ കവിതയിലുള്ളത്.

വടക്കൻപാട്ടുമട്ടിനെ ഹാസ്യാനുകരണരീതിയിൽ ആവിഷ്കരിക്കുന്നത് അയ്യപ്പപ്പണിക്കരുടെ ഡി. എൻ. എ. പാട്ടിൽ കാണാം.

അപ്പോൾ പറയുന്നു ഡി. എൻ. ഏ. യും

പത്താം വയസ്സു മുതൽ പറയൂ [259]

നാടോടിപ്പാട്ടുകളിൽ പ്രസിദ്ധമായ ഓണപ്പാട്ടിനും താളഘടന വടക്കൻപാട്ടിന്റേതുതന്നെ. എന്നാൽ പദഘടനയിൽ മറ്റൊരു മാതൃകയാണതിലുള്ളത്.

മാവേലി നാടു വാണീടും കാലം

മാനുഷരെല്ലാരുമൊന്നുപോലെ[260]

എന്നിങ്ങനെയുള്ള ആ പാട്ടിലെ വരികളെ പദഘടനയിലും താളത്തിലും പിന്തുടരുകയും ഒപ്പം വിപരീതാർത്ഥം ചമയ്ക്കുകയും ചെയ്യുന്നത് എം. ഗോവിന്ദന്റെ കവിതയിൽ കാണാം:

വെള്ളക്കാർ നാടുവാണീടും കാലം

വെള്ളിപ്പണത്തിന്റെ വേദകാലം [261]

ശ്ലഥഗതിയെങ്കിലും താളഘടനയിൽ ഓണപ്പാട്ടിനോട് ഏകദേശം സാദൃശ്യമുള്ളതാണ് മാവാരതംപാട്ട്.

കാരുനാട്ടിലമ്മ കാന്തകാരി

പള്ളീയറതട്ടി വിളിച്ചുചൊല്ലി[262]

എന്നിങ്ങനെയുള്ള വരികളാണ് ആ പാട്ടിലുള്ളത്. പ്രമേയത്തിലും പദഘടനയിലും ഈ പാട്ടിനെ ഓർമ്മിപ്പിക്കുന്നതിനും എം. ഗോവിന്ദൻ ഏകദേശസാദൃശ്യമുള്ള ഓണപ്പാട്ടിന്റെ താളംതന്നെ ഉപയോഗിക്കുന്നു:

അന്തപ്പുരത്തിലെ ബന്ധുരാംഗി

സന്താനഭിക്ഷയ്ക്കിറങ്ങി കുന്തി

തൻ ഗർഭപാത്രമേ ചട്ടിയാക്കി [263]

'വാലന്മാർ തണ്ടുപിടിക്കുമ്പോൾ പാടുന്ന ഒരു പാട്ടി'നും ഇതേ താളഘടനതന്നെ:

റാകിപ്പറക്കുന്ന ചെമ്പരുന്തെ

നീയുണ്ടോ മാമാങ്ക വേല കണ്ടു

വേലയും കണ്ടു വിളക്കും കണ്ടു

കടലിത്തിര കണ്ടു കപ്പൽ കണ്ടു [264]

സച്ചിദാനന്ദന്റെ അടിവാരം എന്ന കവിത ഇതിലെ പദഘടനയെ ഓർമ്മിപ്പിക്കുന്നു.

ചുരമിറങ്ങിക്കിതച്ചെത്തി മുന്നിൽ

ചുരമാന്തി നില്ക്കും വടക്കൻകാറ്റേ,

മുകളിൽ നീയിക്കുറിയെന്തുകണ്ടു?

മരണത്തോടങ്കക്കുറികുറിച്ചു?[265]

നീലിയമ്മത്തോറ്റം തുടങ്ങിയ പല തോറ്റംപാട്ടുകൾക്കും ഇതേ താളഘടനയാണ്.

നീലിമലയിലെ കുഞ്ഞിക്കാളീ

ചാത്തമ്പുലയന്റെയോള്കാളീ [266]

എന്നുതുടങ്ങി,

നീലിമലവാഴും നീലിയമ്മ

നമ്മളെയെന്നെന്നും കാത്തിടട്ടേ![267]

എന്നവസാനിക്കുന്ന നീലിയമ്മത്തോറ്റത്തിലെ പദഘടനയെ അനുസ്മരിപ്പിക്കുന്നതാണ് ഡി. വിനയചന്ദ്രന്റെ ചിറ്റുമലയിലെ,

എട്ടുദിക്കും വിളികൊണ്ട മാതാ

ചിറ്റുമലയിലെക്കന്നിമാതാ[268]

എന്ന തുടക്കവും,

കഷ്ടകാലങ്ങളും തീരട്ടെ

കാലദോഷങ്ങളും തീരട്ടെ[269]

എന്നിങ്ങനെയുള്ള വരികളും.

കടമ്മനിട്ട രാമകൃഷ്ണന്റെ 'ചാക്കാല'യിൽ ഈ താളമാതൃകയുടെ സ്വതന്ത്രരൂപം നാടോടിസംസ്കാരത്തെക്കുറിക്കുന്ന മറ്റൊരു സന്ദർഭത്തിൽ ഉപയോഗിക്കുന്നു. ഉദാഹരണം:

അങ്ങേലെ മൂപ്പീന്നു ചത്തോടീ?

നമ്മളും പോയൊന്നറിയേണ്ടേ?

ചാക്കാല ചൊല്ലുവാൻ വന്നവന്ന്

കാപ്പിയും കാശും കൊടുത്തോടീ?[270]

മാവേലിപ്പാട്ടിന്റെ ഊനരൂപമാണ് കവിതയുടെ തുടക്കത്തിലുള്ളത്. ഇതിലെ മൂന്നാം വരിയിൽ ഈ താളഘടനയുടെ പൂർണരൂപത്തിലേക്കെത്തുന്നു. ഇതിന്റെ ഇരട്ടിപ്പുരൂപവും കവിതയിലുണ്ട്:

എലിമുള്ളുകൊണ്ടാ വഴിയടച്ചു

എലുകക്കല്ലൊക്കെ പിഴുതുമാറ്റി [271]

താളഘടനയിൽ സ്വാതന്ത്ര്യമുപയോഗിക്കുന്ന ഈ കവിതയിലെ പ്രാദേശികഭാഷയുടെയും നാടോടി അനുഭവങ്ങളുടെയും സാന്നിധ്യം ഇതിനെ നാടോടിസംസ്കാരത്തോടു ചേർത്തുനിർത്തുന്നു.

ആറ്റൂർ രവിവർമ്മയുടെ അർക്കം എന്ന കവിത മാവേലിപ്പാട്ടിന്റെ ഊനരൂപത്തെ അടിസ്ഥാനമാക്കി നാടോടിമട്ടിൽ എഴുതിയതാണ്. ഉദാഹരണം:

കാലത്ത് ജോലിക്കുപോകുമ്പോൾ

കണ്ണാടിഞാനെത്രനോക്കീലാ!

കൂട്ടുകാരൊത്തുള്ളെൻ ചിത്രത്തിൽ

മറ്റൊരാളേയും ഞാൻ കണ്ടീലാ [272]

സച്ചിദാനന്ദന്റെ 'കായിക്കരയിലെ മണ്ണ്' ഈണത്തിലും വർണാവർത്തനത്തിലും നാടോടിസ്വാധീനമുള്ള കവിതയാണ്. ഇതിലും മാവേലിപ്പാട്ടിന്റെ ഊനരൂപമാണ് കവിതയ്ക്ക് നാടോടിമട്ടു നല്കുന്ന താളഘടകം. ഉദാഹരണം:

കായിക്കരയിൽ ഞാനെത്തുമ്പോൾ

ചായും വെയിലെന്നെ നോക്കുന്നു

ഒരുപിടി മണ്ണു ഞാൻ വാരുന്നു

ചെവിയോടു ചേർത്തുപിടിക്കുന്നു [273]

ചില കവിതകൾക്ക് കൈകൊട്ടിക്കളിയിലുപയോഗിക്കുന്ന പാട്ടുകളുടെ സ്വാധീനം കാണാം. അയ്യപ്പപ്പണിക്കരുടെ തുടികൊട്ട് എന്ന കവിതയുടെ ഘടന ഉദാഹരണം:

ഭൂമിയിന്മേലേ

    ഞാനൊരു കുടിലുവച്ചു

    കുടിലുവച്ചു [274]

'അല്ലാത്താർ പാടിടും മെല്ലെമെല്ലേ മെല്ലെമെല്ലെ' [275]

എന്നിങ്ങനെ വരിയുടെ അന്ത്യഖണ്ഡം ആവർത്തിക്കുന്നത് പല കൈകൊട്ടിക്കളി പ്പാട്ടുകളിലും കാണാം. താളഘടനയിലും കവിതയിലെ വരികൾക്ക് ഈ പാട്ടിലെ രീതിയു മായി സമാനതയുണ്ട്.

എൻ. എൻ. കക്കാടിന്റെ കഴുവേറിപ്പാച്ചന്റെ പാട്ടുകഥ എന്ന കവിതയ്ക്കും പ്രസിദ്ധ മായ ഒരു കൈകൊട്ടിക്കളിപ്പാട്ടുമായി നേരിട്ടു ബന്ധമുണ്ട്.

കഴുവേറികളേ, നിങ്ങളറിഞ്ഞോ

ഞാനൊരു നാടകം കാണാൻ പോയേ [276]

എന്ന തുടക്കം,

ആത്തോല ഇത്തോലെ കുഞ്ഞാത്തോലെ തിതൈയ്

ഞാനൊരു നാടകം കാണാമ്പോയീ തിതൈയ് [277]

എന്ന ഗാനത്തെ താളത്തിലും പദഘടനയിലും അനുസ്മരിപ്പിക്കുന്നു. തുടർന്നും അതേ പാട്ടിലെ വരികളുടെ ഹാസ്യാനുകരണവും ഒപ്പം സമകാലികജീവിതത്തിന്റെ വിമർശനവുമാ കുന്നു ഈ കവിത.

കക്കാടിന്റെ വേരുകൾ എന്ന കവിതയിലെ ചില വരികൾ:

പത്താംനാൾ പലരുംകൂടി

പടപറഞ്ഞങ്ങിറങ്ങി ഞങ്ങൾ;

പലവഴിയും താണ്ടി ഞങ്ങൾ

പലനാടും കണ്ടു ഞങ്ങൾ [278]

'ഊരുചുറ്റുന്ന ഒരുകൂട്ടം പരദേശികളെക്കുറിച്ചുള്ള നാടൻപാട്ടിന്റെ പാരഡിയാണ് ഈ പന്ത്രണ്ടുവരി'[279] എന്ന് ഈ ഭാഗത്തെക്കുറിച്ച് അടിക്കുറിപ്പു കാണാം.

കൈകൊട്ടിക്കളിക്കു പാടാറുള്ള വിനോദഗാനങ്ങളിലൊന്നാണ് ഈ പാട്ട്:

പത്താം നാൾ പലരുംകൂടി പടപറഞ്ഞങ്ങിരുന്നു ഞങ്ങൾ

ഒമ്പതാം നാളേട്ടയിക്കന്റെ ഓത്തു കേട്ടു കിടന്നു ഞങ്ങൾ[280]

ഇതിനുള്ള നർമ്മസ്വഭാവം കവിതയിൽ വിപരീതഹാസ്യത്തിന് ഉപയോഗിക്കുന്നു.

താളഘടനയിൽ പലതരം കൃഷിപ്പാട്ടുകളുടെ സ്വാധീനമുള്ള ആധുനികകവിതാഭാ ഗങ്ങളുമുണ്ട്. ഉദാഹരണം:

ഒന്നാം കപ്പലന്നോരത്തിൽ വന്നപ്പോൾ

ഓരായിരം വെള്ള നാടണഞ്ഞു

രണ്ടാം കപ്പലന്നോരത്തിൽ നിന്നന്നപ്പോൾ

രണ്ടായിരം ധ്വര കൂടണഞ്ഞു [281]

'വിത്തുകിളയ്ക്ക് പാടുന്ന' ഒരു നാടോടിപ്പാട്ടിന് സമാനഘടനയാണ്:

ഒന്നാം വള്ളിയിലിളവള്ളിമുല്ലമേൽ

കേറിക്കോ പെണ്ണേ! പൂപറിക്കാൻ

രണ്ടാം വള്ളിയിലിളവള്ളിമുല്ലമേൽ

കേറിക്കോ പെണ്ണേ! പൂപറിക്കാൻ [282]

കാവാലം നാരായണപ്പണിക്കരുടെ ആപ്പേം ഊപ്പേം എന്ന കവിത താളഘടനയിലും പദഘടനയിലും നാടോടിമട്ടിലാണ്. ഉദാഹരണം:

എടവപ്പാതിക്കെടമുറിയാണ്ട്

വെള്ളം ചെരിച്ചേ

ചെരിഞ്ഞും വളഞ്ഞും നിന്ന

മാനംപൊലയൻ [283]

നാടോടിപ്പാട്ടുകളിൽ കാണാറുള്ള ഒരു താളഘടനയാണിത്. കൃഷിപ്പാട്ടുകളിൽനിന്നുദാഹരണം:

തേയവാഴിത്തമ്പൂരാന്റെ

തിരുമുമ്പീല്

ഈയുള്ളോരു തളർന്നു നിന്നൊരു

പാട്ടുപാടുന്നേയ് [284]

ഡി. വിനയചന്ദ്രന്റെ കാറ്റ് എന്ന കവിതയ്ക്കും അതിന്റെ പാട്ടുരീതിയിൽ നാടോടിബന്ധമുണ്ട്.

തെക്കുന്നു വീശുന്നതു

മരണത്തിൻ കാറ്റാണല്ലോ:

എന്നു തുടങ്ങുന്ന കവിത,

വടക്കുന്നു വീശുന്നതു

താരാട്ടിൻ പാട്ടാണല്ലോ [285]

എന്നിങ്ങനെ നാലു ദിക്കുകളെയും സൂചിപ്പിച്ച്,

കാറ്റായ കാറ്റുവീശി

മറുകാറ്റു വീശുന്നല്ലോ

മറുകാറ്റു വീശുന്നല്ലോ

മറുകാറ്റു വീശുന്നല്ലോ [286]

എന്ന് അവസാനിക്കുന്നു.

ഈ ഘടന ഒരു ഞാറ്റുപാട്ടിനെ അനുസ്മരിപ്പിക്കുന്നു. അതിൽ,

തെക്കനാം കോപൂരത്തിൽ

മഴയുണ്ടു കൊള്ളുന്നല്ലോ,

എന്നു തുടങ്ങി നാലുദിക്കുകളെയും സൂചിപ്പിച്ച്,

നാലൂ മഴയൊത്തുകൂടീ

കനകമഴ പെയ്യുന്നേയ്

കനകമഴ പെയ്യുന്നേയ്

മലവെള്ളമിറങ്ങുന്നേയ് [287]

എന്ന് അവസാനിക്കുന്നു. എന്നാൽ നാടോടിപ്പാട്ടിന്റെ പ്രസാദാത്മകതയ്ക്കു പകരം ദുരന്തസൂചനകളിലൂടെ കവിത ആധുനികജീവിതാവസ്ഥകളെ പ്രതിനിധീകരിക്കുന്നു.

കാവാലത്തിന്റെ കുഞ്ഞിത്തായി എന്ന കവിതയുടെ അടിക്കുറിപ്പിൽ ഇങ്ങനെ കാണുന്നു:

“ഈ കവിത ഒരു ഒപ്പാരാണ്. ഒപ്പാര് എന്നാൽ ഒരാൾ മരിക്കുമ്പോൾ അയാളെചൊല്ലി ബന്ധമുള്ളവർ അനുഷ്ഠാനമായി നടത്തുന്ന കരച്ചിൽ”[288]

കവിതയിലെ വരികൾ:

ഓമനക്കുഞ്ഞിത്തായീ

ന്റോമനക്കുഞ്ഞിത്തായീ.

ചാലു വരമ്പത്തു കൂട്ടോം വിട്ട്

ചാഞ്ഞും ചെരിഞ്ഞും നിന്ന

കൊളപ്പാലക്കതിരേ

ന്റോമനക്കുഞ്ഞിത്തായീ [289]

ഈ കവിതയ്ക്കടിസ്ഥാനമായത് ‘ചെറുമക്കളുടെ ഒരു നാടോടിപ്പാട്ടാ’ണ്:

ഓമനക്കുഞ്ഞിത്തായി! എന്റെ ഓമനക്കുഞ്ഞിത്തായി!

ഓമ്മിപത്തുമാതോം എടുത്ത

നാങ്ങളെപ്പെറ്റുപോറ്റിയ തായീ [290]

കാവാലത്തിന്റെ എക്കാലപ്പെണ്ണ് എന്ന കവിതയിലെ ഒരു ഭാഗം പാറപൊട്ടിക്കുന്ന തൊഴിലാളികൾ പാടുന്ന പാട്ടിന്റെ ഏകദേശാനുകരണമാണ്. കവിതയിലെ വരികൾ:

പാറയ്ക്കിട്ടടി ഏലേലം

പാറപൊട്ടിക്കാ നേലേലം

കൂടംവെച്ചടി ഏലേലം

പാരക്കൊക്കിട്ട് ഏലേലം

ഞെട്ടട്ട് പാറ, പൊട്ടട്ട് പാറ

പൊളിയട്ട് പാറ, ചെതറട്ട് പാറ...[291]

*കേരളഭാഷാഗാനങ്ങളിൽ*ക്കാണുന്ന 'പാറപൊളിപ്പാട്ടി'ലെ ചില വരികൾ:

പാറക്ക്ട്ടടി- ഏലേലം

പാറത്തൊരേല് - ബള്ളം പോന്നിറ്റ്

പാറക്ക്ട്ടടി- ഏലേലം,

ഞെട്ടട്ട്പാറ-പൊട്ടട്ട്പാറ

പൊളിയട്ട് പാറ - ഏലേലം [292]

കാവാലത്തിന്റെ പൊട്ടൻ എന്ന കവിതയുടെ പ്രമേയംതന്നെ പൊട്ടൻ തെയ്യത്തിന്റെ പുരാവൃത്തവുമായി ബന്ധപ്പെടുന്നു. കവിതയിലെ ചില വരികൾ:

വഴിപൊലിക- ജനംപൊലിക

നാടുപൊലിക- നഗരംപൊലിക

ഊരുപൊലിക- ഉലകം പൊലിക

പൊട്ടൻ പൊലിക- പൊലയൻ പൊലിക [293]

പൊട്ടൻതെയ്യത്തിന്റെ തോറ്റംപാട്ടിലെ ഒരു ഭാഗത്തെ പുനർനിർമ്മിച്ചതാണ് ഈ വരികൾ. തോറ്റത്തിലെ ഭാഗം:

ഊര് പൊലിക ഉലകം പൊലിക

നാട് പൊലിക നഗരം പൊലിക

ഊരിനകത്തുള്ള ഏകപന്തൽ പൊലിക

പന്തൽ പൊലിക പടിവാതിൽ പൊലിക [294]

കടമ്മനിട്ടയുടെ കവിതകളിലെ പല താളരൂപങ്ങളും പടയണി എന്ന കലാരൂപവുമായി ബന്ധമുള്ളവയാണ്. അദ്ദേഹത്തിന്റെ കാട്ടാളനിൽ പടയണിയിലെ മറുതാക്കോലത്തിനു പാടുന്ന ഒരു പാട്ട് നേരിട്ടുതന്നെ ഉപയോഗിക്കുന്നു.

കാഞ്ഞിരമാലയണിഞ്ഞവൾ നീയേ
കാഞ്ഞിരത്തേൽ കുടികൊൾവവൾ നീയേ
കുത്തിയുതിരം കുടിപ്പവൾ നീയേ
കുടൽകൊണ്ടു മാലയണിന്തവൾ നീയേ...[295]

പടയണിപ്പാട്ടിലും ഇതേ വരികൾതന്നെയാണുള്ളതെങ്കിലും പാട്ടിന്റെ ആദ്യ ഈരടിക്കു ശേഷമുള്ള ചില വരികൾ കവിതയിൽ ഒഴിവാത്തിയിരിക്കുന്നു. നാടോടിപ്പാട്ടുകൾ കവിതയിലുപയോഗിക്കുമ്പോൾ കവിതയുടെ ഭാവത്തിനും സാംസ്കാരികാന്തരീക്ഷത്തിനും യോജിച്ച തരത്തിൽ പുനരാവിഷ്കരിക്കുന്നതിനുദാഹരണമാണ് ഈ ഒഴിവാക്കൽ പ്രക്രിയ.

ഡി. വിനയചന്ദ്രന്റെ മുന്തിരിവള്ളികൾ എന്ന കാവ്യനാടകത്തിലെ ചില വരികൾ പ്രസിദ്ധമായ ഒരു പടയണിപ്പാട്ടിനെ അനുസ്മരിപ്പിക്കുന്നു:

എന്നിണങ്ങർ തോഴിമാരെ
ഏലേലം ഏലേലം
ആകാശക്കിളി ഞാനേ
ആനന്ദം പാടുന്നേ [296]

പടയണിയിൽ യക്ഷിക്കോലത്തിന്റെ തുള്ളലിനു പാടുന്ന പാട്ട്:

പോകുന്നേൻ പോകുന്നേനോ
ഞാനോ ഞാൻ പോകുന്നേ
പേരാറ്റിൻ പെരുമണലേലോ
ഞാനോ ഞാൻ പോകുന്നേ
എന്റെണങ്ങർ തോഴിമാരേ
ഞാനോ ഞാൻ പോകുന്നേ
പേരാറ്റിൻ പെരുമണലേലോ
ഞാനോ ഞാൻ പോകുന്നേ [297]

കളംപാട്ട് എന്ന കവിതയിലും വിനയചന്ദ്രൻ ഈ താളക്രമം ഉപയോഗിക്കുന്നുണ്ട്. [298]

സച്ചിദാനന്ദന്റ പുറപ്പാട് എന്ന കവിതയിലും ഈ പടയണിപ്പാട്ടിന്റെ സ്വാധീനമുള്ള

വരികളുണ്ട്:

പോകുന്നേ പോകുന്നേനോ

പോണേ ഞാൻ പോകുന്നേ

കുരുവി ചിലയ്ക്കും മുമ്പേ

പോണേ ഞാൻ പോകുന്നേ [299]

കടമ്മനിട്ടയുടെ പൂവു തേടിപ്പോയ അഞ്ചു കുട്ടികളുടെ കഥ എന്ന കവിത നോക്കുക:

അത്തപ്പൂക്കണി മുറ്റത്തൊരുക്കാൻ

ആഴക്കു മൂഴക്കു പൂവിറുക്കാൻ

അഞ്ചുപേർ ഉണ്ണികൾ പോകുന്നു

കാവുകൾ തോറുമലയുന്നു. [300]

താളത്തിലും പദഘടനയിലും,

ഒന്നാകുംമുല്ലയിളംകോടിമുല്ലമേൽ

ഏറിക്കൊണ്ടാളമ്മപൂവിറുപ്പാൻ[301]

എന്ന പാട്ടിനെയാണ് ഈ കവിത അടിസ്ഥാനമാക്കുന്നത്.

അയ്യപ്പപ്പണിക്കരുടെ ചിരിയോ ചിരി എന്ന കവിതയിൽ സവിശേഷമായ ഒരു അക്ഷരഘടനയും വർണാവർത്തനവും കാണാം:

പുഞ്ചിരി കൊഞ്ചിരി

പഞ്ചാരച്ചിരി- പുഞ്ചവയ-

ലിന്റെ പുന്നാരച്ചിരി

കണ്ണിൽച്ചിരി- പല്ലിൽച്ചിരി [302]

പാനേങ്കളിയിൽ ഉപയോഗിക്കുന്ന ചില വരികളെ പ്രകടമായിത്തന്നെ ഓർമ്മിപ്പിക്കുന്നതാണ് ഈ വരികൾ. ഉദാഹരണം:

കോടാലച്ചിരി കൊട്ടാലച്ചിരി

കുടഹമാലച്ചിരി തണ്ടാലച്ചിരി

കേട്ടാലച്ചിരി പരലോകത്തെച്ചിരി

അച്ചിരിയിച്ചിരി നെച്ചിരി കച്ചിരി [303]

അയ്യപ്പപ്പണിക്കരുടെ പഞ്ചതന്ത്രം പരമതന്ത്രം എന്ന കവിതയിൽ മിശ്രഗതിയിലുള്ള താളഘടനയ്ക്കൊപ്പം നിഷേധക്രിയകളുടെ ആവർത്തനം കാണാം:

ഇ–

പ്പുല്ലിൽ ചവിട്ടരുതി–

പ്പൂവു പറിക്കരുതി–

പ്പുല്ലാങ്കുഴലെടുത്തു പാടരുത് [304]

പാനേങ്കളിയിലെ ഇട്ടിക്കണ്ടപ്പന്റെ പ്രവേശനത്തിനു പാടുന്ന പാട്ടിന്റെ ഘടനയെ ഇത് ഓർമ്മിപ്പിക്കുന്നു. താളഗതിയിലും ഭാഷയിലും ഈ സാദൃശ്യം കാണാം. പാനേങ്കളിയിലെ വരികൾ:

അടിക്കൊല്ലാ, തളിക്കൊല്ലാ,

അടുപ്പിൽ തീയെരിക്കൊല്ലാ,

ഉണ്ണൊല്ലാ, ഉറങ്ങൊല്ലാ,

ഉറങ്ങ്യാൽപ്പിന്നുണരൊല്ലാ[305]

കക്കാട് പാനേങ്കളിയിലെ ഇതേ വരികൾ '1963' എന്ന കവിതയിൽ ഉപയോഗിക്കുന്നു.[306]

എം. ഗോവിന്ദന്റെ മരണത്തിൽ ജീവിതത്തിൽ എന്ന കവിതയിലെ,

കറുത്ത പെണ്ണേ കരിങ്കുഴലീ

നിനക്കൊരുത്തൻ വന്നുദിച്ചൂ!

വന്നുദിച്ചൂ

വന്നുദിച്ചൂ

വർണ്ണഭംഗിയൊത്തൊരുത്തൻ [307]

എന്നീ വരികൾ,

കറുത്ത പെണ്ണേ! കുരിങ്കുഴലീ!

നിനക്കൊരുത്തൻ കിഴക്കുദിച്ചു![308]

എന്നു തുടങ്ങുന്ന നാടോടിപ്പാട്ടിനെ ഓർമ്മിപ്പിക്കുന്നു. ഒപ്പംതന്നെ,

വന്നുദിച്ചേൻ നിന്നുദിച്ചേൻ ആദിത്യൻ പകവാനും [309]

എന്ന നേർച്ചകൊട്ടു കളിപ്പാട്ടിലെ പദഘടനയെയും കുറിക്കുന്നതിലൂടെ ഇത് നാടോടിപ്പാട്ടുകളുടെ ഒരു മിശ്രണമായിത്തീരുന്നു.

വിനയചന്ദ്രന്റെ പൈശാചി എന്ന കവിതയിൽ ഒരു നാടോടിച്ചൊല്ല് സാന്ദർഭികമായി ഉപയോഗിക്കുന്നു:

...തെരുത്തുവന്നു

പലവടി വൈകണ്ട ഓതിരം ചാടി

വെട്ടിഒളവുകുത്തിമാറിത്തടുത്ത്

കടകം എടുത്തളവ്

കൈക്കുമാറി മാറി കൈക്കു കടകം എടുത്തളവ്

വഴിമാറി ചവുട്ടിപ്പൊങ്ങി അമർന്നു വലതു പുക്കു [310]

കളരിപ്പയറ്റിന്റെ മുറകൾ വിവരിക്കുന്ന താളാത്മകമായ ചൊല്ലാണിത്. ഉദാഹരണം:

"തെരുത്ത് വന്ന് വലവടി വൈകണ്ടോതിരം ചാടി വെട്ടി ഒളവുകൊത്തി മാറിത്തടുത്ത് കടകം എടുത്തളവ് ഓതിരം ഒളവ് കടകം എടുത്തളവ് കൈ മാറി മാറി കൈയ്ക്കു കടകം എടുത്തളവ്"[311]

ഇവിടെ വരി മുറിച്ചെഴുതുന്നതിലൂടെ ഈ ഘടനയ്ക്ക് താളസ്ഥാനങ്ങളിൽ ഊന്നൽ നല്കിയിരിക്കുന്നതു കാണാം.

സച്ചിദാനന്ദന്റെ ഇടയപ്പാട്ടിലെ,

മലങ്കാട്ടിൽ കൂട്ടം പിരിഞ്ഞോരെന്റെ

കുഞ്ഞാടിനെത്തേടി ഞാൻ പോകുന്നു[312]

എന്നീ വരികൾക്ക് വടക്കൻ തിരുവിതാംകൂറിലെ പരിചമുട്ടുകളിക്കാരുടെ,

ഞാനും എന്റാടും മലങ്കാട്ടിനു പുക്കേരീ,

കൂട്ടംപിരിഞ്ഞോരെന്റെയാടൊന്നിനെക്കണ്ടില്ലാ

എന്ന പാട്ടിന്റെ പല്ലവിയുടെ സ്വാധീനമുണ്ടെന്ന് അടിക്കുറിപ്പിൽ കാണാം. [313] കൂടാതെ കഥാഖ്യാനഘടന, വർണാവർത്തനം, താളം എന്നിവയിലും നാടോടിമട്ടിലുള്ള കവിതയാണിത്. കാവാലത്തിന്റെ കേശാദിപാദം എന്ന കവിതയിൽ വേലന്മാരുടെ നാടോടി മന്ത്രവാദത്തെ അനുസ്മരിപ്പിക്കുന്ന വരികളുണ്ട്:

'തലയുഴിഞ്ഞു നാമം ദോഷം തീരുക',

'ശംഖുകഴുത്തിൽ നാമം ദോഷം തീരുക'

'രോമം മുറ്റിന മാറിലെ നാമം ദോഷം തീരുക'[314]

എന്നിങ്ങനെയുള്ള വരികൾക്ക് വേലൻപാട്ടിലെ പിണിയൊഴിക്കലിന്റെ സ്വരഘടനയും അയഞ്ഞ താളരൂപവുമാണുള്ളത്.

പൂവൊഴിഞ്ഞ തിരുമുടിമേലും

തോലുഴിഞ്ഞു പിണിതീർന്നൊഴിക [315]

എന്ന വേലൻപാട്ടിനോട് പ്രമേയപരമായും ഈ കവിതയ്ക്കു ബന്ധമുണ്ട്.

അയ്യപ്പപ്പണിക്കരുടെ തത്തമ്മ എന്ന കവിതയ്ക്ക് ഒരു നാടോടി കുട്ടിക്കവിതയുടെ മട്ടാണ്:

തത്തിത്തത്തി നടക്കുവതെന്തിനു തത്തമ്മേ നീ

കൊത്തിക്കൊത്തിയെടുത്തു കൊറിക്കുവതെന്തൊരു വർത്താനം? [316]

'തത്തമ്മപ്പാട്ട്' എന്ന പേരിൽത്തന്നെ പ്രസിദ്ധമായ ഒരു നാടോടിഗാനത്തിലെപ്പോലെ ചതുരശ്രഗതിയിലുള്ള ചൊൽവടിവാണ് ഈ കവിതയ്ക്കുമുള്ളത്. തത്തമ്മപ്പാട്ടിൽനിന്ന് ഉദാഹരണം:

പറയുക തത്തേയെങ്ങനെ കിട്ടീ

പവഴം വെല്ലും ചെഞ്ചോപ്പ്?

ചൊല്ലുക തത്തേയെപ്പോൾ കിട്ടീ

ചൊല്ലാനുള്ളൊരു കേമത്തം? [317]

എന്നാൽ ഗതിക്രമവും പ്രമേയവും ചോദ്യഘടനയുമെല്ലാം ഈ പാട്ടിനെ ഓർമ്മിപ്പിക്കുമ്പോഴും കവിതയിൽ ഗണസംഖ്യയിലും അക്ഷരദൈർഘ്യത്തിലും സ്വാതന്ത്ര്യമെടുക്കുന്നുണ്ട്.

കുഞ്ഞുണ്ണിയുടെ ഒരു കവിത ലഘുവക്ഷരങ്ങളുടെ ചടുലമായ ഉപയോഗത്തിലൂടെ ചതുരശ്രഗതിയിലെ വർണവിന്യാസസാധ്യതകൾ ഉപയോഗിക്കുന്നു:

ഒരു കുടിലൊരു കുടി

ലതിലൊരു കുടമു

ണ്ടതിലൊരു കടുകു

ണ്ടതിലൊരു കടലു

ണ്ടക്കടലിൻമേക്കാകാശത്തി

ലുദിച്ചു വിളങ്ങും നക്ഷത്രം ക

ണ്ടക്കുടിലിങ്കലുറങ്ങും കുഞ്ഞു ചിരിച്ചീടുന്നു [318]

"ഉച്ചാരണം വ്യക്തമാകാൻ- ശക്തമാകാനുള്ള ചില അഭ്യാസങ്ങളു"ടെ[319] ഭാഗമായി കുഞ്ഞുണ്ണിതന്നെ നല്കുന്ന നാടൻചൊല്ലിന് ഇതേ താളഘടനയാണ്:

വടകരവളവിലൊരറുപതുതെങ്ങുണ്ട

റുപതുതെങ്ങിനുമറുപതുപൊത്തുണ്ട

റുപതുപൊത്തിലുമറുപതുനത്തുണ്ടെന്നാൽ

നത്തിനു കണ്ണെത്ര [320]

ഇത്തരത്തിൽ നാടോടിപ്പാട്ടുകളെ പ്രകടമായിത്തന്നെ അനുകരിക്കുന്ന കവിതകൾക്കൊപ്പം നാടോടിപ്പാട്ടുകളുടെ അന്തരീക്ഷം നിലനിർത്തുന്ന സ്വതന്ത്രകവിതകളുമുണ്ട്. അയ്യപ്പപ്പണിക്കരുടെ കുഞ്ഞിപ്പുലയൻ ഉദാഹരണം:

കളിയെല്ലാം കഴിഞ്ഞപ്പോ

കുഞ്ഞിപ്പുലയൻ പറഞ്ഞല്ലോ:

കരളേ നീയെന്നെക്കൂടെ-

ക്കണക്കിലുൾക്കൊള്ളിച്ചോണേ.[321]

ഈ കവിതയുടെ താളത്തെപ്പറ്റി

നാടോടിജന്യമായ 'തനന്ന തന്ന നന്നാ/ തന്നാ നന്നാ തന്നന്നാ/തനന്നതന്നാ തന നന്നാ/ താനാനന്ന നന്നാ' എന്ന ചൊൽക്കെട്ടിനനുരൂപമാണ് കുഞ്ഞിപ്പുലയനെന്ന കവിതയുടെ ആരംഭ[322] മെന്ന് അയ്യപ്പപ്പണിക്കർതന്നെ ഒരു ലേഖനത്തിൽ സൂചിപ്പിക്കുന്നു. എന്നാൽ ഈ വായ്ത്താരി കവിതയുടെ ഭാഗമായി നല്കിയിട്ടില്ല എന്നതു ശ്രദ്ധേയമാണ്. കുഞ്ഞിപ്പുലയനിലേത് വാചികമായ ഈണത്തെ കുറിക്കുന്ന വായ്ത്താരിയാണ്. അതുകൊണ്ടുതന്നെ ഈ കവിതയിൽ മാത്രാസംഖ്യയിലും ഘടനയിലും കൂടുതൽ സ്വാതന്ത്ര്യമുപയോഗിക്കുന്നു. ഈണം നല്കുന്ന സ്വാതന്ത്ര്യം ഇതേ മട്ടിൽ ഉപയോഗിക്കുന്ന മറ്റൊരു കവിതയാണ് അയ്യപ്പപ്പണിക്കരുടെ കിളിപ്പാട്ട്:

മുടിത്തൂവൽ തൊട്ടെൻ കാലിൽ

വിരൽത്തുമ്പുവരെയും കോരി-

ത്തരിപ്പിന്റെ കഥകൾ പകരും

കളിത്തോഴനെ, നിന്നെയോർത്തൊരു

കിളിപ്പാട്ടു ഞാൻ ചികയുമ്പോൾ [323]

'തിതിത്തിത്തെയ്, തിത്തെയ് തിത്തെയ്' എന്നീ വായ്ത്താരികളെ പല തരത്തിൽ സംയോജിപ്പിച്ചതാണ് ഇതിന്റെ താളഘടന. അപ്പോഴും അക്ഷരങ്ങളുടെ ഏറ്റക്കുറച്ചിലിൽ വ്യതിയാനങ്ങളുള്ള രൂപമാണ് ഇതിനുള്ളത്.

അയ്യർകളി കളിക്കാ-

നാരെല്ലാമയ്യൻകാളീ?

അക്കരേന്നഞ്ചുപേര്-

ഇക്കരേന്നഞ്ചു, പിന്നെ-

ച്ചക്കരക്കൊടംപോലൊരു

പയ്യനൊണ്ടേ. [324]

അയ്യപ്പപ്പണിക്കരുടെ ഈ കവിതയിൽ അയ്യർകളിയെന്ന നാടോടിക്കലാരൂപത്തിന്റെ പേര് തലക്കെട്ടായിത്തന്നെ ഉപയോഗിക്കുന്നു. ചതുരശ്രഗതിയിലാണ് കവിതയുടെ തുടക്കം. എന്നാൽ ഇതിൽത്തന്നെ വരികളിൽ വർണങ്ങൾ കൂട്ടുകയും കുറയ്ക്കുകയയും ചെയ്യുന്നു. 'ചക്കരക്കൊടംപോലൊരു' എന്ന വരിയിൽ ഇത്തരത്തിൽ അക്ഷരപ്പെരുക്കം കാണാം.

ഇതേ താളഘടനയുടെ മറ്റൊരു രൂപം അയ്യപ്പപ്പണിക്കരുടെതന്നെ പുത്തൻവീട്ടിൽ മുത്തി എന്ന കവിതയിൽക്കാണാം.

പുത്തൻവീട്ടിൽപ്പൊറുതി തുടങ്ങാൻ

ആരെല്ലാം വന്നുചേർന്നു?

    മുറിവാലൻ ഗൗളി വന്നു

    മൂന്നെട്ടുകാലി വന്നു[325]

മിശ്രഗതിയിൽ നാടോടിപ്പാട്ടിന്റെ ഘടനയിലുള്ള കൊതുകിൻതോറ്റം[326] ത്ര്യശ്ര ഗതിയിലുള്ള 'എന്നാങ്ങളേ, പൊന്നാങ്ങളേ!,'[327] 'പിന്നേം ചങ്കരൻ'[328], ചതുരശ്രഗതിയിലുള്ള 'തേച്ചിട്ടും തിരുമ്മീട്ടും'[329] എന്നിവയും പരാമർശിക്കേണ്ടതുണ്ട്. തലക്കെട്ടിൽത്തന്നെ നാടോടിപ്പാട്ടിന്റെ സൂചനയുള്ളവയാണ് അയ്യപ്പപ്പണിക്കരുടെ ഉത്തരായനം (തുയിലുണർത്ത്), കാളിയൂട്ട്, ആണ്ടുപിറപ്പൊലി എന്നീ കവിതകൾ.[330] അദ്ദേഹത്തിന്റെ ആനക്കഥ എന്ന കവിതയിൽ[331] നാടോടി കഥാഖ്യാനരീതിയും പ്രയോജനപ്പെടുത്തുന്നതു കാണാം.

എം. ഗോവിന്ദന്റെ ആടുകച്ചവടം എന്ന കവിതയ്ക്ക് മാപ്പിളപ്പാട്ടിന്റെ സ്വഭാവമാണ്. ഉദാഹരണം:

തലയിൽപ്പട്ടുറുമാലും കെട്ടി,

താളത്തിൽച്ചില തരികിടകൊട്ടി,

തനിയെ വരുന്നൊരു സൂജായീ- തന്റെ

ആടിനെക്കോളിന്നെന്തായി? [332]

ചതുരശ്രഗതിയുടെ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ പാട്ടുകളിൽ സാധാരണ കാണാറുള്ള അക്ഷരവിന്യാസസ്വാതന്ത്ര്യം ഉപയോഗിക്കുന്ന കവിതയാണിത്. ഇതിൽ ആദ്യത്തെ രണ്ടു വരികളിൽ മാപ്പിളപ്പാട്ടിലെ വർണാവർത്തനനിബന്ധനകളായ (**3. 4.**) തല ക്കമ്പിയെന്ന ആദ്യക്ഷരപ്രാസവും വാൽക്കമ്പി എന്ന അന്ത്യാക്ഷരപ്രാസവും കാണാം. തുടർന്നുള്ള രണ്ടു വരികളിൽ വാൽക്കമ്പിയുമുണ്ട്.

തുടർന്നുള്ള ഖണ്ഡത്തിൽ മാപ്പിളപ്പാട്ടിലെ ദ്വിതീയാക്ഷരപ്രാസമായ കഴുത്തും ഉണ്ട്.[333]

പദഘടനയിൽ കോൽക്കളിപ്പാട്ടിലെ,

പട്ടിന്റുടുപ്പുമുറുമാലും കെട്ടി

പെട്ടിയെടുത്തു വരുന്നുണ്ടു തേവൻ [334]

എന്നിങ്ങനെയുള്ള വരികളെ ഓർമ്മിപ്പിക്കുന്നുവെങ്കിലും കവിതയ്ക്ക് സ്വന്തമായ താള ക്രമം നിർമ്മിക്കുകയാണ് ഗോവിന്ദൻ ചെയ്യുന്നത്. അദ്ദേഹത്തിന്റെ മീൻപിടുത്തം എന്ന കവി തയ്ക്കും മാപ്പിളപ്പാട്ടുമട്ടാണ്. ഉദാഹരണം:

വലിയ പെരുന്നാളു നാളെ

കോള് വേണം കൊറ്റിനൊട്ട്;

വരുമേ ഞമ്മടെ അളിയൻ സായ്വ്

മൂത്തിയാരും കൂട്ട്. [335]

മിശ്രഗതിയിൽ ചൊല്ലാവുന്ന ഈ കവിതയുടെ ഓരോ ഈരടിയെയും ഓരോ മൊഴി യായി കണക്കാക്കിയാൽ രണ്ടും നാലും വരിയുടെ അന്ത്യാക്ഷരത്തിൽ ഒരേ വർണത്തിന്റെ ആവർത്തനത്തിലൂടെ വാൽക്കമ്പി എന്ന പ്രാസവും വന്നിട്ടുണ്ടെന്നു കാണാം.

എം. ഗോവിന്ദനെഴുതിയ 'കുറിഞ്ഞിപ്പാട്ടി'ന്റെ തലക്കെട്ടുതന്നെ നാടോടിപ്പാട്ടിനെ സൂചി പ്പിക്കുന്നു.

നീലക്കുറിഞ്ഞി വിരിഞ്ഞല്ലോ

നിങ്ങളറിഞ്ഞില്ലേ മാളോരേ

എന്നിങ്ങനെയുള്ള വരികളെത്തുടർന്ന് അക്ഷരങ്ങളുടെ ഇരട്ടിപ്പിലൂടെ ചടുലത വന്ന വരികളും ഈ കവിതയിലുണ്ട്. ഉദാഹരണം:

ഒരു പൂങ്കുറിഞ്ഞിയിലൊരു കുടം വേരിയെ-

ന്നറിഞ്ഞോരും പറഞ്ഞോരും പാഞ്ഞണഞ്ഞു[336]

എം. ഗോവിന്ദന്റെ നാട്ടുവെളിച്ചം എന്ന കവിതയുടെ സ്വഭാവം 'ഉടുക്കിന് ഒരു ഈരാൾപ്പാട്ട്' എന്നു തലക്കെട്ടിനൊപ്പമുള്ള സൂചനയിൽക്കാണാം. കവിതയിൽനിന്ന് ഉദാഹരണം:

മാനത്തെ മങ്കതൻ മാണിക്യവീണയിൽ

മരതകക്കതിരുകൾ വിരിയുമ്പോൾ

കരിനീലക്കൺകളിൽക്കിനിയുവതെന്തേ,

കാമിനിയാളേ കുഞ്ഞോളം? [337]

ആറു മാത്രയുള്ള ത്ര്യശ്രഗതിയിലാണ് ഈ വരികളുടെ ഘടന.

എം. ഗോവിന്ദന്റെ പുളിയുറുമ്പ് എന്ന കവിത കാണുക:

തട്ടീട്ടും മുട്ടീട്ടും പോവതില്ല,

തിരുപ്പറന്നാടിയും പോവതില്ല.[338]

ഇവിടെ 'പുളിയുറുമ്പ്' എന്ന തലക്കെട്ടും വരികളിലെ പദങ്ങളും,

മുട്ടീട്ടും പോണില്ല ചോണനുറുമ്പ്

തട്ടീട്ടും പോണില്ല ചോണനുറുമ്പ്

എന്ന തിരുവാതിരപ്പാട്ടിനെ ഓർമ്മിപ്പിക്കുന്നു. 'തിരുപ്പറക്കൽ' തിരുവാതിരയിലെ ഒരു നൃത്തരീതിയുമാണ്. എന്നാൽ താളഗതിയിൽ ഇതിനു മാവേലിപ്പാട്ടിന്റെ സ്വഭാവമാണ്.

കാവാലത്തിന്റെ പൊറനാടി എന്ന കവിതയുടെ അടിക്കുറിപ്പിൽ .പള്ളിപ്പാന എന്ന അനുഷ്ഠാനത്തിന്റെ.. അവസാനത്തെ ചടങ്ങായ 'പട്ടടബലി'യിൽ ബലിമൃഗമായ മനുഷ്യനാണ് 'പൊറനാടി'[339] എന്നു സൂചിപ്പിക്കുന്നുണ്ട്. ഇത്തരമൊരു മനുഷ്യാവസ്ഥയുടെ ആധുനികമാനങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടുതന്നെ നാടോടിമട്ടു പുലർത്തുന്ന കവിതയാണത്. ആറു മാത്രയുള്ള ത്ര്യശ്രഗതിയിൽ ചൊല്ലാവുന്ന വരികൾക്ക് കവിതയിൽനിന്ന് ഉദാഹരണം:

പച്ചമനുഷ്യൻ പുഞ്ചിരിക്കുന്നു

പട്ടടബലിയിലെപ്പൊറനാടി

പൊറനാടിയെന്നാൽ ബലിയാടെന്നല്ലോ

പോക്കനെന്നീപ്പൊറനാടിയ്ക്കു പേര് [340]

പദഘടനയിൽ പുള്ളുവൻപാട്ടിനെ അനുസ്മരിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ വീണതുവീണ എന്ന കവിത. ഉദാഹരണം:

വീണേ വീണേ വീണക്കുഞ്ഞേ,

വീഴാതെ തോളുമ്മേൽ നിന്ന്.

വീണതു വീണ, വീണക്കുഞ്ഞ്

താണതു പത്തി, പാമ്പിൻകുട്ടി [341]

ഈ കവിതയുടെ ചൊൽവടിവ് ആറു മാത്രയുള്ള ത്ര്യശ്രഗതിയിലാണ്.

എൻ. എൻ. കക്കാടിന്റെ കുമ്മാട്ടി എന്ന കവിതയ്ക്ക് തലക്കെട്ടിലും ഈണത്തിലും പദഘടനയിലും നാടോടിസ്വാധീനമുണ്ട്. ഉദാഹരണം:

പകലേയുറങ്ങേണം കുമ്മാട്ടിത്തള്ള,

അന്തിക്കിറങ്ങേണം കുമ്മാട്ടിത്തള്ള[342]

ഈ വരികളുടെ ചൊൽവടിവ് ആറു മാത്രയുള്ള ത്ര്യശ്രഗതിയിലാണ്.

എൻ. എൻ. കക്കാടിന്റെ രാമായണം കളിയിൽ,

ഓരോ കുന്നിൽ പുലിമുരളുന്നു-

ണ്ടാരാരുമാരാരുമുറങ്ങരുതേ[343]

എന്നിങ്ങനെ നാടോടിപ്പാട്ടുമട്ടിലുള്ള വരികളാണുള്ളത്. ഈ കവിതയിലെ,

ഏഴാംകുന്നിലെഴുനില മാളിക

ഏഴായിരം പുലി കുന്നിറങ്ങി

ആറാം കുന്നിലറുകൊല മാളിക

ആറായിരം പുലി കാടിറങ്ങി [344]

എന്നീ വരികൾ,

ആനകേറാമലേലാളുകേറാമലേ-

ലായിരം കാന്താരി പൂത്തിറങ്ങി

എന്ന കടങ്കഥയുടെ രീതിപിന്തുടർന്നുകൊണ്ടുതന്നെ സംഖ്യാവർത്തനത്തിലൂടെ ഒരു തരം അനുഷ്ഠാനസ്വഭാവവും സൃഷ്ടിക്കുന്നു.

ആറ്റൂരിന്റെ സ്വകാര്യം എന്ന കവിതയിൽ നാടോടിമട്ടിലുള്ള പദഘടനയും താളരീതിയും കാണാം. ഉദാഹരണം:

എല്ലാവീടും പടിഞ്ഞാട്ടുനോക്കുമ്പോൾ

എന്റെ വീടു കിഴക്കോട്ടാണല്ലോ

എല്ലാവർക്കും വെളുത്തുള്ളോരമ്മമാർ

എന്റെ അമ്മ കറുത്തിട്ടുമല്ലോ[345]

ഡി. വിനയചന്ദ്രന്റെ യാത്രപ്പാട്ട് എന്ന കവിതയിലെ,

അച്ഛനോടു യാത്രചോദി-
ച്ചമ്മയോടു യാത്ര ചോദി-
ച്ചിടതുകാലു വച്ചിടാതെ
വലതുകാലു വച്ചിറങ്ങി[346]

എന്നു തുടങ്ങുന്ന വരികൾക്ക് വടക്കൻപാട്ടിലെ അങ്കപ്പുറപ്പാടിന്റെ ഭാഗവുമായി ആശയപരമായ ബന്ധം കാണാം. എന്നാൽ താളഘടനയിൽ ഈ വരികൾക്ക് വടക്കൻപാട്ടിന്റെ സ്വഭാവമല്ല ഉള്ളത്.

പട്ടടയ്ക്കു തീപിടിച്ചു
പയ്ംകിരാലി പൊട്ടിയല്ലോ
പൊട്ടിത്തെറിച്ചു വീണനേരം
ചേട്ടത്തിമക്കളല്ലോ[347]

എന്നിങ്ങനെയുള്ള നാടോടിപ്പാട്ടുകളെ ഓർമ്മിപ്പിക്കുന്നുവെങ്കിലും പൊതുവായ നാടോടി അന്തരീക്ഷം ഒരുക്കുന്നതിനാണ് ഈ കവിതയുടെ താളഘടന പ്രയോജനപ്പെടുന്നത്. അതായത് നിശ്ചിതമായ ഒരു താളക്രമത്തെ പിന്തുടരുകയല്ല, അവ തമ്മിൽക്കലർത്തി കവിതയുടെ പ്രമേയത്തിനിണങ്ങുന്ന തരത്തിൽ പുനർനിർമ്മിക്കുകയാണ് ഈ കവിതയിൽ ചെയ്യുന്നത്.

വിനയചന്ദ്രന്റെ കുഞ്ഞനുണ്ണി എന്ന കവിതയ്ക്ക് മിശ്രഗതിസ്വഭാവമാണ്. ഉദാഹരണം:

കുഞ്ഞനുണ്ണി/ വീട്ടിലില്ല/
കുഞ്ഞടുപ്പിൻ/ മൂട്ടിലില്ല/
അമ്മകോരും/ കിണറിലില്ല/
അച്ഛനെണ്ണും/ കതിരിലില്ല/ [348]

താളഗതി നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ അക്ഷരങ്ങൾ വിന്യസിച്ച ഭാഗങ്ങളും ഈ കവിതയിലുണ്ട്:

കുന്നിലമ്പല/മുടികൊഴിഞ്ഞു/
കോതയാറിന്റെ/ കണ്ണടഞ്ഞു/
വെള്ളെരുക്കിന്റെ/ മൂക്കുടഞ്ഞു/ [349]

ഇവിടെയും നാടോടിപ്പാട്ടിന്റെ താളഘടന അതേ പടി സ്വീകരിക്കുന്നതിനുപകരം നാടോടിപ്പാട്ടിന്റെ സ്വഭാവം നിലനിർത്തിക്കൊണ്ട് ഘടനാവൈചിത്ര്യം വരുത്തുകയാണു ചെയ്യുന്നത്.

കോലങ്ങൾ എന്ന കവിതയിലും ഈ രീതിതന്നെ കാണാം. പൊതുവേ ചതുരശ്രഗതിയെ പിന്തുടർന്നുകൊണ്ട് താളത്തിന്റെ കാര്യത്തിൽ നാടോടിപ്പാട്ടുകൾക്കു സഹജമായ സ്വാതന്ത്ര്യമുപയോഗിക്കുകയും താളത്തിന്റെ അടിസ്ഥാനഘടന നിലനിർത്തിക്കൊണ്ടുതന്നെ അക്ഷരഘടനയിൽ സ്വാതന്ത്ര്യമെടുക്കുകയും ചെയ്യുന്നത് ഈ കവിതയിൽ പലയിടത്തും കാണാം.

വരണൊണ്ടേ/ വരണൊണ്ടേ/

അമ്മൻ കോലം/ വരണൊണ്ടേ/

മൂവന്തിയ/രങ്ങിൽ നിന്നേ/

മൂലോകം/ മുക്കണ്ണായേ/ [350]

എന്നും,

പടപട/ ചിറകടി/ച്ചേ

പരു/ന്തമ്മേ/ വരണൊണ്ടല്ലൊ/ [351]

എന്നും അക്ഷരവിന്യാസത്തിൽ വൈവിധ്യമുള്ള ഭാഗങ്ങൾ ഉദാഹരണം.

വിനയചന്ദ്രന്റെ കൂന്തച്ചേച്ചിയിലെ വരികൾക്ക് ത്ര്യശ്രഗതിസ്വഭാവമാണ്. ഇവിടെയും താളഘടനയിൽ കൃത്യമായ ഒരു നാടോടിപ്പാട്ടിനെയും അനുകരിക്കാതെതന്നെ ഗതിസ്വഭാവം നിലനിർത്തിക്കൊണ്ട് ഘടനാസ്വാതന്ത്ര്യമെടുക്കുന്നു. ഉദാഹരണം:

കൂന്ത/ച്ചേച്ചിക്കു/

കുഞ്ഞില്ല/

കൂട്ടില്ല/

എന്നു തുടങ്ങുന്ന കവിതയിൽ,

കിഴക്കോട്ടു/ കാറ്റായി/ട്ടമ്മ പി/രിഞ്ഞന്നേ/

പടിഞ്ഞാട്ടു/ നിഴലായി/ട്ടച്ഛൻ പി/രിഞ്ഞന്നേ/ [352]

എന്നിങ്ങനെ ഗണങ്ങൾക്കിടയിൽ ഊനതയുള്ള ഭാഗം കൂടുതൽ അക്ഷരങ്ങളുപയോഗിച്ചു നികത്തുന്ന ഭാഗങ്ങളുമുണ്ട്.

വിനയചന്ദ്രന്റെ 'മാറായി' കഥാഖ്യാനരീതിയിലുള്ള കവിതയാണ്. താളത്തിലും പദഘടനയിലും നാടോടിമട്ടാണ് ഈ കവിതയ്ക്കുമുള്ളത്.

മാറിനിൽക്കുന്നു

മാറായി

എന്നു തുടങ്ങുന്ന കവിതയിൽ ക്രമമായി അക്ഷരങ്ങൾ കൂടിവരികയും,

വയണപൂത്തല്ലോ

വരമ്പുപൂത്തല്ലോ

വഴിക്കടവിലെ

കുറുമ്പുപൂത്തല്ലോ [353]

എന്ന തരത്തിൽ അന്നനടവൃത്തത്തിന്റെ ഘടനയിലേക്കെത്തുകയും ചെയ്യുന്നു. ശ്ലഥ ഗതിയായി തുടങ്ങുന്ന കവിതയ്ക്ക് അങ്ങനെ ത്ര്യശ്രഗതിയുടെ സ്വഭാവം ലഭിക്കുന്നു.

സച്ചിദാനന്ദന്റെ പുലയപ്പാട്ടിന് കവിതന്നെ നല്കുന്ന വിശേഷണം 'ഒരു നാടൻ തുടർപ്പാട്ട്' എന്നാണ്. പല താളക്രമങ്ങൾ ഉപയോഗിച്ചിട്ടുള്ള ഈ കവിതയുടെ തുടക്കം ആറു മാത്രയുള്ള ത്ര്യശ്രഗതിയിലാണ്. ഉദാഹരണം:

എലയീന്റെ നേർത്ത ഞരമ്പിലും മഞ്ഞ്

മലയീന്റെ കൂർത്ത മൊനമ്പിലും മഞ്ഞ്

മേമല മുത്തന്മാരുരുകുന്ന മഞ്ഞ്

കീഴ്മലമുത്തികൾ പുകയുന്ന മഞ്ഞ് [354]

താളഘടനയിൽ കൃത്യത പുലർത്തുന്ന ഈ ഭാഗത്തെ രീതിക്കു പകരം കൂടുതൽ ശ്ലഥമായ ഒരു ഗതിക്രമമാണ് കവിതയിലെ മറ്റൊരു ഭാഗത്തിനുള്ളത്:

കെഴക്കൻമല കിട്കിട്ത്ത്

കെഴക്കൻചേല വളച്ചുട്ത്ത്

കഴൽത്തള കിലുകില്ക്കി

കെഴക്കൻമഴ വരവായേ [355]

നാടോടിപ്പാട്ടുകളുടെ ശ്ലഥഗതിയാണ് ഈ ഭാഗത്ത് കൂടുതലായി കാണുന്നത്. ഈ ഘടനയെ ഓർമ്മിപ്പിക്കുന്ന വരികൾ ചില നാടോടിപ്പാട്ടുകളിൽ കാണാം. ഉദാഹരണം:

ഒരുപിടിയും ഞാറെടുത്തു

കീഴുപ്പൂമി താത്തി നട്ടൂ

ഞാറായ ഞാറത്തറേം

നട്ടപ്പഴും തീർന്നുപോയേ- [356]

സാമാന്യമായി ത്ര്യശ്രഗതിസ്വഭാവം പുലർത്തുകയും അക്ഷരഘടനയിൽ സ്വാതന്ത്ര്യ മുപയോഗിക്കുകയും ചെയ്യുന്നതാണ് കുഞ്ഞുണ്ണിയുടെ ഈ കവിത:

നാറാണ/ത്തുണ്ടായി/രുന്നു

നല്ലൊരു/ പ്രാന്തൻ ന/ടപ്രാ/ന്തൻ

നല്ല കാ/ലൊന്നുള്ളോൻ/

മന്തുകാ/ലൊന്നുള്ളോൻ/

നല്ല കാ/ലോണ്ടു ന/ടക്കാ/ത്തോൻ/

മന്തുകാ/ലോണ്ടേ ന/ടക്കു/ന്നോൻ/ [357]

എന്നിങ്ങനെ ചിലയിടത്ത് അക്ഷരങ്ങൾ കൂടിയും പലയിടത്തും കുറഞ്ഞുമാണ് ഇതിന്റെ ഘടന. ചതുരശ്രഗതിയിൽ അക്ഷരങ്ങളുടെ ചടുലവിന്യാസം, വർണാവർത്തനം, പദഘടന എന്നിവയിലൂടെ നാടോടിസ്വഭാവം പുലർത്തുന്നതാണ് അദ്ദേഹത്തിന്റെ ഈ കവിത:

വാളെടുക്കെടി വെട്ടടിയെന്നെ

ചേല ചീന്തടി ചിറ്റടിയെന്നെ

ചേലില്ലാക്കളി നിർത്തടി, നിന്നുടെ

ചേലേക്കൂട്ടിയെന്നെ

എടി തേവിടിശ്ശി![358]

കുഞ്ഞുണ്ണിയുടെ മറ്റൊരു കവിതയിലും ദേശ്യഭാഷയും താളഘടനയുംചേർന്നുള്ള നാടോടിസ്വഭാവമുണ്ട്:

മുക്കാളിയിലൊരു മുക്കിൽ

മൂത്തൊരു പട്ളിൻചോട്ടിൽ

മുളിയിലമൂടിക്കിടപ്പൂ

മുന്നാഴി മുത്ത് [359]

**8. 2. 8. താളാത്മകമായ ഗദ്യത്തിൽ നാടോടിസ്വഭാവം പുലർത്തുന്നവ**

താളാത്മകമായ ഗദ്യത്തിന്റെ പല തരത്തിലുള്ള ആവിഷ്കാരങ്ങൾ നാടോടി അനുഷ്ഠാനങ്ങളിൽ സുലഭമാണ്. ഭഗവതിപ്പാട്ടിലെയും മണ്ണാർപാട്ടിലെയും ചാറ്റുകൾ, പള്ളിവേട്ട വിളി തുടങ്ങിയവയെ അയ്യപ്പപ്പണിക്കർ വൃത്തഗന്ധിഗദ്യമെന്നു വിളിക്കുന്നു.[360] തെയ്യത്തിന്റെ ഉരിയാടലിലും വേലൻപ്രവൃത്തിപോലുള്ള മന്ത്രവാദക്രിയകളിലും ഇത്തരം താളാത്മകഗദ്യത്തിന്റെ പ്രയോഗം കാണാം. കൂടാതെ പടയണിയിലെ പരദേശിയുടെ അവതരണത്തിലുള്ള

തുപോലെ നർമ്മസ്വഭാവമുള്ള നാടോടിച്ചൊല്ലുകളുമുണ്ട്. ഇത്തരത്തിൽ നാടോടിസ്വഭാവമുള്ള താളാത്മകഗദ്യം ആധുനികകവികളും ഉപയോഗിക്കുന്നു: ഉദാഹരണം:

നൂറു കാലിൽ നുഴഞ്ഞു നീന്തും
തേരട്ടയെ വെറുതെ വിടുക,
വിടുക,
വെറുതെ വിടുക [361]

എന്നാണ് തലക്കെട്ടിൽത്തന്നെ നാടോടിസൂചനയുള്ള പാഷാണപ്പാട്ട് എന്ന കവിത ആരംഭിക്കുന്നത്. വർണങ്ങളും വർണസമൂഹങ്ങളും ആവർത്തിച്ചുകൊണ്ട് താളാത്മകമായ ഗദ്യത്തിൽ പിണിയൊഴിക്കൽ പോലുള്ള നാടോടിമന്ത്രവാദത്തെ ഓർമ്മിപ്പിക്കുന്ന തരത്തിലാണ് ഈ കവിതയിലെ വരികൾ. ''എം. ഗോവിന്ദന്റെ 'പാഷാണപ്പാട്ടി'ന് ഒരു കൂടോത്രപ്പാട്ടിന്റെ താളവും സ്വരഘടനയുമാണുള്ളതെ''[362] ന്ന് പ്രസന്നരാജൻ നിരീക്ഷിക്കുന്നുണ്ട്.

അനുഷ്ഠാനസ്വഭാവം ആവിഷ്കരിക്കുന്നതിനും ഗോവിന്ദൻ താളാത്മകമായ ഗദ്യത്തിനൊപ്പം നാടോടിമട്ടിലുള്ള പദഘടന സ്വീകരിക്കുന്നു. ഉദാഹരണം:

പുറവട്ടം ചെത്തിനീക്കി
പൂളും ചീളും ചീന്തിച്ചിക്കി
വടക്കനുളിയാൽ വളവൊതുക്കി
തെക്കനുളിയാൽ തേമ്പിത്തേക്കി [363]
എന്നിങ്ങനെ പൊരുംതച്ചന്റെ പണിയും,
മുതുകിൽ കെട്ടുമുറം ചുമന്ന്,
പതിവായ് വീടുതോറും നടന്ന്,
ഓരോ മുറം വീതം മറന്ന്,
ഒടുവിലൊക്കെയും ചേതം വന്ന് [364]

എന്നു പാക്കനാരുടെ മുറംവില്പനയും അനുഷ്ഠാനരീതിയിലാകുന്നു.

എൻ. എൻ. കക്കാടിന്റെ വാഹനം എന്ന കവിതയിലും താളാത്മകമായ ഗദ്യത്തിൽ അനുഷ്ഠാനപരതയുടെ അന്തരീക്ഷം നിർമ്മിക്കുന്നതു കാണാം:

ഹേമകൂടപർവതം വലംചെയ്തു,
വിന്ധ്യൻമഹാപർവതം വലംചെയ്തു,
ഹിമവൽപർവതം വലംചെയ്തു,

ചിത്രകൂടപർവതം വലംചെയ്തു,

തെക്കു കന്യാകുമാരി തീർത്ഥമാടി,

കിഴക്കു കാവേരി തീർത്ഥമാടി,

വടക്കു ഗംഗാതീർത്ഥമാടി,

പടിഞ്ഞാറു നർമ്മദാതീർത്ഥമാടി,

ഇടംതിരിഞ്ഞു പോക വേതാളമേ [365]

കക്കാടിന്റെ ആനമൂളി എന്ന ഗാനനാടകത്തിൽ നാടോടി അനുഷ്ഠാനത്തിന്റെ ഭാഗമായ ചാറ്റിനെ ഓർമ്മിപ്പിക്കുന്ന വരികളുണ്ട്. ഉദാഹരണം:

എൻ വാഴ്വിതു ശുദ്ധമായിരുന്നാൽ,

എൻ രാഗമിതകളങ്കമായിരുന്നാൽ,

എൻ കണവനേ മോചിക്കാൻ തുണയായ്,

ഈ വനത്തിലെ കൊലകൊമ്പന്മാ-

രായിരം വരവേണം

വനദൈവതങ്ങളേ... [366]

കാവാലത്തിന്റെ അന്നന്നേത്തപ്പം എന്ന കവിതയിലും അയഞ്ഞ താളഘടനയിൽ നാടോടിരീതിയിൽ അനുഷ്ഠാനസ്വഭാവം സൃഷ്ടിക്കുന്നതു കാണാം.

ചെങ്കദളി വാഴയില കീറിക്കൊണ്ട്,

അഞ്ചുമേഴും നല്ല കുമ്പിളുകുത്തിക്കൊണ്ട്

................

നെല്ലുഴിഞ്ഞ് അരിയുഴിഞ്ഞ് മനസ്സുഴിഞ്ഞ്,

കൈനിറച്ച് നല്ല തെച്ചിപ്പൂവെറിഞ്ഞ് [367]

ഡി. വിനയചന്ദ്രന്റെ സ്റ്റുഡിയോ എന്ന കവിതയിലെ വരികൾ നോക്കുക:

പുക്കിളിനു വലംതൊട്ട്

മുലകൾക്കിടയിലൂടെ കക്ഷംചുറ്റി

പിറകിലൂടെ വലംകക്ഷംകെട്ടി ഊർന്നിറങ്ങി

മലത്തേമുല വലംവച്ച്

ഇടത്തേമുല വലംവച്ച് [368]

ഈ കവിതയിലെ അനുഷ്ഠാനസ്വഭാവത്തെക്കുറിച്ച് പി. പി. രവീന്ദ്രൻ സൂചിപ്പിക്കുന്നുണ്ട്. [369] താളാത്മകഗദ്യത്തിലുള്ള ഭാഷയിൽ സൃഷ്ടിക്കുന്ന മാന്ത്രികാന്തരീക്ഷമാണ് ഈ സ്വഭാവം കവിതയ്ക്കു നല്കുന്നത്.

വിനയചന്ദ്രന്റെ പൈശാചി എന്ന കവിതയുടെ ചൊൽവടിവിനെപ്പറ്റി അടിക്കുറിപ്പായി "ചാറ്റിന്റെ ഛായയിൽ ഈണം അധികം ഇല്ലാതെ ചിറ്റീണക്കത്തിൽ വായിക്കുക, കൂട്ടിവായിക്കുക"[370] എന്നു കവിതന്നെ നിർദ്ദേശിക്കുന്നുണ്ട്. കവിതയിലെ വരികൾ ഉദാഹരണം:

ചണ്ഡീ
എന്നെക്കൊണ്ടരുളേണ്ട ചാമുണ്ഡീ
ചിടയിൽ എമ്പാടും പാറും
ചെമ്പൻ ധൂളികൾ
മിഴി മഞ്ഞളിച്ച് പീളപ്പൊറ്റകൾ
എറുക, പല്ല്, ഈത്തുവാ രക്തക്കറ [371]

അദ്ദേഹത്തിന്റെ കരടി എന്ന കാവ്യനാടകത്തിലും നാടോടി അന്തരീക്ഷമൊരുക്കുന്ന താളാത്മകഗദ്യത്തിന്റെ ഉപയോഗമുണ്ട്. ഉദാഹരണം:

നാടിനും വീടിനും
പരദൈവങ്ങൾക്കും കുലദൈവങ്ങൾക്കും
ഇക്കുരുതി നേർച്ചക്കുരുതി
ആടിയേ തീരൂ. അരങ്ങേറിയേ തീരൂ [372]

കാവാലം നാരായണപ്പണിക്കരുടെ അതിരും തല എന്ന കവിതയിൽ പടയണി, പാനേങ്കളി തുടങ്ങിയ നാടോടിക്കലകളിലെവിനോദച്ചൊല്ലുകളെ ഓർമ്മിപ്പിക്കുന്ന ഘടനയാണുള്ളത്. ഉദാഹരണം:

പാണ്ടീടേ മലനാടിന്റേം മതിരുംതലക്കൽ
ഒരു പെരുമരമുണ്ടേ- പാണ്ടിപ്പെരുമരം.
അതിലൊരു കിളി, യിരുകിളി,
മുക്കിളി, നാങ്കിളി
ഐങ്കിളി പൈങ്കിളി
കിളി കിളി കിളി കിളി [373]

**8. 2. 9. പഴഞ്ചൊല്ലിന്റെയോ കടങ്കഥയുടെയോ മാതൃക പിന്തുടരുന്നവ**

കവിതയുടെ താളഘടന നിർണയിക്കുന്നതിൽ പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നാടോടി പദപ്രയോഗശൈലികൾ എന്നിവയുടെ സാധ്യതകൾ ആധുനികകവിത പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നാടോടിസ്വത്വത്തോടുള്ള അനുഭാവം സൂചിപ്പിക്കുന്നതിനും ആദർശാത്മകമായ ഭൂതകാലത്തുനിന്ന് ആധുനികജീവിതപരിസരത്തിനു വന്നുചേർന്ന വിപര്യയം വ്യക്തമാക്കുന്നതിനുമാണ് പ്രധാനമായും ഇത്തരം ചൊല്ലുകളുണ്ടാവുന്നത്. ഒപ്പം ആധുനികകാവ്യരൂപത്തെ നിർണയിക്കുന്നതിനും ആധുനികകവികൾ പഴഞ്ചൊല്ലിന്റെയും കടങ്കഥയുടെയും മാതൃക പിൻപറ്റിയിട്ടുമുണ്ട്.

ഇവയിൽ ചിലത് പ്രമേയതലത്തിൽ നേരിട്ടുതന്നെ പഴയ ചൊല്ലുകളെത്തന്നെ അനുസ്മരിപ്പിക്കുന്നവയാണ്.

പൊന്നിൻകുടത്തിനു പൊട്ടു വേണ്ട, പക്ഷേ
പൊട്ടിട്ടാൽ ഭംഗിയൊട്ടേറുമല്ലോ, പൊട്ടു
വേണ്ടപോൽ വേണ്ടിടത്തിട്ടുവെന്നാൽ [374]

എന്നിങ്ങനെ കുഞ്ഞുണ്ണിയുടെയും,

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
പക്ഷേ, നെല്ലുകുത്തുകാരി പാറുവിന്റെ
പണി വെള്ളത്തിലാവും [375]

എന്ന സച്ചിദാനന്ദന്റെയും വരികൾ ഉദാഹരണം.

പഴഞ്ചൊല്ലുകളെ ഓർമ്മിപ്പിക്കുന്ന പുതിയ ചൊല്ലുകളും ആധുനികകവിതയിൽ കാണാം. വർണാവർത്തനം, അനുബന്ധപദാവർത്തനം, യതിഘടന, വൃത്തപരത തുടങ്ങിയ താളഘടകങ്ങളാണ് ഇതു സാധ്യമാക്കുന്നത്. ഉദാഹരണം:

കെട്ടിമുറുക്കിയാൽ
പൊട്ടിത്തെറിക്കും [376]

രണ്ടാം അക്ഷരത്തിന്റെ ആവർത്തനവും രണ്ടു വരികൾക്കു മാത്രാസംഖ്യയിലുള്ള തുല്യതയുമാണ് ഇവിടുത്തെ താളഘടകങ്ങൾ.

താനേ വന്നാൽ മുളയാകും
തട്ടി വരുത്തിയാൽ മുഴയാകും [377]

എന്നതിൽ ഓരോ വരിയിലെയും മൂന്നു ഖണ്ഡത്തിലും ആദ്യക്ഷരത്തിന്റെ ആവർത്തനം, മുളയാകും/ മുഴയാകും എന്നീ വാക്കുകളുടെ മാത്രയിലും ഗുരുലഘുക്രമത്തിലുമുള്ള സമാനത എന്നിവ ഇതിന് താളാത്മകത നല്കുന്നു.

പഴഞ്ചൊല്ലിന്റെയും കടങ്കഥകളുടെയും ഘടന കാവ്യരൂപമായി വികസിപ്പിച്ച കവിയാണ് എം. ഗോവിന്ദൻ. അദ്ദേഹത്തിന്റെ ചൊൽക്കഥകൾ, പന്ത്രണ്ട് കടംകവിതകൾ, പുതുപഴഞ്ചൊല്ലുകൾ എന്നീ കവിതകൾ പ്രകടമായിത്തന്നെ ഈ വിഭാഗത്തിലുൾപ്പെടുന്നു.

മീശ നരച്ചാൽ കാശിക്ക്

കാശു കിടച്ചാൽ കട്ടിന്മേൽ[378]

എന്നിങ്ങനെ കടങ്കഥയുടെയും,

വഴിവളഞ്ഞാലും മൊഴിവളയരുത്.

വേരില്ലാത്തവനൂരുമില്ല[379]

എന്നു പഴഞ്ചൊല്ലിന്റെയും രൂപങ്ങൾ അദ്ദേഹം നേരിട്ടുതന്നെ ഉപയോഗിക്കുന്നു.

എം. ഗോവിന്ദന്റെ മനോധർമ്മം എന്ന കവിതയ്ക്കും പഴഞ്ചൊല്ലിന്റെയും കടങ്കഥയുടെയും ഭാഷാശൈലിയിൽനിന്നു വികസിപ്പിട്ടെടുത്ത ശൈലിയാണ്:

കല്യാണക്കട്ടിലൊന്ന്

കടഞ്ഞ വെണ്ണക്കാല്,

കാൽക്കലും തലയ്ക്കലും

കളിയാടും കന്യകൾ. [380]

മനോധർമ്മം എന്ന കവിതയെപ്പറ്റി ഐ. ഇസ്താക്ക് പറയുന്നു:

“അതിന്നൊരു നിയതവൃത്തമില്ല. എന്നാൽ വൃത്തരഹിതമെന്നു പറയാൻ വയ്യാത്ത എന്തോ ഒന്ന് അതിലുണ്ടുതാനും. ഇതു പിന്നെയും വികസിപ്പിച്ച രീതിയാണ് ‘നാറാണത്തു തിരുവടികൾ’ക്കുള്ളത്. പഴഞ്ചൊല്ലും കടങ്കഥയും ഈ കവിതയുടെ ആരും വേരുമായിക്കിടക്കുന്നു. ‘നാറാണത്തു തിരുവടികൾ’ക്കും അതിന്റേതായൊരു വൃത്തമുണ്ട്- പഴഞ്ചൊല്ലിന്റെയും കടംകഥയുടെയും രൂപവുമായി ബന്ധപ്പെട്ട ഒരു വൃത്തരീതി.”[381]

നാറാണത്തു തിരുവടികൾ എന്ന കവിതയിൽനിന്ന് ഉദാഹരണം:

ഒത്ത തടിയിൽ തടംവാർന്നൊരോലക്കം,

കൊത്തിവച്ചോരുരുവപ്പൊരുത്തം,

കത്തും കനലിലൂട്ടിയ തിളക്കം.

പത്തു വിളിപ്പാടകലെനിന്നാലും

വെളിച്ചം, കാളിയാർകാവിൽ

കൊളുത്തിവെച്ച വിളക്കുതൂണുപോലെ! [382]

കൂടാതെ ഒരു പകലുമൊരിരവും പാക്കനാരും, മോഹഭംഗം, ചരിത്രം, അഴകിയന്നൊരു പേര് എന്നീ കവിതകളിലും ഈ മട്ടു കാണാം. എം. ഗോവിന്ദൻ വികസിപ്പിച്ചെടുത്ത ഈ കാവ്യരൂപത്തിന്റെ വിപുലമായ ഉപയോഗം അദ്ദേഹം കുഞ്ചൻ നമ്പിയാരെ നായകനാക്കിയെഴുതിയ അരങ്ങേറ്റത്തിലുണ്ട്. ഉദാഹരണം:

കൊലുന്നനെ, കുരുന്നോലനിറം.

കോതിയൊതുക്കിയ നീൾമുടി,

കാതിൽ കടുക്കൻ, നെറ്റിക്കീറിൽ

പാതി കലങ്ങിയ ചന്ദനക്കുറി [383]

വർണങ്ങൾ, വർണസമൂഹങ്ങൾ എന്നിവയുടെ ആവർത്തനവും ദേശ്യഭാഷയുടെ ഉപയോഗവുംകൊണ്ട് നാടോടിച്ചൊല്ലിന്റെ ഘടന നിർമ്മിക്കുന്നത് കാവാലം കവിതകളിൽ ആവർത്തിക്കുന്ന രചനാപദ്ധതിയാണ്. ഉദാഹരണം:

ഏട്ടെക്കെടുത്തി എഴുതാതെടാ

പാട്ടെക്കെടുത്തി പ്പാടാതെടാ

ഊട്ടെക്കെടുത്തി ഉണ്ണാതെടാ

ഉരുവെക്കെടുത്തി ഉറങ്ങാതെടാ [384]

ഇതേ പദ്ധതിയുപയോഗിച്ചു നാടോടിച്ചൊല്ലിന്റെ ഘടന സൃഷ്ടിക്കുന്നതാണ് ആറ്റൂരിന്റെ പുത്തൻചൊല്ല്:

ഇന്നു പഴയ പഠിപ്പു മുടക്കുക;

ഇന്നു പുതിയ പഠിപ്പു തുടങ്ങുക [385].

കടമ്മനിട്ടയുടെ കുഞ്ഞെ, മുലപ്പാൽ കുടിക്കരുത് വിലക്കുകളുടെ പുതുച്ചൊല്ലുകളിലാണ് ആരംഭിക്കുന്നത്.

കുഞ്ഞെ, മുലപ്പാൽ കുടിക്കരുത്

ധാത്രിതൻ മടിയിൽ കിടക്കരുത്.

മാറിൽ തിമർക്കരുത് [386]

കുഞ്ഞുണ്ണി പഴഞ്ചൊല്ലുകളിൽക്കാണുന്ന അടിസ്ഥാനപരമായ പ്രത്യേകതകളെല്ലാം കവിതയിലുപയോഗിക്കുന്നു. ഉദാഹരണങ്ങൾ:

എഴുതുന്നതല്ലെഴുന്നതാണെഴുത്ത് [387]

എന്ന കവിതയ്ക്ക്

'തകധീംതധീം/ തധീംതധീം/ തധീംധീം/'

എന്ന് ഓരോ ഖണ്ഡത്തിലും അക്ഷരങ്ങൾ ക്രമമായി കുറയുന്ന ഗോപുച്ഛയതിഘടനയാണ്. അക്ഷരങ്ങൾ ക്രമമായി കൂടുന്ന സ്രോതോവഹയതിഘടനയും അദ്ദേഹത്തിന്റെ ഒരു കവിതയിൽ കാണാം:

| | |
|---|---|
| എഴുത്തിനച്ഛനില്ല | തധീംതധീംതധീംധീം |
| എഴുത്തച്ഛനുമച്ഛനില്ല [388] | തധീംധീംതകധീംതധീംധീം- |

കേകവൃത്തത്തിന്റെ പകുതിയാണ്,

വാക്കൊതുക്കുന്നോനൂക്കൻ [389]

എന്ന കവിതയിൽ കാണുന്നത്.

നമ്മൾ നന്നാകുവാനെന്തു നല്ലൂ

നല്ലൊരു ചൂലു മനസ്സിൽ നല്ലൂ [390]

എന്ന കവിതയിൽ ഓണപ്പാട്ടിന്റെ താളമാതൃക കാണാം.

നാവിനെല്ലില്ലാത്തവർക്ക്

നട്ടെല്ലും കഷ്ടിയായിടും [391]

എന്ന കവിത അനുഷ്ടുപ്പിന്റെ ഒരു ഈരടിയാണ്. കുഞ്ഞുണ്ണിയുടെ മിക്ക കവിതകളും ഇത്തരത്തിൽ പഴഞ്ചൊല്ലുകൾ, നാടോടിശൈലികൾ എന്നിവയെ ഓർമ്മിപ്പിക്കുന്നു. എഴുത്തിനെപ്പറ്റിത്തന്നെ ഇത്തരത്തിലുള്ള കവിതകളുണ്ട്. ഉദാഹരണങ്ങൾ:

നോവില്ലെങ്കിൽ നോവലില്ല [392]

കവിതയിലൊരു വിതയുണ്ട് [393]

ആദ്യമെഴ്

പിന്നെയെത്ത്

പിന്നെമതിയെഴുത്ത് [394]

പ്രമേയത്തിനൊപ്പം രൂപത്തിന്റെ കാര്യത്തിലും കുഞ്ഞുണ്ണിയുടെ കവിതാസങ്കല്പത്തെ നാടോടിച്ചൊല്ലുകളുടെ ഘടനയുമായി ചേർത്തുനിർത്തുന്നവയാണ് ഈ കവിതകൾ.

താളത്തിന്റെ സാമാന്യവത്ക്കരിക്കപ്പെട്ട കാവ്യരൂപമായ വൃത്തത്തിൽനിന്ന് സ്വയം മോചിപ്പിക്കുകയും താളത്തിന്റെ വിവിധ സാധ്യതകൾ അന്വേഷിക്കുകയും ചെയ്യുന്നതിലൂടെ, പ്രമേയത്തിനു യോജിച്ച രൂപം എന്ന ആധുനികതാവാദപരമായ സങ്കല്പം കവിതകളിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്നതിന് ഉത്തരങ്ങളാണ് രൂപപരമായ ഈ പരീക്ഷണങ്ങൾ.

## അധ്യായം എട്ട്

# കുറിപ്പുകൾ

‘’

1. അയ്യപ്പപ്പണിക്കർ, ‘ഛന്ദോമുക്ത കാവ്യരൂപശില്പം’, *അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ 1950–80,* പു. 122–123.

2. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, .പു. 100.

മറ്റൊരുദാഹരണം: ‘ആ ദിനം വരാതെ പോക’, *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 98.

3. *കക്കാടിന്റെ കൃതികൾ*, പു. 96.

മറ്റുദാഹരണങ്ങൾ: ‘വിരൂപികൾ’, ടി, പു. 161, ‘കോമാളി’, പു. 301.

4. സച്ചിദാനന്ദൻ, *സച്ചിദാനന്ദന്റെ കവിതകൾ 1965–2005 വാല്യം രണ്ട്: മൊഴി,* പു. 222.

മറ്റൊരുദാഹരണം: ‘സൂര്യനമസ്കാരം’, ടി, പു. 143.

5. ആറ്റൂർ രവിവർമ്മ, *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957–94),* പു. 71

മറ്റുദാഹരണങ്ങൾ: ‘മക്കൾ’ ടി, പു. 120, ‘രണ്ട് വായ(ന)കൾ’, *ആറ്റൂർ രവിവർമ്മയുടെ കവിതകൾ, ഭാഗം രണ്ട്, (1995–2003)* (കോട്ടയം: ഡി. സി. ബുക്സ്, 2003). പു. 58.

6. *കടമ്മനിട്ടയുടെ കവിതകൾ,* പു. 76

മറ്റൊരുദാഹരണം: ‘ബസ്സ്റ്റോപ്പിൽ’ ടി, പു. 121.

7. സച്ചിദാനന്ദൻ, *സച്ചിദാനന്ദന്റെ കവിതകൾ 1965–2005 വാല്യം ഒന്ന്: അകം*, പു. 70

മറ്റുദാഹരണങ്ങൾ: ‘ഇനിയും’, ടി, പു. 76, ‘ആസന്നമരണചിന്തകൾ’,ടി, പു. 152.

8. വിനയചന്ദ്രന്റെ കവിതകൾ, പു. 60

മറ്റുദാഹരണങ്ങൾ: ‘ഭൂമദ്ധ്യരേഖ’, *വിനയചന്ദ്രന്റെ കവിതകൾ*,പു.40,‘സംക്രാന്തി, ടി, പു. 198, ‘മാതൃസാന്നിദ്ധ്യം’, *നരകം ഒരു പ്രേമകവിത എഴുതുന്നു.*

9. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 208.

മറ്റൊരുദാഹരണം: ‘കഴുക നീ മുഖം കഴുകാത്തതെന്തേ’, ടി, പു. 35.

10. ‘മരണവാർഡ്", *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 82.

മറ്റുദാഹരണങ്ങൾ: ‘തേർവാഴ്ച’ ടി, പു. 92, ‘കളിവിളക്ക്’, പു. 120, ‘ഒഴിവുദിവസം’ പു. 147, ‘സ്നേഹം’ പു. 176, ‘സ്നാനം’ പു. 219.

11. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം*, പു. 83

മറ്റുദാഹരണങ്ങൾ: ‘നർമകേളി’, ടി, പു. 76, ‘ഒന്നേ ചോദിച്ചതുള്ളൂ’, ടി, പു. 138, ‘മഞ്ഞിന്റെ മകൾ’, ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,** ഒന്നാം ഭാഗം,* പു. 31, ‘കരയും കടലും’, ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,** മൂന്നാം ഭാഗം,* പു. 129.

12. *കക്കാടിന്റെ കൃതികൾ*, പു. 315.

13. *കാവാലം കവിതകൾ*, പു. 60

മറ്റുദാഹരണങ്ങൾ: 'കോതാമൂരി', ടി, പു. 71, 'കുഞ്ഞിത്തായി', പു. 74, 'താറാവുകാരൻ', പു. 81, 'പൊറനാടി', പു. 107, 'പവാവുബലി', പു. 111, 'കുമ്മാട്ടിക്കഥയിലെ മുത്തശ്ശി', പു. 125, 'ആപ്പേം ഊപ്പേം', പു. 130, 'ധാരണാ', പു. 134,' ആദിത്തോറ്റം', പു. 208, 'ആനവേലി' പു. 210, 'തടിപിടി', പു. 230, 'മുത്തശ്ശി മുത്ത്', പു. 268, 'പൊട്ടൻ', 'കലിസന്തരണം', പു. 48.

14. *കടമ്മനിട്ടയുടെ കവിതകൾ*, പു. 159

15. സച്ചിദാനന്ദൻ, *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി*, പു. 212

മറ്റുദാഹരണങ്ങൾ: 'ഋശ്യശൃംഗൻ', ടി, പു. 256, 'എന്റെ കണ്ണ്', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം*, പു. 252.

16. ഡി. വിനയചന്ദ്രൻ, *നരകം ഒരു പ്രേമകവിത എഴുതുന്നു*, പു. 41,

മറ്റൊരുദാഹരണം: 'കഥാസരിത് സഞ്ചയനം', *ദിശാസൂചി*, പു. 31.

17. ഡി. വിനയചന്ദ്രൻ, 'സമയമാനസം', *സമയമാനസം*, പു. 30.

18. 'വ്യർത്ഥമാസത്തിലെ കഷ്ടരാത്രി', *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 165.

മറ്റൊരുദാഹരണം: 'എവിടെ ജോൺ?' ടി, പു. 202

19. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം*, പു. 163.

മറ്റുദാഹരണങ്ങൾ: 'മോഹം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, പു. 91, 'കുതിരക്കൊമ്പ്', ടി, പു. 137, 'തടവറ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം*, പു. 63, 'ഞാനൊരു ത്യാഗി' മൂന്നാം ഭാഗം പു. 34, 'ഇതു ഹിമാചലശിഖരവിലാപം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം*, പു. 119.

20. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 252, 253.

21. കക്കാടിന്റെ കൃതികൾ, പു. 91.

മറ്റുദാഹരണങ്ങൾ: 'തീർത്ഥാടനം' ടി, പു. 81, 'നിശാമുഖം', പു. 96, 'പാർക്കിൽ', പു. 99, 'ബീറ്റ്', പു. 107, '1963', പു. 115, 'പാതാളത്തിന്റെ മുഴക്കം', പു. 137, 'പ്രാർത്ഥന', പു. 145, 'കമ്പർ', പു. 147, 'ഫയലുകൾ', പു. 157, 'പനീർപൂവിന്റെ ഗന്ധം', പു. 162, 'ചെറ്റകളുടെ പാട്ട്', പു. 221, 'മങ്ങാത്ത മയിൽപ്പീലി', പു. 260, 'ഒരു പുഴയുടെ ഓർമ്മ', പു. 269, 'ആവർത്തം', പു. 401, 'ചെറു ഞാണൊലി', പു. 409, 'പകലറുതിക്കു മുമ്പ്', പു. 443.

22. *കാവാലം കവിതകൾ*, പു. 45

മറ്റുദാഹരണങ്ങൾ: 'കേശാദിപാദം', ടി, പു. 49, 'അരഞ്ഞ ഞാൻ', പു. 78, 'തച്ചുകോഴി', പു.88, 'അന്തിവിരുന്നാളൻ', പു. 100, 'യജ്ഞം കർത്തവ്യം', പു. 116, 'ആഫ്രിക്കൻ പായൽ ',(പു. 139), 'ഇരുട്ടുകുത്തി', പു. 143, 'വിൽക്കുന്നില്ലിവിടം'. പു. 146, 'ആക്കത്തൊഴി', പു. 194, 'തീർത്ഥാടന സൗഭാഗ്യം', പു. 218, 'സംസ്കൃതി', പു. 250, 'അംബർ'. പു. 258, 'വിറയ്ക്കുന്നു, വിരളുന്നു', പു. 266.

23. ആറ്റൂർ രവിവർമ്മ, *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94)*, പു. 66

മറ്റുദാഹരണങ്ങൾ: 'എത്ര ഞെരുക്കം', ടി, പു. 77, 'കച്ചവടം', പു. 85, 'തുരുത്തുകൾ', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ, രണ്ടാം ഭാഗം*, പു. 48

24. *കടമ്മനിട്ടയുടെ കവിതകൾ*, 'ചിത', പു. 56

മറ്റുദാഹരണങ്ങൾ: 'ജയിൽ', ടി, പു. 57, 'ശരശയ്യ' പു. 69, 'കടമ്മനിട്ട', പു. 80, 'കാട്ടാളൻ',

പു. 83, 'പുരുഷസൂക്തം', പു. 95, 'കുപ്പേലുണ്ടൊരു മാണിക്യം', പു. 238.

25. സച്ചിദാനന്ദൻ, 'അഞ്ചു സൂര്യൻ', അകം, പു. 53

മറ്റുദാഹരണങ്ങൾ: 'കടൽ', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം*, പു. 65, 'വിരഹം' എന്ന കവിതയിലെ 'കാറ്റിന്റെ പാട്ട്' എന്ന ഖണ്ഡം, പു. 101, 'പ്രയാണം', പു. 109, 'ഓപ്പോൾ', പു. 325, 'ഗ്രാമം', പു. 402, 'അത്താണി', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി*, പു. 85, 'പറയുന്നു കബീർ', മൊഴി പു. 374, 'വിയറ്റ്നാം', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം*, പു. 191

26. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 28.

മറ്റുദാഹരണങ്ങൾ: 'ഞാനൊരു കടലുണ്ടാക്കി...', പു. 29, 'ഞാനൊരു ദുഃഖം മാത്രം...', പു. 33, 'എന്നെത്തിന്നൊരു പുലിയെത്തിരയുകയാകുന്നൂ ഞാൻ...', പു. 103, 'പയ്യായിട്ടും...', പു. 39, 'ഞാനൊരു കാക്കവി...', പു. 40, 'നാവേ നീ കാതുള്ളവരൊടു മിണ്ടരുതേ...', പു. 40, ' ചായപ്പീടിക യിൽ...', പു. 58, 'ഒരു തീപ്പെട്ടിക്കൊള്ളി തരൂ,,,', പു. 74, 'പത്തി വിടുർത്താടുന്നൂ ലോകം...', പു. 84, , 'പൂവായ് വിരിയുകയാവുന്നു ഞാൻ....', പു. 197.

27. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 172

28. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം*, പു. 65.

29. 'മൃത്യുപൂജ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, പു. 121.

മറ്റുദാഹരണങ്ങൾ: 'ഹവാന', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം*, പു. 50, 'രാമൻ വാണാലും രാവണൻ വാണാലും', ടി, പു. 54, 'ഇതാ കാത്തിരിക്കുന്നു', പു. 179, 'ഗോപികാ ദണ്ഡകം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ*, പു. 199, 'മൂകാംബിക', ടി, പു. 174.

30. 'കുരുക്കുത്തിമുല്ല', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം*, പു. 73

മറ്റുദാഹരണങ്ങൾ: 'പൂക്കാതിരിക്കാനെനിക്കാവതില്ലേ',*അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം*, പു. 89, 'എനിക്കായി മാത്രം', ടി, പു. 97.

31. *കക്കാടിന്റെ കൃതികൾ*, പു. 306

മറ്റുദാഹരണങ്ങൾ: 'സഫലമീ യാത്ര', ടി, പു. 380, 'നന്ദി, തിരുവോണമേ നന്ദി', പു. 384, 'എനിക്കറിലീല', പു. 399, 'അറിവിന്റെ അർത്ഥം', പു. 402, 'അറിവിന്റെ ഭീതി', പു. 407, 'വെളിവ്', പു. 439, 'മരണത്തെക്കുറിച്ചൊരമൂർത്തപഠനം', പു. 470, 'അഗ്നിരഥം', പു. 482, 'വജ്രകുണ്ഡല' ത്തിലെ 'സ്വക്ഷേത്രം', പു. 183, 'വിഷ്കംഭം', പു. 187, 'കാലപൂരുഷൻ', പു. 189, 'തക്ഷകൻ', പു. 190, 'കാളിന്ദി', പു. 194, 'ഗോപുരം', പു. 201, 'വിരുന്ന്', പു. 202, 'കാരാഗൃഹം', പു. 205, 'ദാരികോപാ ഖ്യാനം', പു. 207, 'ദീക്ഷ', പു. 211 എന്നീ ഭാഗങ്ങൾ.

32. *കാവാലം കവിതകൾ*, പു. 84

മറ്റുദാഹരണങ്ങൾ: 'വീണതുവീണ', ടി, പു. 91, 'മണ്ണിന്റെ ദുഃഖം', പു. 120, 'ഗൗളിശാസ്ത്രം', പു. 164, 'കദന കുതൂഹലം', പു. 187, 'അജ്ഞാതസന്ധ്യകൾ', പു. 198, 'പുഴു മണക്കുന്നു', പു. 201, 'ഈച്ച', പു. 203, 'നെറിക്കാളകൾ', പു. 205, 'അഹംസൂവേപിതരം', പു. 261.

33. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94)*, പു. 98-99.

മറ്റുദാഹരണങ്ങൾ: 'പാണ്ടി', ആറ്റൂർ, ടി, പു. 101, 'അകലം', പു. 103, 'പുറപ്പാട്', പു. 108, 'കര-തിര', പു. 111, 'തന്നോട്', പു. 125, 'നേരങ്ങൾ', പു. 128, 'മൊട്ട', പു. 130, 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ', പു. 137, 'പോംവഴികൾ', പു. 145, 'കണ്ടു', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ,*

*രണ്ടാം ഭാഗം*, പു. 19, 'കാണൽ', ടി, പു. 36, 'തുയിലുണരൽ', പു. 86

34. *കടമ്മനിട്ടയുടെ കവിതകൾ*, പു. 90

മറ്റുദാഹരണങ്ങൾ: 'അവസാനചിത്രം', ടി, പു. 118, 'പരാതി', പു. 120, 'ഭാഗ്യശാലികൾ', പു. 131, 'ഞാനിവിടെയാണ്', പു. 136, 'ആവർത്തനം', പു. 142, 'പൂച്ചയാണിന്നെന്റെ ദുഃഖം', പു. 204, 'കുഞ്ഞേ', 'മുലപ്പാൽ കുടിക്കരു്', പു. 206, 'നദിയൊഴുകുന്നു', പു. 208, 'പ്രഭാതം', പു. 211.

35. സച്ചിദാനന്ദൻ, 'ശ്യാമഗീതം', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം*, പു. 66

മറ്റുദാഹരണങ്ങൾ: 'ഇനിയൊന്ന് വിശ്രമിക്കട്ടെ', ടി, പു. 241, 'ചുവർ', പു. 285, 'വീടുവാങ്ങൽ',പു. 354, 'വെറുതെ ചില ഓർമ്മകൾ,' പു. 385, 'മുങ്ങിക്കുളി', പു. 419, 'പൂനയിൽ', പു. 449, 'ത്രിപുരയിൽ പോവുക', പു. 168, 'മടക്കം', പു. 566, 'തിമില', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം*, പു. 327, 'അടുത്തകലെ', *മറന്നുവെച്ച വസ്തുക്കൾ*, പു. 65.

36. ഒന്നാം പാഠം, *വിനയചന്ദ്രന്റെ കവിതകൾ*, പു. 75

മറ്റുദാഹരണങ്ങൾ: 'ആരിവൾ', ടി, പു. 179, 'ഇലകൾ കൊഴിയുന്നു', പു. 195, 'കാട്', പു. 211, 'കോവളം', *നരകം ഒരു പ്രേമകവിത എഴുതുന്നു*, പു. 54, 'ജോണിന്', *ദിശാസൂചി*, പു. 12, 'ഒറ്റയ്ക്കിരിക്കുന്ന കൂട്ടുകാരൻ', പു. 42, 'ദിശാസൂചി', *ദിശാസൂചി*, പു. 46, 'പ്രിയേ വിരഹഹേമന്തമേ', *ദിശാസൂചി*, പു. 68, 'കൊല്ലൂരിലെ കുങ്കുമം', *വീട്ടിലേക്കുള്ള വഴി*, പു. 27, 'വിനയചന്ദ്രിക', ടി, പു. 45, 'അകംപൊരുൾ', പു. 86, 'വീട്ടിലേക്കുള്ള വഴി', പു. 104, 'കടലിനോടൊത്ത്', പു. 164, 'വഴി', പു. 173, 'ഞാൻ എന്റെ കണ്ണാടി', പു. 211, 'ഉള്ളുര', *സമയമാനസം*, പു. 13, 'അയനത്തിന്റെ ലിപികൾ', *കായിക്കരയിലെ കടൽ*, പു. 41,'പാസിങ് ഔട്ട് പരേഡിൽ', *സൗമ്യകാശി*, പു. 63, 'പല്ലാവൂരനുപല്ലവി', ടി, പു. 76.

37. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 71.

മറ്റുദാഹരണങ്ങൾ: 'തിന്നിട്ടും തിന്നാണ്ടും...', ടി, പു. 83, 'ഇബ്ഭൂമിയെന്തേ പരന്നുരുണ്ടാകുവാ...', പു. 89.

38. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 66.

മറ്റുദാഹരണങ്ങൾ: 'യാത്രാമൊഴി'യിലെ 14 വരികൾക്കുശേഷമുള്ള ഭാഗം, ടി, പു. 67-70, 'ദുഃഖവെള്ളിയാഴ്ച', പു. 99, 'സഹശയനം', പു. 195, 'ക്ഷമാപണം', പു. 212.

39. 'അലക്ക്', *കടമ്മനിട്ടയുടെ കവിതകൾ*, പു. 149

മറ്റൊരുദാഹരണം: 'ദേവീസ്തവം', ടി, പു. 188.

40. സച്ചിദാനന്ദൻ, *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി*, പു. 159

മറ്റൊരുദാഹരണം: 'താരാട്ട്', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം*, പു. 235

41. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 71

മറ്റൊരുദാഹരണം: 'സ്വപ്നസങ്കീർത്തനം', ടി, പു. 151

42. *അയ്യപ്പപ്പണിക്കരുടെ കൃതികൾ ഒന്നാം ഭാഗം*, പു. 115.

മറ്റുദാഹരണങ്ങൾ: 'ഹേ, ഗഗാറിൻ!' ടി, പു. 94, 'കാർട്ടൂൺ കവിതകൾ', മൂന്ന്: 'കടുക്ക', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം*, പു. 110, 'കാർട്ടൂൺ കവിതകൾ', നാല്: 'തങ്കച്ചൻ', പു. 111, 'ഏതു മാമല', പു. 153,

43. *എം. ഗോവിന്ദന്റെ കവിതകൾ, രണ്ടാം ഭാഗം*. പു. 120.

44. *കക്കാടിന്റെ കൃതികൾ*, പു. 212

മറ്റൊരുദാഹരണം: 'വജ്രകുണ്ഡല'ത്തിലെ 'ജംബുകനൃത്തം' എന്ന ഭാഗം ടി, പു. 199.

45. *കാവാലം കവിതകൾ*, പു. 97-98

മറ്റുദാഹരണങ്ങൾ: 'വേലൻ വേലു', ടി, പു. 102, 'കുട്ടൻ', പു. 127, 'മടക്കയാത്ര', പു. 151, 'ഉത്സവക്കളി', *കലിസന്തരണം*, പു. 29, 'കാളിയൂട്ട്', ടി, പു. 39, 'ഒസ്യത്ത്', പു. 114.

46. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 93.

47. സച്ചിദാനന്ദൻ, *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 257

48. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 197.

മറ്റൊരുദാഹരണം: 'കടം കാട്', ടി, പു. 212.

49. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 56.

മറ്റുദാഹരണങ്ങൾ: 'ദൈവത്തൊന്ന്', ടി, പു. 62, 'കിംവദന്തി', പു. 104, 'കാർട്ടൂൺ കവിതകൾ', ഒന്ന്: 'പാറ്റ', പു. 109, 'കടന്നൽ', പു. 172, 'തിരയെണ്ണൽ', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം*** പു. 239.

50. *കക്കാടിന്റെ കൃതികൾ*, പു. 309

51. *കടമ്മനിട്ടയുടെ കവിതകൾ*, പു. 39.

മറ്റൊരുദാഹരണം: 'മാമ്പൂക്കൾ',, ടി. പു. 64

52. 'ഭൂമിയുടെ ആകാശം', *വിനയചന്ദ്രന്റെ കവിതകൾ*, പു. 180

53. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 28.

മറ്റുദാഹരണങ്ങൾ: 'ആറാം ദിവസം ദൈവം...', ടി, പു. 65, 'പൊളിറ്റിക്സിങ്ങനെയെന്നെന്നും...', പു. 68.

54. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, പു. 99

55. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം* പു. 26

മറ്റുദാഹരണങ്ങൾ: 'പണ്ടു ദുഃഷന്തൻ ദമയന്തിയെപ്പോലെ', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,*** *നാലാം ഭാഗം,* പു. 92, 'ആ മരം ഈ മരം', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,*** *മൂന്നാം ഭാഗം,* പു. 71, 'കണ്ണമ്മ', ടി, പു. 76, 'ആരതി', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,*** *നാലാം ഭാഗം,* പു. 108.

56. *കക്കാടിന്റെ കൃതികൾ*, പു. 103

മറ്റുദാഹരണങ്ങൾ: 'ഞാനും നീയും', ടി, പു. 150, 'മോഷ്ടിച്ചെടുത്ത ഒരു രാത്രി', പു. 168, 'തുലാമേഘം', പു. 170, 'പോത്ത്', പു. 233, 'ഇന്നലെ വന്നവൻ', പു. 236, 'അപരിചിതൻ', പു. 311, 'സഹ്യന്റെ കാൽക്കൽ', പു. 339, 'യൂറിഡിസ്', പു. 364, 'കടൽ', പു. 365, വിദ്യാരംഭം പു. 370, 'പിന്നെയും', പു. 403.

57. ആറ്റൂർ രവിവർമ്മ, 'നിത്യവിരഹം', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 54

മറ്റുദാഹരണങ്ങൾ: 'യാത്ര', ടി, പു. 56, 'ഉദാത്തം', പു. 75, 'മോക്ഷമു', പു. 96, 'മഴനാട്', പു. 117

58. 'ഉണരാൻ ഭയമാണ്', *കടമ്മനിട്ടയുടെ കവിതകൾ*, പു. 115

മറ്റൊരുദാഹരണം: 'കടിഞ്ഞൂൽപൊട്ടൻ', ടി, പു. 132.

59. സച്ചിദാനന്ദൻ, 'ഭരതൻ ഓർമ്മിക്കുന്നു', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 243

മറ്റുദാഹരണങ്ങൾ: 'തോടി', ടി, പു. 422, 'ബുദ്ധൻ പഞ്ചാബിൽ', *സച്ചിദാനന്ദന്റെ കവിത*

*കൾ, വാല്യം മൂന്ന്: പുറം* പു. 207, 'ധ്യാനം', ടി, പു. 358.

60. *വിനയചന്ദ്രന്റെ കവിതകൾ*, പു. 73.

61. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 34.

മറ്റുദാഹരണങ്ങൾ: 'എന്നിലൊരെലിയുണ്ട്...', ടി, പു. 40, 'ഉമ്മറവാതലടച്ചിട്ടില്ല', പു. 55.

62. 'ആദ്യരാത്രി', *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 116

മറ്റുദാഹരണങ്ങൾ: 'അമാവാസി', ടി, പു. 112, 'പുനർജന്മം', പു. 155, 'ഗസൽ', പു. 157, 'നിശ്ചല ജീവിതം', പു. 257.

63. അയ്യപ്പപ്പണിക്കർ, 'ഗായത്രം', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,*** മൂന്നാം ഭാഗം പു. 36.

മറ്റുദാഹരണങ്ങൾ: 'നീയും പോരൂ', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം,*** പു. 64, 'ഒരു മരം വെട്ടുന്നേരം', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,*** *മൂന്നാം ഭാഗം,* പു. 152, 'രാവേ നീ പോകരുതേ', ***അയ്യപ്പപ്പണിക്കരുടെ കൃതികൾ,*** *നാലാം ഭാഗം,* പു. 242

64. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 191

മറ്റൊരുദാഹരണം: 'ഇടശ്ശേരി നിനവിൽ വരുമ്പോൾ', പു. 259.

65. *കക്കാടിന്റെ കൃതികൾ*, പു. 257.

മറ്റുദാഹരണങ്ങൾ: 'വേരുകൾ', ടി, പു. 109, 'പാലുകാച്ചൽ', പു. 303, 'റേഡിയോതരംഗങ്ങളോട്', പു. 313, 'മൃത്യുഞ്ജയമന്ത്രം', പു. 319, 'പൂർണ്ണനിമിഷം', പു. 335, 'പഴയ അപരിചിതൻ', പു. 346, 'ജ്വരം', പു. 338, 'ഭാരിച്ച ദിവസങ്ങൾ', പു. 367, 'പരിവ്രാജകൻ', പു. 411.

66. *കാവാലം കവിതകൾ*, പു. 52-53

മറ്റുദാഹരണങ്ങൾ: 'എക്കാലപ്പെണ്ണ്', പു. 56, 'അതിരും തല', പു. 61, 'പുലർകാലം' പു. 64, 'വരത്താളര്', പു. 66, 'സ്വർണ്ണത്തിന്റെ സങ്കടം', പു. 68, 'കൈമോശം', പു. 114, 'ചുണ്ടെലിത്തെയ്യം' പു. 159, 'എന്നാലിനിയൊരു കഥയുരചെയ്യാം', പു. 213, 'കഴുതമേള', പു. 224, 'തെയ്യത്തെയ്യം', പു. 226, 'വിമോചനം', പു. 264, 'നിങ്ങൾക്കു സ്വസ്തി', പു. 273, 'അന്നന്നത്തേപ്പം', *കലിസന്തരണം*, പു. 32, 'പതിരും നെല്ലും', ടി, പു. 340, 'ബോളൻ', ടി, പു. 58.

67. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 132

മറ്റുദാഹരണങ്ങൾ: 'കൊട്ടക', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ, രണ്ടാം ഭാഗം,* പു. 21, 'വളിപ്പ്', ടി, പു. 23, 'മൂളിപ്പാട്ട്'', പു. 27, 'നേർകാണൽ'പു. 29, 'പന്തി', പു. 34, 'നാട്ടുമഴ', 'വഴികാട്ടി', പു. 45, 'ഒപ്പമിരിക്കുന്നവൾ', പു. 60, 'എഴുന്നേല്പ്', പു. 71

68. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 338.

69. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 35

മറ്റൊരുദാഹരണം: 'പാലക്കാടൻ പറയും പോയി..', പു. 72.

70. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 178-179.

71. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 151.

72. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, പു. 43.

73. ടി, പു. 44.

74. *എം. ഗോവിന്ദന്റെ കവിതകൾ, രണ്ടാം ഭാഗം,* പു. 94.

75. *കേരളഭാഷാഗാനങ്ങൾ, വാല്യം രണ്ട്*, പു. 42.

76. *കാവാലം കവിതകൾ,* പു. 88.

77. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 157

78. 'ഓട്ടോവിൻപാട്ട്', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957–94)*, പു. 86

79. 'ഒരു പാട്ട്', *കടമ്മനിട്ടയുടെ കവിതകൾ*, പു. 43.

80. 'പട്ടങ്ങൾ', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി*, പു. 66.

81. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം*, പു. 154

82. *കക്കാടിന്റെ കൃതികൾ*, പു. 229.

83. ടി, പു. 144.

84. ടി, പു. 153.

85. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957–94)*, പു. 93.

86. *കടമ്മനിട്ടയുടെ കവിതകൾ*, പു. 87.

87. നരേന്ദ്രപ്രസാദ്, 'കടമ്മനിട്ടയുടെ കവിതകൾ', *കടമ്മനിട്ടയുടെ കവിതകൾ*, പു. 15.

88. 'വൃത്തവും കിരാതവൃത്തവും', *കടമ്മനിട്ടയിലെ കവി*, പു. 111.

89. *കടമ്മനിട്ടയുടെ കവിതകൾ*, പു. 272

90. ടി, പു. 174.

91. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം*, പു. 231

92. *വിനയചന്ദ്രന്റെ കവിതകൾ*, പു. 26.

93. 'വംശഗാഥ', ടി, പു. 102.

94. 'കുശവന്റെ കുടം', *വൃത്തം തെറ്റിയ കവിത*, പു. 23

95. 'വേലൻ വേലു', *കാവാലം കവിതകൾ*, പു. 102.

'ഓണത്തുമ്പി', *വൃത്തം തെറ്റിയ കവിത*, പു. 89, എന്ന കവിതയിലും കാവാലം രൂപഞ്ചമ്പട താളം ഉപയോഗിക്കുന്നു.

96. 'തീർത്ഥാടനം', *കക്കാടിന്റെ കൃതികൾ*, പു. 83

97. കടമ്മനിട്ട രാമകൃഷ്ണൻ, 'ശാന്ത', *കടമ്മനിട്ടയുടെ കവിതകൾ*, പു. 174.

98. *വിനയചന്ദ്രന്റെ കവിതകൾ*, പു. 91.

99. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 45

100. 'ധൂളീശില്പം', *കാവാലം കവിതകൾ*, പു. 42

101. 'ദുഃഖം', *കക്കാടിന്റെ കൃതികൾ*, പു. 93

102. 'കമ്പൻ', ടി, പു. 147

103. 'തീർത്ഥാടനം', ടി, പു. 87

104. 'പാതാളത്തിന്റെ മുഴക്കം', ടി, പു. 140

105. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 49

106. 'ധൂളീശില്പം', *കാവാലം കവിതകൾ*, പു. 42

107. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 122

108. 'ഗണപതിത്താളം', *കാവാലം കവിതകൾ*, പു. 33.

109. *അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ 1950–80*, പു. 110.

110. *കുഞ്ചൻ നമ്പ്യാരുടെ അറുപതു തുള്ളൽക്കഥകൾ*, പു. 78.

111. 'ധൂളീശില്പം', *കാവാലം കവിതകൾ*, പു. 42.

112. ടി, പു. 43.

113. 'വായ്ത്താരിവൃത്തങ്ങൾ', *അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ 1950-80*, പു. 107.

114. *പടേനി,* പു. 246.

115. *പടേനിയുടെ ജീവതാളം*, പു. 108.

116. ജി. ഭാർഗവൻപിള്ള, *കാക്കാരിശ്ശിനാടകം*, പു. 46-47.

117. 'പറപ്പേടി', *കാവാലം കവിതകൾ*, പു. 97.

118. ടി, പു. 95

119. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 134

120. സച്ചിദാനന്ദൻ, 'എഴുത്തച്ഛനെഴുതുമ്പോൾ', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 312.

121. നരേന്ദ്രപ്രസാദ്, 'വചനത്തിന്റെ സിര', *സച്ചിദാനന്ദന്റെ കൃതികൾ*, പു. 563.

122. 'മഴ നനയുമ്പോൾ', *വീട്ടിലേക്കുള്ള വഴി*, പു. 57.

123. 'ശാന്ത', **കടമ്മനിട്ടയുടെ കവിതകൾ**, പു. 174

124. *കേരളഭാഷാഗാനങ്ങൾ വാല്യം രണ്ട്,* പു. 332.

125. *പടേനി*, പു. 346.

126. 'പൊയ്പോയ പ്രഭാതം', *കാവാലം കവിതകൾ*, പു. 180.

127. 'മോഷണം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ രണ്ടാം ഭാഗം,* പു. 110.

128. *കുഞ്ചൻ നമ്പിയാരുടെ അറുപതു തുള്ളൽക്കഥകൾ*, പു. 228.

129. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 53.

130. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 64.

131. '1963', *കക്കാടിന്റെ കൃതികൾ*, പു. 117-118

132. 'പ്രാർത്ഥന', ടി, പു. 145

133. 'കമ്പൻ', ടി, പു. 147

134. *കാവാലം കവിതകൾ*, പു. 221.

135. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 51

136. *കാവാലം കവിതകൾ*, പു. 65

137. *കടമ്മനിട്ടയുടെ കവിതകൾ*, പു. 72

138. കടമ്മനിട്ട വാസുദേവൻപിള്ള, 'അപസാരക ബിംബങ്ങളുടെ ആസുര ഗതിരൂപങ്ങൾ', *കടമ്മനിട്ട യുടെ കവിതകൾ*, പു. 292.

139. *കടമ്മനിട്ടയുടെ കവിതകൾ*, പു. 194.

140. ടി, പു. 195

141. ടി, പു. 196

142. ടി. പു. 198

143. നരേന്ദ്രപ്രസാദ്, 'കടമ്മനിട്ടയുടെ കവിതകൾ', ടി, പു. 17.

144. ടി, പു. 18.

145. ടി. പി. സുകുമാരൻ, 'കടമ്മനിട്ടക്കവിത: ഉർവരതയുടെ താളം', *ഉർവരതയുടെ താളം: സംസ്കാ രപഠനങ്ങൾ*, പു. 164.

146. വി. സി. ശ്രീജൻ, 'കുറത്തി: ഒരു അർത്ഥാന്തരന്യാസം', *വാക്കും വാക്കും* (കണ്ണൂർ: സമീക്ഷ, 1996), പു. 48.

147. *പടേനി,* പു. 245, 246.

148. ടി, പു. 246.

149. 'ദക്ഷയാഗം', *കളിവിളക്ക്: തെരഞ്ഞെടുത്ത മുപ്പത് ആട്ടക്കഥകൾ,* സമ്പാ. വി. വിജയൻ (കോഴിക്കോട്: മാതൃഭൂമി, 1988), പു. 236.

150. *താളങ്ങൾ താളവാദ്യങ്ങൾ,* പു. 140.

151. *കേരളീയ മേളകല,* പു. 34.

152. *താളചമുത്തിരം,* പു. 18.

153. *അയ്യപ്പപ്പണിക്കരുടെ കൃതികൾ ഒന്നാം ഭാഗം,* പു. 111.

154. 'ഴ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 251

155. 'ദുഃഖം', *കക്കാടിന്റെ കൃതികൾ,* പു. 91.

156. 'ഫയലുകൾ', ടി, പു. 157

157. ടി, പു. 159

158. 'ധൂളീശില്പം', *കാവാലം കവിതകൾ,* പു. 43.

159. ടി, പു. 43, 44

160. 'വിൽക്കുന്നില്ലിവിടം', *കാവാലം കവിതകൾ,* പു. 146.

161. 'സംസ്കൃതി', *കാവാലം കവിതകൾ,* പു. 250

162. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 164

163. 'ഉപ്പ്', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 156.

164. 'മരണത്തിൽ ജീവിതത്തിൽ', *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം,* പു. 148.

165. 'അരങ്ങേറ്റം', *എം. ഗോവിന്ദന്റെ കവിതകൾ, രണ്ടാം ഭാഗം,* പു. 161

166. *കക്കാടിന്റെ കൃതികൾ,* പു. 81–82

167. ടി, പു. 82

168. ടി.

169. ടി, പു. 87

170. ടി, പു. 82

171. 'ബീറ്റ്', ടി, പു. 107

172. 'പ്രാർത്ഥന', ടി, പു. 145

173. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 218.

174. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 24.

175. 'കൗണ്ഡിന്യചരിതം', *കക്കാടിന്റെ കൃതികൾ,* പു. 325

176. 'മോഹഭംഗം', *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം,* പു. 193

177. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 331

178. *കുഞ്ഞുണ്ണിക്കവിതകൾ,* കഥകൾ, പു. 106

179. 'കിഷ്കിന്ധ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 61.

180. 'ഇടയപ്പാട്ട്', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം,* പു. 328.

181. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 62.

182. 'വജ്രകുണ്ഡല'ത്തിലെ 'ദാരികോപാഖ്യാനം' എന്ന ഭാഗം, *കക്കാടിന്റെ കൃതികൾ*, പു. 207.

183. *വിനയചന്ദ്രന്റെ കവിതകൾ*, പു. 103.

184. 'ഓട്ടോവിൻപാട്ട്', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 86.

185. സച്ചിദാനന്ദൻ, 'ഇടയപ്പാട്ട്', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം,* പു. 328.

186. ഡി. വിനയചന്ദ്രൻ, *വീട്ടിലേക്കുള്ള വഴി*, പു. 127.

187. *കടമ്മനിട്ടയുടെ കവിതകൾ*, പു. 269.

188. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 212.

189. ടി. പു. 132.

മറ്റുദാഹരണങ്ങൾ: 'കുഞ്ഞിയുറുമ്പുണ്ടൊരാനത്തലയോള', ടി, പു. 95, 'പെണ്ണേ പെണ്ണ ങ്ങോട്ടു പൊക്കൊ...', പു. 113.

190. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 309.

191. ഡി. വിനയചന്ദ്രൻ, *സമയമാനസം*, പു. 78-79.

192. 'ദുഃഖമോ, സഖീ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 30.

193. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം*, പു. 159.

194. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 59.

195. ഡി. വിനയചന്ദ്രൻ, *സമയമാനസം*, പു. 87.

196. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, പു. 144.

197. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 428.

198. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 33.

199. *സമയമാനസം*, പു. 82.

200. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 324.

201. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 70.

202. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ,* പു. 65.

203. 'കുറാകു', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 145

204. 'കുട്ടനാടൻ ദൃശ്യങ്ങൾ അഞ്ച്: ഉത്സവം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ*, പു. 144.

205. *കാവാലം കവിതകൾ*, പു. 66.

206. 'പകലറുതിക്കു മുമ്പ്', *കക്കാടിന്റെ കൃതികൾ*, പു. 443.

207. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 259

208. കക്കാടിന്റെ കൃതികൾ, പു. 475.

209. 1972- ൽ രാഷ്ട്രശില്പി ലിറ്റിൽമാഗസിനിൽ പ്രസിദ്ധീകരിച്ചത്. പുനഃപ്രസിദ്ധീകരണം: *മാതൃ ഭൂമി ആഴ്ചപ്പതിപ്പ്,* (പു. 84, ല. 28, സപ്തംബർ 10-16, 2006), പു. 11.

210. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 147.

211. 'കാർട്ടൂൺ കവിതകൾ ആറ്: റോസിലി', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം*, പു. 113

212. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, ഒന്നാം ഭാഗം*, പു. 13.

213. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം*, പു. 182

214. ടി, പു. 184.

215. *കക്കാടിന്റെ കൃതികൾ*, പു. 199

216. ടി, പു. 219

217. ടി, പു. 222

218. ടി, പു. 226

219. ടി, പു. 227

220. കാവാലം കവിതകൾ, പു. 36.

221. കാവാലം വിശ്വനാഥക്കുറുപ്പ്, *കുട്ടനാടിന്റെ തനിമയും പാട്ടുകളും* (തൃശൂർ: കേരള സാഹിത്യ അക്കാദമി, 1989), പു. 106.

222. *കാവാലം കവിതകൾ*, പു. 230

223. *കലിസന്തരണം*, പു. 149.

224. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം*, പു. 29

225. *കേരളഭാഷാഗാനങ്ങൾ വാല്യം രണ്ട്*, പു. 331.

226. *വിനയചന്ദ്രന്റെ കവിതകൾ*, പു. 166

227. ടി, പു. 167

228. *അയ്യപ്പപ്പണിക്കരുടെ കൃതികൾ ഒന്നാം ഭാഗം*, പു. 130.

229. *സമയമാനസം*, പു. 88

230. *വിനയചന്ദ്രന്റെ കവിതകൾ*, പു. 168

231. *സമയമാനസം*, പു. 77

232. ടി, പു. 76.

233. ടി, പു. 83.

234. ടി, പു. 85.

235. ടി, പു. 89.

236. *സമസ്തകേരളം പി ഒ*, പു. 121

237. *സൗമ്യകാശി*, പു. 40.

238. *വിനയചന്ദ്രന്റെ കവിതകൾ*, പു. 169.

239. *വീട്ടിലേക്കുള്ള വഴി*, പു. 23

240. *സമയമാനസം*, പു. 69.

241. *സമസ്തകേരളം പി ഒ*, പു. 13.

242. *കുഞ്ഞുണ്ണിമാഷും കുട്ട്യോളും*, പു. 449.

243. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 168.

244. 'ആറ്റുംമണമ്മേൽ ഉണ്ണിയാർച്ച കൂത്തു കാണ്മാൻ പോയ കഥ', *24 വടക്കൻ പാട്ടുകൾ*, പരി. കെ. വി. അച്ചുതാനന്ദൻ (തൃശ്ശൂർ: എച്ച് ആൻഡ് സി., 1996), പു. 84

245. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ, രണ്ടാം ഭാഗം* പു. 54.

'ആറ്റൂരിന്റെ കേൾവി', ടി, പു. 32, 'രാമായണം', ടി, പു. 41 എന്നീ കവിതകളിൽ വടക്കൻപാട്ടുമട്ടിലുള്ള വരികളുടെ വിവിധമാതൃകകളുണ്ട്.

246. 'വലിയ ആരോമൽ ചേകവർ അങ്കത്തിനായി പ്രജാപതിനാട്ടിൽപോയ പാട്ടുകഥ', *വടക്കൻ പാട്ടുകൾ*, പു. 30.

247. സച്ചിദാനന്ദൻ, 'ഒരു കുരുതിക്കഥ', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം*, പു. 247

സച്ചിദാനന്ദന്റെ 'വടക്കൻ പാട്ട്', ടി, പു. 253, 'യന്ത്രം', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം*, പു. 360, 'പശുവും പുലിയും', ടി, പു. 397, 'അവനവങ്കോലം', ടി, പു. 83 എന്നീ കവിതകളിലും ഈ നാടോടിമട്ടിന്റെ വിവിധവിന്യാസഭേദങ്ങളുണ്ട്.

248. 'ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാട്', *24 വടക്കൻ പാട്ടുകൾ*, പു. 62.

249. *വിനയചന്ദ്രന്റെ കവിതകൾ*, പു. 78-79

250. തിക്കുറിശ്ശി ഗംഗാധരൻ, (സമാ.), *പുത്തരിയങ്കം* (കോട്ടയം: ഡി. സി. ബുക്സ്, 1991), പു. 35

251. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 67.

252. *പുത്തരിയങ്കം*, പു. 52.

253. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 346

എം. ഗോവിന്ദന്റെ കഥാഖ്യാനരീതിയുള്ള കവിതകളിൽ ഈ താളരീതിയുടെ സമൃദ്ധമായ ഉപയോഗമുണ്ട്. 'പുത്തരിയങ്കപ്പാട്ട്', ടി, പു. 397, 'ഒറ്റയ്ക്കു വന്നവന്റെ കഥ', പു. 384, 'കുന്തവും കുടവും അങ്കം ചെയ്ത കഥ', പു. 387, ' കിണ്ടിയും കിണ്ണവും കാശിക്കു പോയ കഥ', പു. 388, 'ഈറ്റുപാമ്പിന്റെ കഥ', പു. 393, 'ഏഴൂഴി വാഴുന്നവരുടെ എഴുന്നെള്ളത്തു കഥ ', പു. 414, എന്നിങ്ങനെ ധാരാളം കവിതകൾ ഈ വിഭാഗത്തിലുണ്ട്.

254. 'ആറ്റുംമണമ്മേൽ ഉണ്ണിയാർച്ച കൂത്തു കാണ്മാൻ പോയ കഥ', *24 വടക്കൻ പാട്ടുകൾ*, പു. 86

255. 'മുന്നെ-പിന്നെ', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ, ആറ്റൂർ രവിവർമ്മയുടെ കവിതകൾ, രണ്ടാം ഭാഗം*, പു. 117

256. ഡി. വിനയചന്ദ്രൻ, 'ചിറ്റുമല', *ദിശാസൂചി.* പു. 19.

257. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ*, പു. 76.

258. *പുത്തരിയങ്കം*, പു. 57.

259. അയ്യപ്പപ്പണിക്കർ, 'ഡി. എൻ. എ. പാട്ട്', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം*, പു. 190

260. *കേരളഭാഷാഗാനങ്ങൾ, വാല്യം രണ്ട്*, പു. 173.

261. 'മരണത്തിൽ ജീവിതത്തിൽ', *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 153

262. *മലയാളത്തിലെ പഴയപാട്ടുകൾ*, പു. 161.

263. എം. ഗോവിന്ദൻ, *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 147

264. *മലയാളത്തിലെ പഴയ പാട്ടുകൾ*, പു. 222.

265. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം*, പു. 138

266. 'നീലിയമ്മത്തോറ്റം',*കേരളഭാഷാഗാനങ്ങൾ വാല്യം ഒന്ന്*, പു. 30.

267. ടി, പു. 33.

268. ഡി. വിനയചന്ദ്രൻ, 'ചിറ്റുമല', *ദിശാസൂചി*, പു. 18

269. ടി.

'ഡി. വിനയചന്ദ്രന്റെ വംശഗാഥ', വിനയചന്ദ്രന്റെ കവിതകൾ, പു. 101, 'കുന്നിൽ', ടി, പു. 164, 'നനയുക', 'ഈ മഴ നനയുക', *ദിശാസൂചി*, പു. 53, 'സ്വപ്നഗാനം', *വീട്ടിലേക്കുള്ള വഴി*, പു. 109, 'കിഴക്കുപടിഞ്ഞാറ്', *വീട്ടിലേക്കുള്ള വഴി*, പു. 152, എന്നീ കവിതകളിലും നാടോടിസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ഈ താളഘടനയുടെ പല വകഭേദങ്ങൾ ഉപയോഗിക്കുന്നു.

270. *കടമ്മനിട്ടയുടെ കവിതകൾ*, പു. 129.

271. ടി. പു. 129

272. 'അർക്കം', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 58

'ആറ്റൂരിന്റെ പിറവി', ടി, പു. 79, 'മടക്കം', പു. 106 എന്നീ കവിതകളിലും ഇതേ രീതിയിലുള്ള വരികളുണ്ട്.

273. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 315

274. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 89

275. *കൈകൊട്ടിക്കളിപ്പാട്ടുകൾ,* പു. 3.

276. *കക്കാടിന്റെ കൃതികൾ*, പു. 223

277. *കൈകൊട്ടിക്കളിപ്പാട്ടുകൾ,* പു. 55.

278. *കക്കാടിന്റെ കൃതികൾ*, പു. 109

279. ടി. അടിക്കുറിപ്പ്, പു. 113.

280. *കൈകൊട്ടിക്കളിപ്പാട്ടുകൾ*, പു. 72.

281. എം. ഗോവിന്ദൻ, 'മരണത്തിൽ ജീവിതത്തിൽ', *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 152

282. എസ്. മോഹനചന്ദ്രൻ, *നാടൻപാട്ടുകൾ 2* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 1994), പു. 43.

283. *കാവാലം കവിതകൾ*, പു. 130

284. *കേരളഭാഷാഗാനങ്ങൾ വാല്യം രണ്ട്*, പു. 163.

285. *വിനയചന്ദ്രന്റെ കവിതകൾ*, പു. 165

286. ടി.

287. 'ഞാറ്റുപാട്ടുകൾ', *കേരളഭാഷാഗാനങ്ങൾ വാല്യം രണ്ട്,* പു. 150.

288. *കാവാലം കവിതകൾ,* അടിക്കുറിപ്പ്, പു. 74.

289. ടി, പു. 74

290. *മലയാളത്തിലെ പഴയ പാട്ടുകൾ*, പു. 139.

291. *കാവാലം കവിതകൾ*, പു. 57

292. 'പാറപൊളിപ്പാട്ട്', *കേരളഭാഷാഗാനങ്ങൾ വാല്യം ഒന്ന്*, പു. 71

293. 'പൊട്ടൻ', *കലിസന്തരണം*, പു. 50.

294. 'പൊട്ടൻ തെയ്യത്തോറ്റം', *കേരളഭാഷാഗാനങ്ങൾ വാല്യം ഒന്ന്*, പു. 432

295. *കടമ്മനിട്ടയുടെ കവിതകൾ*, പു. 84.

296. *നരകം ഒരു പ്രേമകവിത എഴുതുന്നു*, പു. 94

297. *പടേനി,* പു. 304-305.

298. *വീട്ടിലേക്കുള്ള വഴി*, പു. 128.

299. 'പുറപ്പാട്', *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 26

300. *കടമ്മനിട്ടയുടെ കവിതകൾ,* പു. 151.

301. *പടേനി*, പു. 335.

302. അയ്യപ്പപ്പണിക്കർ, *ചിരിയോ ചിരി, അയ്യപ്പപ്പണിക്കരുടെ കൃതികൾ*, മൂന്നാം ഭാഗം പു. 130.

303. സി. കെ. നമ്പൂതിരി, *ചാത്തിരാങ്കം* (തൃശൂർ: കേരള സാഹിത്യ അക്കാദമി, 1980), പു. 145

304. 'പഞ്ചതന്ത്രം പരമതന്ത്രം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 76.

305. '1963', *കക്കാടിന്റെ കൃതികൾ,* പു. 116.

306. ടി.

307. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം,* പു. 151

308. *കേരളഭാഷാഗാനങ്ങൾ വാല്യം രണ്ട്,* പു. 332.

309. സി. ആർ. രാജഗോപാലൻ, 'വംശിയസംഗീതത്തിന്റെ നൽവരവ്', നാട്ടുസംഗീതം (കോട്ടയം: ഡി. സി. ബുക്സ്, 2004), പു. 39.

310. *സമസ്തകേരളം പി ഒ,* പു. 99.

311. എം. ബി. കുറുപ്പ്, *കളരിമുറ: കടത്തനാടൻ തല്ലും തടയും* (ഗുരുവായൂർ: ശാന്താ ബുക്ക് സ്റ്റാൾ, 2000), പു. 47.

312. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം ഒന്ന്: അകം,* പു. 330

313. ടി. അടിക്കുറിപ്പ്, പു. 330.

314. 'കേശാദിപാദം', *കാവാലം കവിതകൾ,* പു. 49–50.

315. *മലയാളത്തിലെ പഴയ പാട്ടുകൾ,* പു. 143.

316. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 59

317. *കേരളഭാഷാഗാനങ്ങൾ വാല്യം ഒന്ന്,* പു. 66.

318. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ,* പു. 117.

319. *കുഞ്ഞുണ്ണിമാഷും കുട്ട്യോളും,* പു. 253.

320. ടി. പു. 254.

321. *അയ്യപ്പപ്പണിക്കരുടെ കൃതികൾ ഒന്നാം ഭാഗം,* പു. 138.

322. അയ്യപ്പപ്പണിക്കർ, 'വായ്ത്താരിവൃത്തങ്ങൾ', *അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (1950–80),* പു. 113.

323. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 51.

324. *അയ്യപ്പപ്പണിക്കരുടെ കൃതികൾ ഒന്നാം ഭാ.* (1951–1969) പു. 90

325. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 105

326. ടി, പു. 188.

കൂടാതെ 'നീണ്ട കാലുകൾ', ടി. പു. 212 എന്ന കവിതയും ഉദാഹരണം.

327. 'എന്നാങ്ങളേ, പൊന്നാങ്ങളേ!', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 248

328. 'പിന്നേം ചങ്കരൻ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 60

329. 'തേച്ചിട്ടും തിരുമ്മീട്ടും', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 164.

330. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, രണ്ടാം ഭാഗം,* പു. 224, *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 28, ടി, പു. 114.

331. *അയ്യപ്പപ്പണിക്കരുടെ കൃതികൾ, നാലാം ഭാഗം,* പു. 64.

332. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം,* പു. 44

333. ടി.

334. എസ്. മോഹനചന്ദ്രൻ, *കോൽക്കളിപ്പാട്ടുകൾ: ഒരു പഠനം* (ഗ്രന്ഥകർത്താവ് പ്രസിദ്ധീകരിച്ചത്, 1989), പു. 114.

335. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 46

336. ടി. പു. 285.

കൂടാതെ 'അരയാലിന്റെ മുജ്ജന്മം',. ടി. പു. 296, 'കുറുക്കനും പൂച്ചയും', പു. 315, 'അരും പൊരുൾ', പു. 317, 'കണ്ണന്റെ കഥ', പു. 319 എന്നീ കവിതകളിലും ഈ താളഘടന കാണാം.

337. ടി, പു. 289

338. ടി, പു. 408

339. *കാവാലം കവിതകൾ*, അടിക്കുറിപ്പ്, പു. 107.

340. ടി, പു. 107.

341. ടി, പു. 91.

തലക്കെട്ടിലും പദഘടനയിലും നാടോടിസൂചനകളുള്ളതാണ് കാവാലത്തിന്റെ 'കാളിയൂട്ട്', *കലിസന്തരണം*, പു. 39, 'ഒന്നെന്ന പെരുക്കം', ടി, പു. 147, 'ഉത്സവക്കളി', *കലിസന്തരണം*, പു. 29, 'കുമ്മാട്ടിക്കഥയിലെ മുത്തശ്ശി', *കാവാലം കവിതകൾ*, പു. 125, 'ചൂട്ടുപടേണി', ടി, പു. 45, 'ഉണർത്തുപാട്ട്', പു. 60, 'ചുണ്ടെലിത്തെയ്യം', പു. 159, 'ആദിത്തോറ്റം', പു. 208, 'തെയ്യത്തെയ്യം', പു. 226, എന്നിങ്ങനെ നിരവധി കവിതകൾ. എന്നാൽ താളരീതിയിൽ അവ സ്വതന്ത്രരീതി കൈക്കൊള്ളുന്നു.

342. *കക്കാടിന്റെ കൃതികൾ*, പു. 228

343. ടി, പു. 245

344. ടി.

345. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 61

346. *വിനയചന്ദ്രന്റെ കവിതകൾ*, പു. 78.

347. 'പാക്കനാർപാട്ട്', *നാടൻപാട്ടുകൾ*, സമ്പാ. വെട്ടിയാർ പ്രേംനാഥ്, പു. 67.

348. *വിനയചന്ദ്രന്റെ കവിതകൾ*, പു. 206.

349. ടി.

350. ടി, പു. 91

351. ടി, പു. 92.

352. ടി, പു. 187

353. *വീട്ടിലേക്കുള്ള വഴി*, പു. 41.

ഡി. വിനയചന്ദ്രന്റെ 'കോടാങ്കി', *സമസ്തകേരളം പി ഒ,* പു. 25, 'മാർബിൾക്കുരിശുകൾ', *സൗമ്യകാശി*, പു. 61, എന്നിവയും നാടോടിമട്ടിലുള്ള സ്വതന്ത്രകവിതകളാണ്.

354. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം മൂന്ന്: പുറം,* പു. 31

355. ടി, പു. 31-32.

സച്ചിദാനന്ദന്റെ 'ലാടൻ', ടി, പു. 36, 'നാവുമരം', പുറം പു. 198, 'മണ്ണില്ലാത്തവരുടെ പാട്ട്', *മറന്നുവെച്ച വസ്തുക്കൾ*, പു. 109 എന്നിവ നാടോടിമട്ടിലുള്ള സ്വതന്ത്രകവിതകളാണ്.

356. *കേരളഭാഷാഗാനങ്ങൾ വാല്യം രണ്ട്*, പു. 160.

357. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ,* പു. 31.

'തൃത്തല്ലൂരുണ്ടായിരുന്നു...', ടി, പു. 39, 'പാണത്തൂരുണ്ടായിരുന്നു...', പു. 63 എന്നു തുടങ്ങുന്ന കവിതകളിലും ഈ താളരീതിതന്നെ കാണാം.

358. ടി, പു.86.

359. ടി, പു. 36.

360. 'വായ്ത്താരിവൃത്തങ്ങൾ', *അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ, 1950-80*, പു. 115..

361. *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 192.

362. പ്രസന്നരാജൻ, 'പാക്കനാരുടെ ചിരി', *കേരളകവിതയിലെ കലിയും ചിരിയും*, പു. 35.

363. 'മനോധർമ്മം', *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 240

364. 'ഒരു പകലുമൊരിരവും പാക്കനാരും', ടി. പു. 243.

365. *കക്കാടിന്റെ കൃതികൾ*, പു. 104

366. ടി, പു. 434.

367. *കലിസന്തരണം*, പു. 33

368. 'സ്റ്റുഡിയോ', *വിനയചന്ദ്രന്റെ കവിതകൾ*, പു. 113.

369. പി. പി. രവീന്ദ്രൻ, 'ഇടമില്ലായ്മയിലൊരിടം: വിനയചന്ദ്രന്റെ കവിത', *ഇടപെടലുകൾ*, പു. 59.

370. *സമസ്തകേരളം പി ഒ*, അടിക്കുറിപ്പ്, പു. 101.

371. ടി, പു. 98

372. ടി. പു. 121.

373. *കാവാലം കവിതകൾ,* പു. 61

374. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 120.

375. *സച്ചിദാനന്ദന്റെ കവിതകൾ, വാല്യം രണ്ട്: മൊഴി,* പു. 125.

376. 'ചൊൽക്കെട്ടുകൾ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ, മൂന്നാം ഭാഗം,* പു. 135

377. ടി.

378. 'ചൊൽക്കഥകൾ', *എം. ഗോവിന്ദന്റെ കവിതകൾ ഒന്നാം ഭാഗം*, പു. 357.

379. 'പുതുപഴഞ്ചൊല്ലുകൾ', ടി, പു. 364.

380. ടി, പു. 239.

381. ഐ. ഇസ്താക്ക്, 'കുറിപ്പുകൾ', ടി. പു. 271.

382. ടി. പു. 229.

383. *എം. ഗോവിന്ദന്റെ കവിതകൾ, രണ്ടാം ഭാഗം,* പു. 143

384. 'പതിരും നെല്ലും', *കലിസന്തരണം*, പു. 34

385. *ആറ്റൂർ രവിവർമ്മയുടെ കവിതകൾ(1957-94),* പു. 94

386. *കടമ്മനിട്ടയുടെ കവിതകൾ*, പു. 206.

387. *കുഞ്ഞുണ്ണിക്കവിതകൾ, കഥകൾ*, പു. 27.

388. ടി, പു. 27.

389. ടി.

390. ടി, പു. 37.

391. ടി, പു. 29.

392. ടി, പു. 46.

393. ടി, പു. 66.

394. ടി, പു. 94.